Chief Minister (**Shri. R. Sankar**) : Sir, as this is being referred to the Select Committee I do not want to say anything more. I may just suggest that the Select Committee will report back on or before the 5th of March 1964. I request that the motion for reference to the Select Committee be adopted.

Mr. Speaker: The question is that the Agricultural Income Tax (Amendment) Bill, 1963 be recommitted to the Select Committee consisting of the members of the old Select Committee viz.

Shri N. Kunjuraman
,, K. M. George
,, M. Gopalankutty Nair
,, T. O. Bava
,, E. P. Gopalan
,, R. Krishnan
,, K. Avukkadarkutty Naha
,, K. Balakrishna Menon and mover.

The mover will be the chairman and the Select Committee wil report on or before the 5th of March 1964.

The motion was put and carried and the Bill was recommitted to the Select Committee.

The Calicut City Municipal Amendment Bill, 1963

Minister for Public Works (**Shri P. P. Ummarkoya**) : Sir, on behalf of the Minister for Industries & Local Administration I may be permitted to move that the Calicut City Municipal (Amendment) Bil, 1963, as reported by the Select Committee be taken into consideration.

Mr. Speaker : Yes.

Shri P. P. Ummarkoya: Sir, I move that the Calicut City Municipal (Amendment) Bill, 1963, as reported by the Select Committee be taken into consideration.

Minister for Tansport and Labour (**Shri K. T. Achuthan**) Sir, econd it.

ശ്രീ. പി. പി. ഉമ്മർകോയ: സർ, ഈ കാലിക്കട്ട് സിറ്റിമുനിസിപ്പൽ ആക്റ്റ് സംസ്ഥാനത്തിലെ എല്ലാകോർപറേഷനുകൾക്കും ബാധകമാക്കുന്നതിനുള്ള വ്യവസ്ഥകളും അടങ്ങിയിട്ടുള്ളതാണ്. അതെ അവസരത്തിൽ നിലവിലുള്ള കാലിക്കട്ട് സിറ്റിമുനിസിപ്പൽ നിയമത്തിൽതന്നെ അത്യാവശ്യമായ ചില ഭേദഗതികളും വരുത്തുന്നതിനുള്ള ശ്രമവും നടത്തിയിട്ടുണ്ട്. സെലക്റ്റ് കമ്മിറ്റി ഈ ബിൽ സമഗ്രമായി പരിശോധിക്കുകയും, ആവശ്യമായിട്ടുള്ള പല ഭേദഗതികളും നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. സെലക്റ്റ്കമ്മിറ്റി നിർദേശിച്ച തരത്തിലുള്ളബിൽ ഇപ്പോൾ സഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഇതെസംബന്ധിച്ചുള്ള ചർച്ചയിൽ ആവശ്യമായ വിശദീകരണങ്ങളും നൽകുവാൻ ശ്രമിക്കുന്നതാണ്. അതുകൊണ്ട് ഇതിപ്പോൾ ചർച്ചയ്ക്ക് എടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Shri E. P. Gopalan : Sir, I move that the Calicut City Muni ci pal (Amendment) Bill, 1963 be recommitted to the Select Committee.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. രാഘവൻനായർ : സർ, ഞാൻ ഈ മോഷനെ പിൻതാങ്ങുകയാണു്. ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കാനുള്ള കാരണം, ഈ ബില്ലിന്റെ ഉദ്ദേശകാരണവിവരണത്തിൽതന്നെ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കു വിരുദ്ധമായിട്ടാണു ഈ ബിൽ നിൽക്കുന്നതു് എന്നതുകൊണ്ടാണു്. ഉദ്ദേശകാരണം പ്രതിപാദിക്കുന്നിടത്തു കൂടുതൽ പുരോഗമനപരമായ ഒരു നിയമനിർമ്മാണമാണു് കാലിക്കട്ടു് സിറ്റി മുനിസിപ്പൽ ആക്ടു്എന്നുപറയുന്നുണ്ടു്. അങ്ങനെ പുരോഗമനപരമായ ആ ആക്ടു് തിരുവനന്തപുരം കാർപറേഷനിലേക്കുകൂടി ബാധകമാക്കുകയും, അതോടൊപ്പം തന്നെ, ഇനി രൂപീകരിക്കാൻ ഇരിക്കുന്ന കാർപ്പറേഷനുകളിൽകൂടി ബാധകമാക്കണമെന്നും, അങ്ങനെ മുമ്പത്തേക്കാളും കൂടുതൽ പുരോഗമനപരമായി പ്രവർത്തിക്കുന്ന ഒരു പരിതഃസ്ഥിതി കാർപ്പറേഷനുകളിൽ ഉണ്ടാക്കണമെന്നുമായിരുന്നു, ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഉദ്ദേശിച്ചിരുന്നതു്. ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വകുപ്പുകൾ എടുത്തു പരിശോധിക്കുന്നപക്ഷം, ആ ഉദ്ദേശം ലക്ഷ്യങ്ങൾക്കു് തികച്ചും വിരുദ്ധമായിട്ടുള്ളവയാണെന്നു കാണാൻകഴിയും. തിരുവനന്തപുരം കാർപ്പറേഷൻ ഏതാണ്ടു് 25 കൊല്ലങ്ങൾക്കുമുമ്പു് ദിവാൻ ഭരണകാലത്തു് ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാർപ്പറേഷനാണു്. ആ കാർപ്പറേഷനു് അന്നത്തെ സാഹചര്യത്തിൽ വളരെ ചുരുങ്ങിയ വരുമാനമേ ഉണ്ടാക്കാൻ സാധിച്ചിരുന്നുള്ളു എന്നുള്ളതു് ശരിയാണു്. ഇപ്പോഴതന്നെയും ഏതാണ്ടു് 50 ലക്ഷത്തോളം രൂപാമാത്രമെ ആ കാർപ്പറേഷന്റെ വരുമാനമായി കാണുന്നുള്ളു. അതേസമയം, തിരുവനന്തപുരം കാർപ്പറേഷനേക്കാളും വളരെ ജനസംഖ്യ കുറഞ്ഞ കോഴിക്കോടു കാർപ്പറേഷനിൽ വരുമാനം കൂടുതലാണു്. തിരുവനന്തപുരം കാർപ്പറേഷനിലെ ജനസംഖ്യ മൂന്നേകാൽ ലക്ഷമാണെങ്കിൽ കോഴിക്കോടു കാർപ്പറേഷനിൽ ഒരുലക്ഷത്തി അറുപതിനായിരംമാത്രമാണു്. രണ്ടിന്റെയും ഏറിയ ഏതാണ്ടു് തുല്യമാണു്. എന്നാൽ തിരുവനന്തപുരത്തിന്റെ പകുതിമാത്രം ജനസംഖ്യയുള്ള കോഴിക്കോടു കാർപ്പറേഷനു് 85 ലക്ഷം രൂപാ വരുമാനം ലഭിക്കുന്നുണ്ടു്. അപ്പോൾ കോഴിക്കോടു് കാർപ്പറേഷൻ ആക്കിലുള്ള വ്യവസ്ഥകളും തിരുവനന്തപുരം കാർപ്പറേഷനിൽകൂടി നടപ്പിലാക്കുകയാണെങ്കിൽ ഇവിടത്തേയും വരുമാനം വർദ്ധിപ്പിക്കാൻകഴിയുമെന്നുള്ളതു് എല്ലാവർക്കും ബോദ്ധ്യമായിട്ടുള്ള കാര്യമാണു്. അതുകൊണ്ടു് ഈ ബില്ലിൽ തിരുവനന്തപുരം കാർപ്പറേഷനിലേക്കും ബാധകമാക്കേണ്ടതു് ആവശ്യമാണു്. എന്നാൽ രണ്ടു കൊല്ലംമുമ്പു കോഴിക്കോടു കാർപ്പറേഷൻ ബിൽ പാസാക്കിയപ്പോൾ അതിൽ ഉൾക്കൊള്ളിച്ചിരുന്ന വിപുലമായ അധികാരങ്ങളും വെട്ടിക്കുറച്ചുകൊണ്ടാണു് ഇപ്പോൾ ഈബിൽ കൊണ്ടുവന്നിട്ടുള്ളതു്. ഒരു ജനാധിപത്യയുഗത്തിൽ നാമെല്ലാവരും ജനാധിപത്യവ്യവസ്ഥയ്ക്കുവേണ്ടി വളരെ അധികം സംസാരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിതു്. ജനപ്രതിനിധികൾക്കു് കൂടുതൽ അധികാരങ്ങൾ കിട്ടണമെന്നും കൊടുക്കണമെന്നും വാദിക്കുന്നുണ്ടു്. അങ്ങനെ വാദിക്കുന്ന ഈ കാലഘട്ടത്തിൽ, ആയിരത്തിതെള്ളായിരത്തി അറുപത്തിനാലിൽ പാസാക്കാൻപോകുന്ന ഈനിയമത്തിൽമുമ്പുകൊടുത്തിട്ടുള്ളഅധികാരങ്ങൾ തന്നെയും മടക്കിയെടുക്കുന്ന വ്യവസ്ഥകളോടുകൂടിയാണു് ഈ ബിൽ സെലക്കുകമ്മിറ്റിയിൽനിന്നും വന്നിട്ടുള്ളതു്. അതുകൊണ്ടാണു് ഞങ്ങൾ മൂന്നുപേർ ഭിന്നാഭിപ്രായക്കുറിപ്പു് സെലക്ക കമ്മിറ്റിറിപ്പോർട്ടിൽ ചേർത്തിട്ടുള്ളതു്. ഈ ബിൽ പൊതുജനാഭിപ്രായത്തിനു വിടണമെന്നു് ആദ്യമേതന്നെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. പക്ഷേ ആ അഭിപ്രായം സ്വീകരിച്ചില്ല. എങ്കിൽക്കൂടി മറ്റുള്ള സ്ഥലങ്ങളിൽ സഞ്ചരിച്ചു് അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിനുപകരം അതു കൂടുതൽ പണച്ചെലവുള്ള കാര്യമായിരിക്കുമെന്നു മനസ്സിലാക്കി അത്തരം ബാദ്ധ്യതകളിൽനിന്നു് ഒഴിഞ്ഞുമാറി തിരുവനന്തപുരത്തേയും കോഴിക്കോട്ടേയും കാർപ്പറേഷൻ മേയർമാരെ സെലക്കു് കമ്മിറ്റി ക്ഷണിച്ചുവരുത്തി നിവേദനം സ്വീകരിക്കുകയാണു പ്രവൃത്തിട്ടുള്ളതു്. അവരെ വിളിച്ചുവരുത്തി അവർക്കുള്ള അഭിപ്രായങ്ങളും മനസ്സിലാക്കിയെങ്കിലും വാസ്തവത്തിൽ ആ അഭിപ്രായങ്ങളെ മാനിക്കാത്ത നിലയിലാണു് ഭേദഗതികളും അംഗീകരിച്ചിട്ടുള്ളതു്. ആ മേയർന്മാർ സെലക്കു് കമ്മിറ്റിയുടെ മുമ്പിൽ ആവശ്യപ്പെട്ടതു് കാലിക്കട്ടു് സിറ്റി മുനിസിപ്പൽ ബില്ലിലെ പ്രധാന വകുപ്പുകളും ഇതിൽ നിലനിറുത്തണമെന്നാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

യിരുന്നു. കാർപ്പറേഷനുകളെ പരിശോധിക്കാൻവേണ്ടി ഒരു പ്രത്യേക ഇൻസ്പെക്ഷൻ സ്റ്റാഫ് ഉണ്ടാക്കുന്നതിനെസംബന്ധിച്ചിടത്തോളം കാലിക്കട്ട് സിറ്റി മുനിസിപ്പൽ ആക്ടിൽ 41-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ളതിൽ കൂടുതലായി ഇൻസ്പെക്ഷൻ സ്റ്റാഫ് ഉണ്ടാക്കേണ്ടതില്ലെന്നാണ് അവർ അഭിപ്രായപ്പെട്ടത്. അതുപോലെതന്നെ കാർപ്പറേഷനുകളെ ഡിസോൾവുചെയ്യാനും സൂപ്പർസീഡു ചെയ്യാനും ഉള്ള വകുപ്പുകളും ഈ ഭേദഗതി ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു ശരിയല്ലെന്നും അതൊഴിവാക്കുകയാണമെന്നും അവർ സെലക്ട് കമ്മിറ്റിമുമ്പാകെ ആവശ്യപ്പെട്ടിരുന്നു. കൂടാതെ, ഉദ്യോഗനിയമനങ്ങളെസംബന്ധിച്ചിടത്തോളം ഈ സ്ഥാപനങ്ങൾക്കു പരിപൂർണ്ണമായ നിയമനാധികാരം ഉണ്ടായിരിക്കണമെന്നും അതിൽ ഗവണ്മെന്റ് കൈകടത്തരുതെന്നും അവർ സെലക്ട് കമ്മിറ്റിയോട് അഭ്യർത്ഥിച്ചിരുന്നു. ഈരണ്ടു മേയർമാരുടേയും അഭിപ്രായങ്ങളും അവരുടെ വ്യക്തിപരമായ അഭിപ്രായങ്ങളായിരുന്നില്ല. ഈ കാര്യങ്ങളെസംബന്ധിച്ചിടത്തോളം അവർ അതായതു കാർപ്പറേഷനിൽ ചർച്ചചെയ്ത് അംഗീകരിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് സെലക്ട് കമ്മിറ്റിമുമ്പാകെ അഭിപ്രായങ്ങളും സമർപ്പിച്ചിട്ടുള്ളതു്. അങ്ങനെ അവർ സെലക്ട് കമ്മിറ്റി മുമ്പാകെ നടത്തിയിട്ടുള്ള അഭ്യർത്ഥനകളെപ്പോലും അവഗണിച്ച് ഈ കാര്യങ്ങളിലെല്ലാം തന്നെ ഗവണ്മെന്റ് പരമാധികാരം ഏറ്റെടുക്കുന്ന തരത്തിലുള്ള റിപ്പോർട്ടാണ് സെലക്ട് കമ്മിറ്റി ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അതുകൊണ്ടാണ് ഈ റിപ്പോർട്ടു വീണ്ടും സെലക്ട് കമ്മിറ്റിക്കു് അയയ്ക്കണമെന്നു് അഭ്യർത്ഥിക്കുന്നതു്. ഈ കോഴിക്കോട്ട കാർപ്പറേഷൻ കേരളത്തിലെ രണ്ടാമത്തെ കാർപ്പറേഷനാണു്. 25 കൊല്ലങ്ങൾക്കു മുമ്പു തിരുവിതാംകൂറിൽ ദിവാൻഭരണം നിലവിലിരുന്ന കാലത്തു രൂപീകരിച്ച കാർപ്പറേഷന്റെ അധികാരങ്ങളും പരിമിതമായിരുന്നതു കൊണ്ടു് ആ നിയമം കോഴിക്കോട്ട കാർപ്പറേഷനു ബാധകമാക്കിയാൽപ്പോരെന്നു് ഈ ഗവണ്മെന്റിനുതന്നെ ബോദ്ധ്യംവന്നതിന്റെ ഫലമായി ഗവണ്മെന്റു് ഇൻഡ്യൻ യൂണിയനിലുള്ള മറ്റു 21 കാർപ്പറേഷനുകളുടേയും നിയമാവലികളും പരിശോധിച്ചശേഷം ഉണ്ടാക്കിയ കാർപ്പറേഷൻ ആക്ടാണു കോഴിക്കോട്ട കാർപ്പറേഷൻ ആക്ടു് അങ്ങനെ മറ്റു കാർപ്പറേഷനുകളിലെയെല്ലാം നിയമാവലികളും പരിശോധിച്ചു് അതിലുള്ള പുരോഗമനപരമായ ഭാഗങ്ങളും ഉൾക്കൊള്ളിച്ചായിരുന്നു, ഈ നിയമം ഈ സഭ പാസാക്കിയതു്. എന്നാൽ, രണ്ടു കൊല്ലത്തിനുശേഷം, അതിലുള്ള അധികാരങ്ങളും കുറെ കൂടുതലാണെന്നു് കണ്ടുപിടിക്കപ്പെട്ടിരിക്കുകയാണു്. കോഴിക്കോട്ട കാർപ്പറേഷൻ ഗവണ്മെന്റിനെ അവഗണിക്കത്തക്ക വല്ല പ്രവൃത്തികളും ചെയ്തിട്ടുണ്ടോയെന്നാണു് എനിക്കു ചോദിക്കുവാനുള്ളതു്. ആ നിയമത്തിൽ പറഞ്ഞിരുന്ന അധികാരങ്ങളും ഉപയോഗിച്ചു എന്നുള്ളതിൽ കവിഞ്ഞു് എന്തെങ്കിലും അധികാരം അവർ ഉപയോഗപ്പെടുത്തിയതായി ഗവണ്മെന്റിനു് അറിവുണ്ടോ? അങ്ങനെ ഉണ്ടായിട്ടില്ല. നിയമത്തിൽ നിക്ഷിപ്തമായിട്ടുള്ള കാര്യങ്ങളും ചെയ്യുകമാത്രമെ അവർ ചെയ്തിട്ടുള്ളൂ. ആ നിയമം പരിശോധിക്കുമ്പോൾ കാർപ്പറേഷനു കൊടുത്തിരിക്കുന്ന അധികാരങ്ങളും ഇനിയും വിപുലീകരിക്കത്തക്ക നടപടി ക്രമങ്ങളും അംഗീകരിക്കുകയായിരുന്നു വേണ്ടതെന്നു പറയേണ്ടിയിരിക്കുന്നു. അത്തരത്തിൽ കൂടുതൽ അധികാരങ്ങളും നൽകാത്തതിന്റെ ഫലമായി പല കാര്യങ്ങളും നടപ്പിൽവരുത്താൻ കഴിയാതെ കാർപ്പറേഷൻ വിഷമിക്കുന്നതായി കാണാൻ കഴിയും. ഒന്നുരണ്ടുദാഹരണങ്ങളും ഞാൻ പറയാം. മുനിസിപ്പാലിറ്റികളിലും കാർപ്പറേഷനുകളിലുമെല്ലാംതന്നെ, ആളുകളും താമസിക്കുന്ന വീടുകളിലെല്ലാം കക്കൂസുകളും സ്ഥാപിക്കണമെന്നു് വ്യവസ്ഥയുണ്ടു്. ഭൂരിപക്ഷവും ഇന്നു് വീടു വച്ചു് താമസിക്കുന്ന സ്ഥലങ്ങളും മിക്കവാറും കാരായ്മ വ്യവസ്ഥയിൽ വാങ്ങിയിട്ടുള്ളതാണു്. മിക്കതും ഒന്നോരണ്ടോ സെന്റു് ഭൂമിമാത്രമായിരിക്കും വാങ്ങിയിട്ടുള്ളതു്. വീടു വച്ചശേഷം, മറ്റു സ്ഥലമില്ലാത്തവർ കക്കൂസുകെട്ടണമെന്നുപറഞ്ഞാൽ അവർ എവിടെ കെട്ടും?. ഇതിന്റെ ഫലമായി പല വീട്ടുകാർക്കും കക്കൂസുകെട്ടാൻ സാദ്ധ്യമല്ലാതെവന്നിട്ടുണ്ടു്. പറമ്പുടമസ്ഥന്റെ അനുവാദമുണ്ടെങ്കിലെ കക്കൂസുകെട്ടാൻ സാധിക്കുകയുള്ളൂ. പറമ്പുടമസ്ഥൻ വീടിരിക്കുന്ന സ്ഥലത്തിനപ്പുറം ഒരിഞ്ചു സ്ഥലംപോലും കൊടുക്കാത്തതുകൊണ്ടു് കക്കൂസുകെട്ടാൻ കഴിയാതെവ

LIBRARY ARCHIVES Kerala Legislative Assembly

രുന്നുണ്ട്. ഇങ്ങനെ ശുചീകരണ നടപടികളും പാലിക്കാൻകഴിയാതെ കാർപ്പറേഷൻ വിഷമിക്കുന്നുണ്ട്. അപ്പോഴും വീടും അതിനോടനുബന്ധിച്ച് ഇത്തരം കാര്യങ്ങൾക്കുള്ള സ്ഥലവും കിട്ടത്തക്ക മാർഗങ്ങളും കാർപ്പറേഷൻ നിയമത്തിൽ ഉണ്ടായെങ്കിൽമാത്രമെ വീട്ടിനടുത്തു കക്കൂസുകളും ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ആലോചിച്ചിട്ടില്ല. മറെറാരുകാര്യംകൂടി പറയാൻ ഞാൻ ഉദ്ദേശിക്കുന്നു. കോഴിക്കോട് മുനിസിപ്പാലിറ്റി രൂപീകരിച്ചിട്ട് ഏതാണ്ട് 97 കൊല്ലത്തോളമായി എന്നാണറിയുന്നത്. അന്നു കൗൺസിലറന്മാർക്കു പകരമായി ഏഴു കമ്മിഷണറന്മാരെ ഗവണ്മെൻറു നോമിനേറു ചെയ്യുന്ന വ്യവസ്ഥയായിരുന്നു ഉണ്ടായിരുന്നതു്. അതോടൊപ്പം മുനിസിപ്പൽ ചെയർമാനും; ഇവർക്കു പുറമെ ഏഴു പോലീസുകാരേയും മുനിസിപ്പാലിറ്റിയിൽ നിയമിച്ചിട്ടുണ്ടായിരുന്നു. അപ്പോഴും കോഴിക്കോട് മുനിസിപ്പാലിറ്റി രൂപീകരിച്ചകാലത്തുതന്നെ പോലീസധികാരം ആ മുനിസിപ്പാലിറ്റിക്കു കൊടുത്തിട്ടുണ്ടായിരുന്നുവെന്നുകാണാം. ഇന്നത്തെ മുനിസിപ്പാലിറ്റികളുടേയും മറും വ്യാപ്തി വർദ്ധിച്ചിട്ടുണ്ട്, ജനസംഖ്യ വർദ്ധിച്ചിട്ടുണ്ട്, വ്യാപാരം വർദ്ധിച്ചിട്ടുണ്ട്, സമ്പത്തു വർദ്ധിച്ചിട്ടുണ്ട്, അതു പോലെതന്നെ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളും പട്ടണങ്ങളിൽ വർദ്ധിച്ചിട്ടുണ്ട്. എന്നിട്ടും പോലീസിനെ നിയമിക്കുന്നതിനുള്ള സാദ്ധ്യത കാർപ്പറേഷനു് ഇല്ലാതെവന്നിരിക്കുകയാണു്. കാർപ്പറേഷൻ പോലീസിനു് ആവശ്യപ്പെടുകയാണെങ്കിൽ അയച്ചുകൊടുക്കുന്നതിനു് ഇന്നത്തെ നിയമത്തിൽ വ്യവസ്ഥയുണ്ടു്. പോലീസിനെ അയച്ചുകൊടുക്കാൻ ഡി. എസ്. പി. യോടു ആവശ്യപ്പെടുകയാണെങ്കിൽ അയച്ചുകൊടുക്കുന്ന ഒരോ കാൺസ്റ്റബിളിനും ദിവസം 3 രൂപാവീതം ബാറാ കൊടുക്കണം. തന്നെയുമല്ല പോലീസിനെ വിളിച്ചാൽ സമയത്തിനു കിട്ടാത്ത സാഹചര്യങ്ങളും ഉണ്ടാകുന്നുണ്ടു്. കോഴിക്കോട് മുതലായ സ്ഥലങ്ങളിൽ പോലീസിൻെറ സഹായം മുനിസിപ്പാലിറ്റികൾക്കു് വേണ്ടിവരും. ഉദാഹരണമായി എൻക്രോച്ചുമെൻറുകളും തടയുന്നതിനും, മലമൂത്രവിസർജനം മൂലം പട്ടണങ്ങളും വൃത്തിഹീനമാക്കുന്നതിനെ തടയുന്നതിനും കാർപ്പറേഷൻെറ സ്വത്തുക്കളും നശിപ്പിക്കുന്നതിനെ—വാട്ടർ ടാപ്പ് തുടങ്ങിയവ—തടയാനും പോലീസ് ആവശ്യമാണു്.

ന്യൂയിസൻസ് ആക്ടിനെ സംബന്ധിച്ചിടത്തോളം അതു നടപ്പിൽ വരുത്താനായിട്ടു പോലീസിൻെറ സഹായം ആവശ്യമാണു്. അപ്പോഴും ആ തരം കാര്യങ്ങൾക്കുവേണ്ടി ഒരു പോലീസ് സേന മുനിസിപ്പാലിറ്റി യുടെയോ, കാർപ്പറേഷൻേറയോ കീഴിൽ ഉണ്ടായിരിക്കേണ്ടതാണു്. ഒരു രണ്ടോ നാലോ അഞ്ചോ പേരെ അങ്ങനെ കാർപ്പറേഷൻെറകീഴിൽ നിയമിക്കുകയാണെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങൾക്കു ഗവണ്മെൻറിനെ അലോസരപ്പെടുത്താതെ കാര്യങ്ങൾ നിവ്വഹിക്കാവുന്നതാണു്.

ഇന്നുതന്നെ കോഴിക്കോട് കാർപ്പറേഷൻെറ കീഴിലായി ടിമ്പർ ചെക്കുപോസ്റുകളും ഏർപ്പെടുത്തിയിട്ടുണ്ടു്. ടിമ്പർ നികുതി പിരിക്കുന്നതിനുള്ള ചെക്കുപോസ്റുകളും സ്ഥാപിച്ചു് അവിടെ കാവൽക്കാരെ നിത്തിയിരിക്കയാണു്. അങ്ങനെയുള്ള ചെക്കുപോസ്റുകളും സംരക്ഷിക്കാൻ പോലീസ് സേന അത്യാവശ്യമാണു്. ഈ മരംകയറിവരുന്ന വാഹനങ്ങളും ചെക്കുപോസ്റുകളിൽ വെച്ചു പരിശോധിക്കുന്നതിനായിട്ടു് പോലീസിനെ ആവശ്യപ്പെട്ടിട്ടു് പോലീസിനെ കോഴിക്കോട് കാർപ്പറേഷനു വിട്ടുകൊടുക്കാൻ ഗവണ്മെൻറിനു സാധിച്ചിട്ടില്ല എന്നുള്ളതാണു് വസ്തുത. ഒരു ദിവസം എട്ടുമണിക്കൂർവീതം ജോലിചെയ്യുന്നതിനു വേണ്ടി മൂന്നു പോലീസുകാരെവീതമെങ്കിലും ഓരോ ചെക്കുപോസ്റിലേക്കും കൊടുക്കണമെന്നു കാർപ്പറേഷൻ ഗവണ്മെൻറിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്. അതിനുവേണ്ടി നാലോ അഞ്ചോ ദിവസത്തേക്കു മാത്രമേ ആ ചെക്കുപോസ്റുകളിലേക്കു പോലീസുകാരെ കൊടുക്കാൻ സാധിച്ചിട്ടുള്ളൂ. അവിടെ ഏതാണ്ട് ഏഴു ചെക്കുപോസ്റുകളും മാത്രമാണു് ഇതുവരേയുമായി സ്ഥാപിച്ചിട്ടുള്ളതു്. അതുകൊണ്ടു തീർച്ചയായും ഈ കാർപ്പറേഷൻെറ പരിധിക്കുള്ളിൽ ഒരു ചെറിയ പോലീസുസൈന്യത്തെ അനുവദിക്കുകയുണ്ടെന്നുണ്ടെങ്കിൽ തീച്ചയായും അതൊരു അധികപ്പറ്റായിരിക്കുകയില്ല,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ] :

അതു കാപ്പ്റേഷനെ സംബന്ധിച്ചിടത്തോളം ഒരു സഹായമായിരിക്കും എന്നുള്ളതാണു്. ഈ മാതിരിക്കാര്യങ്ങളും പരിഗണിക്കാതെ ഗൗരവമായിട്ടുള്ള കാര്യങ്ങളും അതായതു്, കാപ്പ്റേഷനു കൊടുത്തിട്ടുള്ള അധികാരങ്ങളും വെട്ടിക്കുറയ്ക്കുന്ന വ്യവസ്ഥകളുംമാത്രമേ സെലക്ട്കമ്മിറ്റി പര്യാലോചിച്ചു ഇവിടെ കൊണ്ടുവന്നിട്ടുള്ളു.

കോഴിക്കോട്ടു കാപ്പ്റേഷൻ നിലവിൽ വന്നിട്ടു ഒരു കൊല്ലവും നാലുമാസവുംമാത്രമേ ആയിട്ടുള്ളു. കോഴിക്കോട്ടു കാപ്പ്റേഷൻ, ആക്ടിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി യാതൊന്നും ചെയ്തിട്ടില്ല. എന്നാൽ അതേസമയം ഈ ഗവണ്മെൻറിനു കോഴിക്കോട്ടു കാപ്പ്റേഷനോടുള്ള സമീപനം നേരേമറിച്ചാണു്. ഇതു ഞാൻ പറയുന്നതു കേവലം കോഴിക്കോട്ടു കാപ്പ്റേഷൻറെ കാര്യം മാത്രം വച്ചുകൊണ്ടല്ല. ഈ നിയമം ഇപ്പോൾ തിരുവനന്തപുരത്തേക്കും മറ്റു സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കാൻ പോകുകയാണു്. കോഴിക്കോട്ടു കാപ്പ്റേഷനോടു ഈ ഗവണ്മെൻറു എടുത്തിട്ടുള്ള ഒരു ചിറ്റമ്മനയമല്ല പെറ്റമ്മനയം തന്നെയാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഇതിനുമുമ്പു് ഒരവസരത്തിൽ പറയുകയുണ്ടായി. എന്നാൽ ഒരു ദിവസം കുളിച്ചു കുളത്തിനെ മറക്കരുതെന്നു ചൊല്ലുപോലും വിസ്മരിച്ച രീതിയിലാണു് അദ്ദേഹം കോഴിക്കോട്ടു കാപ്പ്റേഷനോടു അനുവർത്തിച്ചുവരുന്നനയം. കോഴിക്കോട്ടു എത്രയോകാലം അദ്ദേഹം താമസിച്ചിട്ടുപോലും അതൊന്നും ഓർമ്മിക്കുകപോലും ചെയ്യാതെ കോഴിക്കോട്ടു കാപ്പ്റേഷനോടു പക്ഷപാതപരമായ ഒരു സമീപനമാണു് ഈ ഒരു കൊല്ലവും നാലുമാസവുമായിട്ടു മന്ത്രി സ്വീകരിച്ചുവരുന്നതു്.

അതിൻറെ സാമ്പത്തികവിഷമതകളും എന്തെല്ലാംമാണെന്നു ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. കോഴിക്കോട്ടു കാപ്പ്റേഷൻ ആക്ടിൻറെ മൂന്നാം ഷെഡ്യൂളിൻ കാപ്പ്റേഷൻ കൈകാര്യം ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ദീർഘമായ പട്ടികതന്നെ കൊടുത്തിട്ടുണ്ടു്. പൊതുജനാരോഗ്യപ്രവർത്തനങ്ങളും നടത്തുന്നതിലേക്കു് മുപ്പതോളം ഇനങ്ങളും കൈകാര്യം ചെയ്യുന്നതായിട്ടു കൊടുക്കുന്നുണ്ടു്. അതുപോലെ പൊതുമരാമത്തു വർക്കുകൾക്കായി വലിയതുകകളും ചിലവഴിച്ചു കൈകാര്യം ചെയ്യേണ്ടുന്ന ഒട്ടധികം കാര്യങ്ങളും കാപ്പ്റേഷൻ ആക്ടിനകത്തു വ്യവസ്ഥചെയ്തിരിക്കുകയാണു്. അതിനുള്ളപണം എവിടെ ? 85 ലക്ഷം രൂപ വരുമാനമുണ്ടെന്നുള്ളതു ശരിയാണു്. കാപ്പ്റേഷനിൽ ഒരുലക്ഷത്തിഇരുപതിനായിരം രൂപാ പ്രതിമാസം എസ്റ്റാബ്ലിഷ്മെൻറു ചാർജ്സിനുവേണ്ടി ചെലവാകുന്നുണ്ടു്. അപ്പോൾ ഒരുകൊല്ലം ശമ്പള ഇനത്തിനുമാത്രം വേണ്ടിവരുന്നതു് 15 ലക്ഷത്തോളം രൂപയാണു്. കാർപ്പറേഷൻറെ മറ്റാവശ്യങ്ങൾക്കുവേണ്ടി ഗവണ്മെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ളതും ന്യായമായി കിട്ടേണ്ടതുമായ ഗ്രാൻറുകളും ലോണുകളും ഗവണ്മെണ്ടു് കൊടുക്കുന്നില്ല. ഏതുയോ തവണ ഗവണ്മെൻറിനോടു ചോദിച്ചിട്ടുണ്ടു്, കൊടുത്തിട്ടില്ല. മുമ്പായിരുന്ന എങ്കിൽ, അതായതു്, ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്തായിരുന്ന എങ്കിൽ ഇൻഡ്യയിലുള്ള കാർപ്പറേഷനുകൾക്കു എല്ലാംതന്നെ മൊത്തത്തിൽ ഒരു തുക കേന്ദ്രഗവണ്മെൻറു അനുവദിച്ചിരുന്നു. കേന്ദ്രഗവണ്മെൻറു 12 കോടി രൂപ കാർപ്പറേഷനുകൾക്കെല്ലാംകൂടി ആകെ മൊത്തത്തിൽ അനുവദിച്ചിരുന്നു, അന്നു ഇൻഡ്യയിലാകെ 14 കാർപ്പറേഷനുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അക്കാലത്തു് തിരുവനന്തപുരം കാപ്പറേഷനു ഏതാനും കുറച്ചാനുകൂല്യങ്ങൾ കിട്ടിയിരിക്കാം. ഇന്നാണെങ്കിൽ ഇൻഡ്യയിലാകെ 22 കാപ്പ്റേഷനുണ്ടു്. ഈ 12 കോടി രൂപ മൊത്തമായിട്ടുള്ളതു ഓരോ പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടി വികസനപ്രവർത്തനങ്ങൾക്കുവേണ്ടി, ഉദാഹരണത്തിനു മാസ്റ്റർപ്ലാൻ, റിജിയണൽപ്ലാൻ വാട്ടർസപ്ലൈ, ലൈറ്റിംഗ് തുടങ്ങിയുള്ള അർബൻ സിറ്റി ഇംപ്രൂവ്മെൻറു് ഇവയ്ക്കുവേണ്ടി കൊടുക്കുകയാണു്. ഇതിൽ എല്ലാം കോഴിക്കോട്ടു കാപ്പ്റേഷനെ സംബന്ധിച്ചിടത്തോളം കൊടുക്കാനുള്ള ഗ്രാൻറു് പിടിച്ചു നിറുത്തിയിരിക്കുകയാണു്. ഏതാണ്ടു് രണ്ടുലക്ഷം രൂപായുടെ ഗ്രാൻറു് കോഴിക്കോട്ടുകാർപ്പറേഷനു കൊടുക്കാതെ മാറ്റിനിറുത്തിയിരിക്കുകയാണു് സ്റ്റാമ്പു് ഡ്യൂട്ടി എന്നുള്ള ഇനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

57750രൂപാ കാർപ്പറേഷനു ചെല്ലേണ്ടതായിട്ടുണ്ടു്. കോഴിക്കോട്ടു കാർപ്പറേഷനു ടോം കാമ്പൻസേഷൻ വകയായി ഗവണ്മെൻറിൽ നിന്നും നഷ്ടപരിഹാരമായി 30115 രൂപാ കൊടുക്കാനുള്ളതു് കൊടുത്തിട്ടില്ല. കമ്മ്യൂണിക്കേഷൻ ഗ്രാൻറു 47000 രൂപ കൊടുത്തിട്ടില്ല. റോഡ്ടാറിംഗു, സർഫസിംഗിനു 14257 രൂപാ കാർപ്പറേഷനു കൊടുക്കേണ്ടതു കൊടുത്തിട്ടില്ല. ബെഗ്ഗർ ഹോമിൽ—ഒരാളിനു പത്തു രൂപാ എന്ന നിരക്കിൽ 4743 രൂപയുടെ കൊടുത്തിട്ടില്ല. ഫസ്റ്റു് അഡ്മിനിസ്ട്രേഷൻ കേസുകൾക്കു പിഴകൊടുക്കുന്നതു കാർപ്പറേഷനിലേക്കു കിട്ടേണ്ടതായ 2273 രൂപ ഇതുവരെ കൊടുത്തിട്ടില്ല. ജനറൽ പർപ്പസിനുവേണ്ടിയുള്ള 34000 ത്തോളം രൂപാ; ആൻറിഫൈലേറിയ മെറേർനിറി, ഐ. ഡി. ഹോസ്പിറ്റൽ ഇനത്തിൽ കൊടുക്കേണ്ടുന്ന 40,000 രൂപായും കൊടുത്തിട്ടില്ല. ഇങ്ങിനെ മൊത്തം കൊടുക്കേണ്ടിയിരിക്കുന്ന തുകപോലും കൊടുക്കാതെയിരിക്കുകയാണു്. അതിലേക്കു കത്തുകൾ അയച്ചിട്ടുണ്ടെങ്കിൽപോലും അതിനു നടപടിയെടുക്കാതെ വച്ചുകൊണ്ടിരിക്കുകയാണു്.

കാർപ്പറേഷനു കൊടുക്കേണ്ടതായ തുകതന്നെ എത്രയും ചുരുങ്ങിയ തോതിലാണു് കണക്കാക്കിവരുന്നതു്. മോട്ടോർ വെഹിക്കൾസ് ടാക്സിനത്തിൽ കാർപ്പറേഷനു കിട്ടിക്കൊണ്ടിരിക്കുന്നതു് കേവലം 4015 രൂപ മാത്രമാണു്. ഇതു 1931-ൽ കൊടുത്തുകൊണ്ടിരുന്ന ടാക്സാണു്. 1931-നു ശേഷം കോഴിക്കോട്ടു മോട്ടോർവാഹനങ്ങളുടെ സംഖ്യ എത്രമാത്രം വർദ്ധിച്ചിട്ടുണ്ടു്? 1931-ൽ ഇന്നത്തെ മാതിരി ബസ്സുകൾ ഓടിയിരുന്നില്ലാ എന്നുള്ളതു എല്ലാവർക്കും അറിയാം. അന്നു് ഏതാണ്ടു് 75-ഓളം സിറ്റിബസ്സുകൾമാത്രം കോഴിക്കോട്ടു ഓടിക്കൊണ്ടിരുന്നതു് ഇന്നു് നൂറിനും ഇരുന്നൂറിനും മദ്ധ്യേ ബസ്സുകളാണു കോഴിക്കോട്ടു് കാർപ്പറേഷൻബസ്സ്സ്റ്റാൻറിൽ വന്നുകൊണ്ടിരിക്കുന്നതു്. ആധുനികരീതിയിലുള്ള ഒരു ബസ്സ്സ്റ്റാണ്ടുണ്ടാക്കിക്കഴിഞ്ഞു. ഇത്രയെല്ലാം ബസ്സുകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന പരിതഃസ്ഥിതിയിൽ മോട്ടോർവാഹന നികുതി ഇപ്പോഴും എത്രയോ ലക്ഷക്കണക്കിനു വർദ്ധിച്ചിട്ടും 1931-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന 4015 രൂപാ തോതു മാത്രമാണു് ഇന്നും മോട്ടോർവാഹനങ്ങളുടെ ടാക്സിൻറെ വിഹിതമായിട്ടു കൊടുത്തുകൊണ്ടിരിക്കുന്നതു്. ഇതിൻറെ വിഹിതം വർദ്ധിപ്പിക്കണമെന്നു കാർപ്പറേഷൻ എത്രയെത്ര തവണ ഗവണ്മെൻറിനോടാവശ്യപ്പെട്ടുകൊണ്ടിരിക്കയാണു്.

റോഡുകളെ സംബന്ധിച്ചിടത്തോളം കോഴിക്കോട്ടു കാർപ്പറേഷൻറെ കീഴിലുള്ള റോഡുകളുടെ സംരക്ഷണ ബാദ്ധ്യതമുഴുവനും കാർപ്പറേഷൻറെതാണു്. കോഴിക്കോട്ടു കാർപ്പറേഷൻ എട്ടുലക്ഷത്തോളം ഒൻപതു ലക്ഷത്തോളം രൂപാ അതിൻറെ മെയിൻറനൻസിനുവേണ്ടി ചെലവഴിക്കുന്നുണ്ടു്. അതേസമയം തിരുവനന്തപുരം കാർപ്പറേഷൻറെ കീഴിലുള്ള റോഡുകളിൽ ഏതാനും ചില ഇടവഴികളൊഴികെ ബാക്കിറോഡുകളെല്ലാം ഗവണ്മെൻറിൻറെ സംരക്ഷണയിലാണു്. അതൊന്നുംതന്നെ കാർപ്പറേഷൻറെ ചെലവിലല്ല സംരക്ഷണ ജോലികൾ നടത്തുന്നതു്. മറ്റുള്ള എല്ലാ പ്രധാന റോഡുകളും ഗവണ്മെൻറിൻറെ സംരക്ഷണയിൽ നടക്കുകയാണു്. ഇവിടെ അങ്ങനെ ചെയ്യുന്നതിനു ന്യായങ്ങൾ പറയുവാനുണ്ടായിരിക്കാം. മഹാരാജാവും മറ്റു വലിയ ഉദ്യോഗസ്ഥന്മാരും ആ റോഡുകളിൽക്കൂടി കാറോടിച്ചു പോകുന്നതുകൊണ്ടു് റോഡുകളുടെ സംരക്ഷണം ഒന്നും ചെയ്യാതെ റോഡുകൾ മോശമായിരിക്കാൻ പാടില്ലാ എന്നുള്ളതായിരിക്കാം. എന്നാൽ കോഴിക്കോട്ടു കൂടി മഹാരാജാവിനും മറ്റും സന്ദർശിക്കാനൊന്നുമില്ല. അതുകൊണ്ടു അവിടത്തെ റോഡുകളുടെ സംരക്ഷണത്തിലൊന്നും ഗവണ്മെൻറിനു താൽപ്പര്യവുമില്ല. അവിടെ ഗവണ്മെൻറിൽനിന്നും കിട്ടേണ്ടതൊണ്ടു കിട്ടിയാൽമാത്രംപോരാ, ആ റോഡുകളുടെ സംരക്ഷണം ഗവണ്മെൻറു ഏറ്റെടുക്കുകയോ, അല്ലെങ്കിൽ ഇപ്പോഴും കൊടുക്കുന്ന ഗ്രാൻറിൻറെ തോതു വർദ്ധിപ്പിക്കേണ്ടതുമാണു്. ആ തരത്തിലുള്ള കാര്യങ്ങളൊന്നുംതന്നെ ഗവണ്മെൻറു ചെയ്തിട്ടില്ല. തന്നെയുമല്ല, വാട്ടർസപ്ലൈയെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരം വാട്ടർസപ്ലൈയെപ്പറ്റി വളരെ പുകഴ്ത്തുന്നുണ്ടെങ്കിലും പന്ത്രണ്ടര മണിയായാലേ ഇവിടെ ശുദ്ധജലം കിട്ടുന്നുള്ളു വളരെ നല്ലനിലയിലുള്ള വാട്ടർ സപ്ലൈ സ്കീം ഇതാണെങ്കിൽ, കോഴിക്കോട്ടു വാട്ടർസപ്ലൈ സ്കീമിൻറെ സ്ഥിതി എന്താണു്. അവിടെ വളരെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

ചുരുക്കമായിട്ട മാത്രമേ ശ്രദ്ധേയം കിട്ടുന്നുള്ള. അതുതന്നെ രണ്ടോ നാലോ മണിക്കൂർ മാത്രമേ കിട്ടുന്നുള്ള. അവിടെ ടെമ്പററിയായിട്ട ഒരു സ്കീം വരുന്നു എന്നും, പൂളക്കടവിൽ ഒരു ടെമ്പററി ഡാമുണ്ടാക്കി വരുന്നു എന്നും, ഇമ്മീഡിയറ്റ് ഇറിഗേഷൻ സ്കീമിൽ വെള്ളം വിതരണം ചെയ്യുന്നതിനു ഒരു പദ്ധതി നടപ്പാക്കാൻ പോകുന്നു എന്നും കേട്ടിരുന്നു. എന്നാൽ അതു സംബന്ധിച്ച ഒന്നും തന്നെ ഇന്നോളം നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. താൽക്കാലികമായി മൂന്നു കഴൽകിണറുകൾ കഴിച്ചു അതിൽ വെള്ളം സംഭരിച്ചു കൊടുക്കാനുള്ള ഒരു സ്കീം ഉണ്ടായിരുന്നു. ഇതിൽ ഗവണ്മെൻറു സാംക്ഷൻ കൊടുത്തിട്ടുള്ളതു്. ഒരു കിണർ പൂർത്തിയാക്കുന്നതിനു മാത്രമാണു്. മറ്റു രണ്ടു കിണറുകളുടെ പണി തൽക്കാലം നിറുത്തിവയ്ക്കുകയുമാണു് ചെയ്തിട്ടുള്ളതു്. ടെമ്പററിയായിട്ടുള്ള വാട്ടർസപ്ലൈ സ്കീം നടപ്പിൽ വരുത്താൻ സാദ്ധ്യതയില്ലാതെയാണിരിക്കുന്നതു്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഒന്നിലുംതന്നെ ബഹുമാനപ്പെട്ടമന്ത്രിയുടെ ശ്രദ്ധ പതിഞ്ഞിട്ടില്ല. സെലക്ഷൻ ഗ്രേഡിലിരിയിൽതന്നെ അവിടെ അധികാരം കൂടുതൽ കൊടുക്കണം എന്നു പറഞ്ഞപ്പോഴും അതു എടുത്തുകളയണമെന്നുള്ളതിലാണു് വ്യഗ്രത കാണിച്ചിട്ടുള്ളതു്. കാർപ്പറേഷൻ കൗൺസിലുകളെ പിരിച്ചുവിടുന്നതിനു വേണ്ടിയുള്ള അധികാരങ്ങളും കൊണ്ടുവരുന്നതിനുള്ള വ്യഗ്രതയാണു് കാണിച്ചിട്ടുള്ളതു്. ഇന്നു നിലവിലുള്ള വ്യവസ്ഥകളും ഈ കാർപ്പറേഷൻ കൗൺസിലുകളെ പിരിച്ചുവിടുന്നതിനെ സംബന്ധിച്ചിടത്തോളം പോരെന്നാണു പറയുന്നതു്. അതുകൊണ്ടു് ഇപ്പോഴും കൂടുതൽ വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിരിക്കുകയാണെന്നാണു് പറയുന്നതു്.

41–എ. വകുപ്പിലെ വ്യവസ്ഥമുമ്പുള്ളതിനു പുറമെ ഇതിൽ പുതുതായി ചേർത്തിരിക്കുകയാണു്. കാർപ്പറേഷനെ ഇൻസ്പെക്ടു ചെയ്യാനുള്ള അധികാരം ഈ വകുപ്പിൽ വിണ്ടും വ്യവസ്ഥചെയ്തിരിക്കുകയാണു്. നിലവിലിരിക്കുന്ന ബില്ലിൽ 41–ാം വകുപ്പ രണ്ടാം ഉപവകുപ്പിൽ അങ്ങനെ ഇൻസ്പെക്ടു ചെയ്യാനുള്ള പരിപൂർണ്ണമായ അധികാരം കൊടുത്തിട്ടുണ്ടു്. അതിലേയ്ക്കുവേണ്ടി പ്രത്യേകം സ്റ്റാഫിനെ നിയമിക്കാൻ 41–എ എന്നൊരു പുതിയ വകുപ്പ ഇതിൽ ചേർത്തിരിക്കുകയാണു്. അതുപോലെതന്നെ 43–എ. മറ്റൊരു വകുപ്പ് അതായതു്, കൗൺസിൽ ഡിസ്സോൾവു ചെയ്യാനുള്ള അധികാരവും ഉൾക്കൊള്ളിച്ചിരിക്കുന്നു. കാർപ്പറേഷൻ പിരിച്ചുവിടുന്നതിനുള്ള അധികാരം 42–ാം വകുപ്പ പ്രകാരം ഉണ്ടായിരിക്കെ പിന്നീടു അതിനു പുറമെ ഡിസൊല്യൂഷനും സൂപ്പർസീഡു ചെയ്യാനുള്ള അധികാരവും ഗവണ്മെൻറിനു വേണമെന്നാണിപ്പോഴും പറയുന്നതു്. ന്യായമായി ഇന്നു നിലവിലുള്ള നിയമങ്ങളും അനുസരിച്ചു കാർപ്പറേഷൻ പ്രവൃത്തിക്കുന്നതിൽ ഗവണ്മെൻറു വലിയ വേവലാതിയോടുകൂടിയിരിക്കുയാണു്. കാർപ്പറേഷൻ ന്യായമായ നിലയിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നു. അതിനാവശ്യമായ സാമ്പത്തിക സഹായം അനുവദിച്ചു കൊടുക്കേണ്ടതാണു്. നേരെമറിച്ചു ഇന്നു വളരെ പക്ഷപാതപരമായിട്ടാണു് കോഴിക്കോടുകാർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന്റെ സമീപനം. ഇന്നു നിലവിലുള്ള കോഴിക്കോടു കാർപ്പറേഷൻ ആക്ടുപ്രകാരം കാർപ്പറേഷൻ മേയർക്കു ഒരു കൺസാളിഡേറഡു് അലവൻസു് കൊടുക്കാമെന്നു വ്യവസ്ഥയുണ്ടു്.

"With the sanction of the Government pay to the Mayor a consolidated monthly allowance to cover incidental expenses in connection with the discharge of his duties"

അങ്ങിനെ കാർപ്പറേഷൻ മേയർക്കു ഒരു കൺസാളിഡേറഡു് അലവൻസു കൊടുക്കാൻ ഒരു വ്യവസ്ഥ ഉണ്ടായിരുന്നിട്ടും ആ അലവൻസു കൊടുക്കുന്ന കാര്യത്തിൽ 'ഞഞ്ഞാ മിഞ്ഞാ പറയുകയാണു് ഗവണ്മെൻറു്. വാഹനം കൊടുക്കണമെന്നും, അല്ലാതിരി കൺസാളി ഡേറഡു് അലവൻസു കൊടുക്കാമെന്നും, മറ്റൊരു രീതിയിൽ പറയുന്നുണ്ടു്,

10 A.M.]

LIBRARY ARCHIVES Kerala Legislative Assembly

വെഹിക്കിൾ കൊടുക്കാമോ എന്ന കാര്യം കുറേക്കാലം സംശയത്തിലായിരുന്നു. അവസാനം വെഹിക്കിൾ കൊടുക്കാൻ തീരുമാനിച്ചു. അതുമാത്രമല്ല, 25–ാമത്തെ വകുപ്പിൽ, സംചാരി അലവൻസു കൊടുക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ടു്. കേവലം 300 രൂപായാണു് കോഴിക്കോട്ടു കാർപ്പറേഷൻ മേയർക്കു സംചാരി അലവൻസായി ആവശ്യപ്പെട്ടിട്ടുള്ളതു്. അതു കൊടുക്കുന്നതിനു് ഇന്നുവരെ ഒരു തീരുമാനം ആയിട്ടില്ല. സർ, എന്തിനു വേണ്ടിയാണു് ഈ സംഖ്യ മേയർക്കു അനുവദിക്കുന്നതു്? പട്ടണത്തിൽവരുന്ന അതിഥികൾക്കുവേണ്ടി സൽക്കാരാദികൾക്കായിട്ടാണു് ഈ മുന്നൂറുരൂപാ ആവശ്യപ്പെട്ടിരിക്കുന്നതു്. അതു ഒരിക്കലും തെറ്റായ ഒരു കാര്യമല്ല. അധികമല്ല.

Mr Speaker: You may strees the point on which your are moving this for recommittal to a Select Committee.

ശ്രീ. പി. സി. രാഘവൻനായർ: ഇത്തരം കാര്യങ്ങളിൽ സംശയമില്ലാത്ത വിധത്തിൽ ഇതെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടു് ഈ ഭേദഗതി ബിൽ തയ്യാറാക്കേണ്ടതായിരുന്നു എന്നാണു പറഞ്ഞതു്.

മിസ്റ്റർ. സ്പീക്കർ: ബിൽ തയ്യാറാക്കുന്ന കാര്യത്തെപ്പറ്റി ഒരു ഡിസ്കഷൻ ഇപ്പോൾ വേണ്ടാ.

ശ്രീ. പി. സി. രാഘവൻനായർ: സർ, കാർപ്പറേഷൻ മേയർക്കു സംചാരി അലവൻസു കൊടുക്കുന്ന കാര്യത്തിൽ ന്യായമായവകുപ്പു് ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാംബേ കാർപ്പറേഷൻ ബില്ലിന്റെ അടിസ്ഥാനത്തിലാണു് ഇതു കൊണ്ടുവന്നിട്ടുള്ളതെന്നു പറയുന്നു. ബാംബേ കാർപ്പറേഷൻ മേയർക്കു് പതിനായിരം രൂപാവരെ സംചാരി അലവൻസു് വാങ്ങാൻ അനുവാദം ഉണ്ടു്. മദിരാശിയിലാണെങ്കിൽ, അയ്യായിരം രൂപായാണു് അലവൻസു് മേയർക്കു അനുവദിച്ചിട്ടുള്ളതു്. ഡൽഹിയിൽ ലക്ഷക്കണക്കിനു രൂപാ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ടു്. ഡൽഹി കാർപ്പറേഷൻമേയർക്കു ധാരാളം വിദേശാതിഥികളെ സ്വീകരിക്കേണ്ടതായി വരുമെന്നുള്ളതുകൊണ്ടു് ആ തുക ആവശ്യമായിരിക്കും. അത്ര വലിയ തുക അനുവദിക്കണമെന്നു പറയുന്നില്ല. കോഴിക്കോട്ടു കാർപ്പറേഷൻ മേയർക്കു ഈ ആവശ്യത്തിനു വേണ്ടി മുന്നൂറു രൂപയാണു ആവശ്യപ്പെട്ടിരിക്കുന്നതു്. അതിഥി സൽക്കാരത്തിനും, ആഗന്തുകമായുണ്ടാവുന്ന ചെലവുകൾ നിവ്വഹിക്കാൻ ഒരു സഞ്ചിത അലവൻസു് കൊടുക്കുമെന്നു മുൻപു വ്യവസ്ഥയുണ്ടായിരുന്നു. മൂന്നാം ഷെഡ്യൂളിൽ, കാർപ്പറേഷന്റെ ധനബാദ്ധ്യതയെ സംബന്ധിച്ചിടത്തോളം ഈ അലവൻസു കൊടുക്കണമെന്നു വ്യവസ്ഥയുണ്ടു്. ഇപ്പോൾ ആ അലവൻസു കൊടുക്കുന്നില്ലെന്നതോ പോകട്ടെ, കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഫലപ്രദമായ ഭരണംനടത്താൻ, ഭരണസംപ്രദായം എന്താണെന്നു മനസ്സിലാക്കാൻ, കോഴിക്കോട്ടു മേയർ ഒരു കൊല്ലംമുൻപു് ബാംഗ്ലൂർ പോയതിന്റെ യാത്രച്ചെലവുപോലും ഇന്നുവരെ അനുവദിച്ചുകൊടുത്തിട്ടില്ല. അങ്ങനെ മേയർക്കു സംചാരി അലവൻസു കൊടുത്തിട്ടില്ല, കാർപ്പറേഷൻ പ്രവർത്തനങ്ങൾ നേരിട്ടു പഠിക്കാൻ പോയതിന്റെ യാത്രച്ചെലവും കൊടുത്തിട്ടില്ല. അതേ സമയത്തു് ഒരുകാര്യം പ്രത്യേകം ഞാൻ ഓർക്കുകയാണു്. കഴിഞ്ഞ കാലത്തു്, അവിടെ മുനിസിപ്പൽ ചെയർമാനായിരുന്ന ശ്രീ. സി. വി. നാരായണയ്യർക്കു ബോംബേവരെപോയിട്ടു്, മുനിസിപ്പാലിറ്റിവകയായി സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന ടാഗ്ലർ പ്രതിമ പരിശോധിക്കാൻ അദ്ദേഹം എഴുതിക്കൊടുത്തിരുന്ന ബില്ലനുസരിച്ചുള്ള മുഴുവൻ തുകയും ഈ ഗവണ്മെന്റു് അനുവദിച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. അബ്ദുൽഖാദർ: കാർപ്പറേഷൻ മേയർ, ബാംഗ്ലൂരിൽ പോയതിന്റെ ചെലവു് കൊടുക്കാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്നാണോ ആക്ഷേപം?

ശ്രീ. പി. സി. രാഘവൻനായർ: അങ്ങനെ ഈ ബില്ലിൽ എഴുതി വയ്ക്കണമെന്നല്ല. ബില്ലിൽ അങ്ങനെ എഴുതി വയ്ക്കാതിരുന്നിട്ടും യാത്രച്ചെലവു അനുവദിച്ചിട്ടുള്ളതിനു് ഉദാഹരണം പറയുകയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: You please confine yourself to the provisions of the amending Bill.

ശ്രീ. പി. സി. രാഘവൻനായർ: പറയാനുള്ള കാര്യങ്ങളൊക്കെ പറഞ്ഞു കഴിഞ്ഞു. ചെയ്യേണ്ടതു പലതും സെലക്ട് കമ്മിറ്റി ചെയ്തിട്ടില്ല, ഒരു പുനഃപരിശോധനയുടെ ആവശ്യമുണ്ടെന്നാണു ഞാൻ പറയുന്നതു്. ഈ കാര്യങ്ങളെസംബന്ധിച്ചിടത്തോളം ഗവണ്മെന്റു് തികച്ചും ഒരു അലസതയാണു കാണിച്ചിട്ടുള്ളതെന്നാണു് ഞാൻ പറയുന്നതു്. അതുകൊണ്ടു് ഈ ബില്ലു വീണ്ടും സെലക്ട് കമ്മിറ്റിക്കയക്കണം. ഈ ബില്ലിൽ വ്യവസ്ഥചെയ്യാത്തതുമൂലം എന്തെല്ലാം തടസ്സം ഇപ്പോഴും നേരിട്ടിട്ടുണ്ടോ, മേലാൽ ആ തടസ്സം വരാതെ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണമെന്നാണു എന്റെ അഭിപ്രായം. അതിനുവേണ്ടി ഇതു വീണ്ടും സെലക്ട് കമ്മിറ്റിക്കു് അയക്കേണ്ടതാണു്.

സർ, മറ്റൊരുകാര്യം പറയാനുള്ളതു കാമൺസ്വീസിനെപ്പറ്റിയാണു്. അതു സംബന്ധിച്ചു ഭേദഗതി അവതരിപ്പിച്ചു സംസാരിക്കാമെന്നു വിചാരിക്കുന്നു. സെലക്ട്കമ്മിറ്റിയുടെ ഈ റിപ്പോർട്ടു് അനുസരിച്ചു് ഈ ബിൽ പരിഗണനയ്ക്കെടുക്കാതെ, കൂടുതൽ അധികാരങ്ങളും കാർപ്പറേഷനു കൊടുക്കത്തക്കവിധത്തിൽ, കോഴിക്കോട്ടു കാർപ്പറേഷനും, ഇനി വരാൻ ഇടയുള്ള കാർപ്പറേഷനുകൾക്കും ബാധകമാകത്തക്കനിലയിൽ ആവശ്യമായ വ്യവസ്ഥകളും ഉൾക്കൊള്ളിച്ചുകൊണ്ടു് റിപ്പോർട്ടു തയ്യാറാക്കാൻ വീണ്ടും ഇതു സെലക്ട് കമ്മിറ്റിക്കു് അയക്കണമെന്നുള്ള ഭേദഗതിയെ ഞാൻ അവതരിപ്പിക്കുകയാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, സെലക്ട് കമ്മിറ്റിക്കു് ഈ ബിൽ വീണ്ടും അയയ്ക്കണമെന്ന അഭിപ്രായത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. ഇതു വീണ്ടും സെലക്ട്കമ്മിറ്റിക്കു അയയ്ക്കണമെന്നുപറഞ്ഞ ശ്രീ. പി. സി. രാഘവൻ നായർ ഇവിടെ പറഞ്ഞ വാദങ്ങൾ കേട്ടപ്പോൾ, അതിന്റെ ആവശ്യമെന്താണെന്നു് അദ്ദേഹത്തിനു ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു വളരെ വ്യക്തമാണു്. ബില്ലിൽ പറയാത്ത അനേകം കാര്യങ്ങൾ പറഞ്ഞിട്ടു്, ആ കാര്യങ്ങളെല്ലാം സെലക്ട് കമ്മിറ്റി പരിശോധിച്ചിട്ടില്ല എന്നാണു് ആക്ഷേപം. ബില്ലിൽ പറയാത്ത കാര്യങ്ങളെപ്പറ്റി സെലക്ട് കമ്മിറ്റി പരിശോധിക്കാൻ പാടില്ലെന്നുള്ളതു് സെലക്ട് കമ്മിറ്റി അംഗമായ ശ്രീ. പി. സി. രാഘവൻ നായർ മനസ്സിലാക്കിയിട്ടുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. സർ, കോഴിക്കോട്ടു കാർപ്പറേഷൻ മേയറുടെ കാറിന്റെ കാര്യവും, അലവൻസിന്റെ കാര്യവും സെലക്ട്കമ്മിറ്റിക്കയച്ച ഈ ബില്ലിൽ ഉണ്ടായിരുന്നില്ല. അങ്ങനെയുള്ള കാര്യങ്ങളും പരിഗണിച്ചിട്ടില്ലെന്നു പറഞ്ഞു് വീണ്ടും ഇതു സെലക്ട്കമ്മിറ്റിക്കയയ്ക്കണമെന്നു പറയുന്നതു് അങ്ങേയറ്റം തെറ്റാണു്. സെലക്ട്കമ്മിറ്റിക്കു വീണ്ടും അയയ്ക്കണമെന്നു പറയണമെങ്കിൽ, സെലക്ട്കമ്മിറ്റിക്കു് അയയ്ക്കപ്പെട്ട ബില്ലിലുള്ള വ്യവസ്ഥയെപ്പറ്റി സെലക്ട്കമ്മിറ്റി കാര്യമായി പരിശോധിച്ചിട്ടില്ല എന്നു വരണം. പക്ഷേ, ഈ ബില്ലിലെ വ്യവസ്ഥകളും എല്ലാംതന്നെ, വളരെ കാര്യമായി സെലക്ട്കമ്മിറ്റി പരിശോധിച്ചതാണു്. ശ്രീ. പി. സി. രാഘവൻ നായർ ഉൾപ്പെടെയുള്ള എല്ലാ മെമ്പറന്മാരും അതിലെ വകുപ്പുകളെപ്പറ്റി ശക്തിയായ അഭിപ്രായപ്രകടനങ്ങളും നടത്തിയിട്ടുണ്ടു്. അതിന്റെഫലമായിട്ടാണു് അദ്ദേഹം ഉൾപ്പെട്ട രണ്ടുമൂന്നു മെമ്പറന്മാർ ഇതിൽ ഭിന്നാഭിപ്രായക്കുറിപ്പു് എഴുതിച്ചേർത്തിട്ടുള്ളതു്. അതുകൊണ്ടു് ഈ വകുപ്പുകളും ഒന്നും ആലോചിച്ചിട്ടില്ല, അതിനെപ്പറ്റി വേണ്ടിടത്തോളം വിവരം കിട്ടിയിരുന്നില്ല എന്നുള്ള നിലയിൽ വീണ്ടും ഇതു് സെലക്ട് കമ്മിറ്റിക്കയയ്ക്കാൻ യാതൊരു കാരണവും കാണുന്നില്ല.

സർ, ഇതിലെ രണ്ടുമൂന്നു വ്യവസ്ഥകളെ സംബന്ധിച്ചു് ആക്ഷേപം ഉള്ളതു മനസ്സിലാക്കാൻ കഴിയും. അതിനുള്ള പോംവഴി ഇതു വീണ്ടും സെലക്ട് കമ്മിറ്റിക്കു് അയയ്ക്കലല്ല. അതിനു ഭേദഗതി അവതരിപ്പിച്ചു്, നിയമസഭയിലുള്ള മെമ്പറന്മാരെ ബോദ്ധ്യപ്പെടുത്തി ആ ഭേദഗതി അംഗീകരിപ്പിക്കുകയാണു വേണ്ടതു്. ഇവിടെ അഭിപ്രായവ്യത്യാസമുള്ള രണ്ടുമൂന്നു കാര്യങ്ങളും പറഞ്ഞതു് എന്താണെന്നു ഞാൻ വ്യക്തമാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : ഈ ഭേദഗതി ബില്ലിന്റെ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പറഞ്ഞിട്ടുള്ള ഉദ്ദേശത്തിനു പുറത്തു്, ഇപ്പോഴം നിലവിലുള്ള കോഴിക്കോട്ട സിറ്റി മുനിസിപ്പൽ കാർപ്പറേഷൻ ആക്റ്റ പ്രകാരമുള്ള ചില അവകാശങ്ങളം കാർപ്പറേഷനം, മേയർക്കം ഉള്ളതു് ഭേദഗതിബില്ലിൽ എടുത്തുകളഞ്ഞിട്ടുണ്ടെന്നുള്ള വസ്തുത അംഗീകരിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ ഭേദഗതി ബില്ലിന്റെ ഓബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ പറയാതിരുന്നതു അല്ലേ ? കാലിക്കറ്റ സിറ്റി മുനിസിപ്പൽ കാർപ്പറേഷൻ ആക്റ്റ, തിരുവനന്തപുരം കാർപ്പറേഷനുകൂടി ബാധകമാക്കണമെന്നല്ലേ ഓബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ പറഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : കാലിക്കറ്റ സിറ്റി മുനിസിപ്പൽ കാർപ്പറേഷൻ ആക്റ്റല്ല സെലക്റ്റ കമ്മിറ്റി പരിഗണിച്ചതു് ; ആ ആക്റ്റിന്റെ ഭേദഗതിബില്ലാണു്. ആ ഭേദഗതി ബില്ലിൽ കൊണ്ടുവന്ന വകുപ്പുകളെപ്പറ്റി പരിശോധിച്ചിട്ടുണ്ടു്. ഓബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ എത്രതന്നെ പറഞ്ഞുകഴിഞ്ഞാലും, ഇതിൽ എഴുതിയിരിക്കുന്ന വകുപ്പുകളെപ്പറ്റിയാണ സെലക്റ്റ കമ്മിറ്റി ആലോചിക്കേണ്ടതു്. ആ വകുപ്പുകളെപ്പറ്റി കാര്യമായി ആലോചിച്ചിട്ടുണ്ടെന്നാണ ഞാൻ പറഞ്ഞതു്. അതു ചെയ്തിട്ടില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഇതു സെലക്റ്റ കമ്മിറ്റിക്കു അയയ്ക്കേണ്ട ആവശ്യമില്ലെന്നാണ ഞാൻ പറയുന്നതു്.

സർ, പ്രധാനമായി രണ്ടുമൂന്നു ആക്ഷേപങ്ങളം, ശ്രീ. പി. സി. രാഘവൻ നായർ ഉൾപ്പെടെയുള്ള മെമ്പറന്മാരുടെ മിനാഭിപ്രായക്കുറിപ്പിൽ എടുത്തു പറഞ്ഞിട്ടുണ്ടു്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മൗലികമായ തത്വങ്ങൾക്കുതന്നെ എതിരായിട്ടുള്ള ചില വ്യവസ്ഥകളം ഇതിനകത്തു വന്നിട്ടുണ്ടെന്നാണ പറയുന്നതു്. കൗൺസിൽ പിരിച്ചുവിടുന്നതിനെ സംബന്ധിച്ചും സൂപ്പർസീഡുചെയ്യുന്നതിനെ സംബന്ധിച്ചും ആക്ഷേപം ഉന്നയിച്ചിട്ടുണ്ടു്. സെലക്റ്റുകമ്മിറ്റി ഈ വകുപ്പുകളം പരിശോധിച്ചതിനുശേഷം, സൂപ്പർസീഡു ചെയ്യുക എന്നുള്ളതു എടുത്തു മാറ്റിയിട്ടു്, വേണ്ടിവന്നാൽ കൗൺസിൽ ഡിസോൾവു ചെയ്തു് വീണ്ടും തിരഞ്ഞെടുപ്പു നടത്തുന്നതിനുള്ള വ്യവസ്ഥ മാത്രം സ്വീകരിച്ചിരിക്കുകയാണു്. അതും വേണ്ടാ എന്നാണ പ്രതിപക്ഷത്തിരിക്കുന്നവർ പറയുന്നതു്. ഈ വ്യവസ്ഥ ഉള്ളതുകൊണ്ടു് എന്തൊരു അപകടമാണു് സംഭവിക്കുന്നതെന്നു് ശ്രീ. പി. സി. രാഘവൻ നായർ പറഞ്ഞില്ല. ഈ വകുപ്പു് ഇവിടെയുള്ള മുനിസിപ്പൽ ആക്റ്റിലും, പഞ്ചായത്തു് ആക്റ്റിലും ഒക്കെ ഉള്ളതാണു്. ഇവിടെ മാത്രമല്ല മറ്റു പല സ്റ്റേറ്റുകളിലും ഉള്ള നിയമങ്ങളിൽ സൂപ്പർസീഡു് ചെയ്യുന്നതിനും, ഡിസോൾവു് ചെയ്യുന്നതിനുമുള്ള വ്യവസ്ഥകളം ഉണ്ടു്.

ശ്രീ. പി. വിശ്വംഭരൻ : മറ്റു് ഏതൊരു സിറ്റി കോർപ്പറേഷൻ ആക്ടിലാണു് ഈ വ്യവസ്ഥയുള്ളതെന്നു പറയാമോ ?

ശ്രീ. കെ ഏ. ദാമോദരമേനോൻ : ഇതു സംബന്ധിച്ച ചർച്ച ആരംഭിച്ച അവസരത്തിൽ, ഈ വകുപ്പിനെ സംബന്ധിച്ചു് ഇതു് ഉൾപ്പെടുത്തിയിട്ടുള്ള നിയമം പ്രത്യേകം വായിച്ചതാണു്. ആ സമയത്തു് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉണ്ടായിരുന്നില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ : അദ്ദേഹം സെലക്റ്റ കമ്മിറ്റിയിൽ അംഗമായിരുന്നില്ല. ഈ വ്യവസ്ഥയുള്ള ആക്റ്റുണ്ടു്; അതു കമ്മിറ്റി പരിശോധിച്ചിട്ടുള്ളതാണു്.

സർ, എന്തായാലും ഇങ്ങനെയൊരു വ്യവസ്ഥ, ഇവിടത്തെ മുനിസിപ്പാലിറ്റികളെ സംബന്ധിച്ചും, പഞ്ചായത്തുകളെ സംബന്ധിച്ചും വളരെ കാലമായി ഇവിടെ നിലവിലുണ്ടു്. എങ്കിൽകൂടി കൗൺസിൽ സൂപ്പർസീഡു് ചെയ്യുകയോ ഡിസോൾവു ചെയ്യുകയോ ചെയ്യുന്ന സംഭവം വളരെയൊന്നും ഇവിടെ ഉണ്ടായിട്ടില്ല. ഒരു നൂറ്റാണ്ടത്തെ അനുഭവം പരിശോധിച്ചുനോക്കിയാൽ ഒന്നോ, രണ്ടോ സന്ദർഭങ്ങളിൽ ഇതുപോലുള്ള സംഭവം ഉണ്ടായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

തല്ലാതെ ഇതു സാധാരണ കാണാൻ സാധിക്കാത്തതാണു്. ഇതിൽ സൂപ്പർ സീഡു ചെയ്യുന്നതിനെ സംബന്ധിച്ച വകുപ്പു് എടുത്തുകളഞ്ഞു. സാധാരണ ഗതിയിൽ, ജനാധിപത്യ രീതിയിൽ, സൂപ്പർസീഡുചെയ്യുക എന്നു പറയുന്നതു് പ്രസിഡൻറുഭരണം പോലെയാണു്. അതു മാറ്റി. ഡിസോൾവു ചെയ്തു വീണ്ടും തിരഞ്ഞെടുപ്പു നടത്തുക എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതു ജനാധിപത്യ സംപ്രദായത്തിനു യോജിച്ചതാണെന്നുള്ളതിനു സംശയമില്ല. ഇതുകൊണ്ടു് എന്തെങ്കിലും അപകടമുണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. തുടർച്ചയായി നിയമപ്രകാരം ചെയ്യേണ്ടതു ചെയ്യുന്നില്ലെങ്കിൽ, നിർബ്ബന്ധപൂർവ്വം കുഴപ്പങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന കൗൺസിലിനെ പുറത്താക്കണമെന്നു പറയുന്നതിൽ എന്താണു തെറ്റെന്നു മനസ്സിലാകുന്നില്ല. ഈ നടപടി നിമിത്തം കൗൺസിൽ അംഗങ്ങൾക്കു കുറേ ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതു ശരിയാണു്. കൗൺസിൽമെമ്പറന്മാരുടെ അസൗകര്യങ്ങളെപ്പറ്റിയും, അവരുടെ അവകാശങ്ങളെപ്പറ്റിയും, ചുമതലകളെപ്പറ്റിയും ചിന്തിക്കുന്ന അവസരത്തിൽ, അവരെ തിരഞ്ഞെടുത്തു് അയയ്ക്കുന്ന വോട്ടർമാരുടെ അവകാശങ്ങളെപ്പറ്റിയും ചിന്തിക്കണം. കൗൺസിൽ പിരിച്ചുവിടുമ്പോൾ കുറേ ബുദ്ധിമുട്ടുണ്ടാകും. പക്ഷേ, എന്തിനുവേണ്ടിയാണു് അവരെ തിരഞ്ഞെടുത്തു് അയച്ചിരിക്കുന്നതു്? കൗൺസിൽമെമ്പർമാർ അവിടെ ചെന്നാൽ ജനങ്ങൾക്കെതിരായി പ്രവർത്തിക്കുകയും, ചെയ്യേണ്ടതു ചെയ്യാതെ, മറ്റു പല കുഴപ്പങ്ങളും സൃഷ്ടിക്കുകയും ചെയ്യുകയാണെങ്കിൽ, ആ കൗൺസിലിൻറെ പരിധിയിൽപ്പെട്ട ജനങ്ങളുടെ, വോട്ടേഴ്സിൻറെ സ്ഥിതി എന്തായിരിക്കുമെന്നു ശ്രീ. പി. സി. രാഘവൻ നായർ ഒന്നും പറയുന്നില്ല. അവർ എന്തു ചെയ്യണം? ഇങ്ങനെയുള്ള സന്ദർഭത്തിൽ, മുഴുവൻ കൗൺസിൽ മെമ്പറന്മാരേയും തിരിയെ വിളിക്കാൻ ഒരു അവകാശം വോട്ടേഴ്സിനുണ്ടായിരുന്നെങ്കിൽ അതു മനസ്സിലാക്കാം. നിർബ്ബന്ധപൂർവ്വം മനഃപൂർവ്വം കുഴപ്പങ്ങൾ ഉണ്ടാക്കുന്ന കൗൺസിൽ മെമ്പറന്മാരെ തിരിയെ വിളിക്കാൻ ഒരു പ്രൊവിഷൻ ഉണ്ടാക്കിയതിനുശേഷം ഇതൊക്കെ പറഞ്ഞാൽ മനസ്സിലാക്കാൻ പ്രയാസമില്ല. അങ്ങനെയൊരു പ്രൊവിഷൻ ഇപ്പോൾ നമ്മുടെ നിയമത്തിൽ ഇല്ല. നിരുത്തരവാദപരമായി പെരുമാറുന്ന കൗൺസിലിനെ സംബന്ധിച്ചിടത്തോളം, ഗവണ്മെൻറു ഇടപെട്ടു്, തൽക്കാലത്തേക്കു് അവരെ മാറ്റി നിറുത്തിയിട്ടു്, മറ്റൊരു തിരഞ്ഞെടുപ്പു് നടത്തുക എന്നു പറയുന്നതു് വോട്ടേഴ്സിൻറെ താൽപ്പര്യത്തിനു് ഏറ്റവും ആവശ്യമായിട്ടുള്ളതാണു് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനെ എതിർക്കുന്നതു, നാട്ടിലെ വോട്ടേഴ്സിനോടു ചെയ്യുന്ന അനീതിയായിരിക്കും.

മറ്റൊരു കാര്യം ഇവിടെ എടുത്തുപറഞ്ഞതു് സൂപ്പർവൈസേഴ്സായി ചില ആളുകളെ ചില പ്രത്യേക കാര്യങ്ങൾക്കുവേണ്ടി ഗവണ്മെൻറിനു ആതരൈസു് ചെയ്യാമെന്നുള്ളതിനെ സംബന്ധിച്ചാണു്. അതുകൊണ്ടു് കൗൺസിലിൻറെ എല്ലാ അധികാരങ്ങളും എടുത്തുകളഞ്ഞു എന്നു പറയുന്നതു തെറ്റാണു്. ഇപ്പോഴത്തന്നെ അങ്ങനെ ചില വകുപ്പുകൾ ഉണ്ടു്. ആഡിറ്റിംഗ് തന്നെ ഒരു നിയന്ത്രണമാണു്. അതുപോലെ പല കാര്യങ്ങളെ സംബന്ധിച്ചും സൂപ്പർവൈസു് ചെയ്യുക എന്നു പറയുന്നതു് ഏതെങ്കിലും ഒരു ബോഡിയുടെ അധികാരം എടുത്തുകളയലല്ല. ആഡിറ്റിംഗു് കാർപ്പറേഷനെ ഇല്ലാതാക്കുന്നില്ല. അവക്കുവരുന്ന തെറ്റുകൾ കണ്ടുപിടിക്കുവാനും അതു തിരുത്തുന്നതിനു വേണ്ടിയുമാണു് ഇങ്ങനെയൊരു നിയന്ത്രണം വച്ചിരിക്കുന്നതു്. അതുപോലെ തന്നെ ഏതെങ്കിലും ഒരു പ്രത്യേകമായ കാര്യത്തിനു, അല്ലെങ്കിൽ കാര്യങ്ങൾക്കു സൂപ്പർവൈസു് ചെയ്യാനുള്ള അധികാരം ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെ ഏൽപ്പിച്ചാൽ അതു കാർപ്പറേഷൻറെ അധികാരം മുഴുവനും കവർന്നു എടുക്കലല്ല. ഏതെങ്കിലും തകരാറുകൾ ഉണ്ടെന്നു ഈ സൂപ്പവൈസറന്മാർ കണ്ടുപിടിക്കുകയാണെങ്കിൽ തീർച്ചയായും അതു കാർപ്പറേഷൻറെ പ്രവർത്തനത്തിനു സഹായകമായിരിക്കും. അതുകൊണ്ടു് ആ കാര്യത്തെപ്പറ്റി മെമ്പർ ഉന്നയിച്ച വാദഗതിയോടു് എനിക്കു് ആനുകൂല്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു സംഗതി ഇവിടെ പ്രതിപാദിച്ചിട്ടുള്ളതു് കോമൺ സർവ്വീസിനെപ്പററിയാണു്. അതിനുള്ള വ്യവസ്ഥ ഈ നിയമസഭ ഒന്നരണ്ടു സംഗതികളിൽ അംഗീകരിച്ചിരിക്കുകയാണു്. പഞ്ചായത്തു നിയമത്തിലും മുനിസിപ്പൽ നിയമത്തിലും കോമൺ സർവ്വീസു് സ്വീകരിച്ചുകഴിഞ്ഞു. കാർപ്പറേഷനെ സംബന്ധിച്ചു് അതു ഒഴിവാക്കുവാൻ എന്താണു് കാരണം ?

കാർപ്പറേഷനും മുനിസിപ്പാലിററിയും കൂട്ടിച്ചേർത്തുകൊണ്ടു് ഒരു കോമൺ സർവ്വീസു് ഉണ്ടാക്കണമെന്നാണു് ഈ ബില്ലിൽ പറയുന്നതു്. ആ വ്യവസ്ഥ ഈ നിയമസഭ മറെറ സ്വയംഭരണസ്ഥാപനങ്ങളുടെ കാര്യത്തിൽ അംഗീകരിച്ചു കഴിഞ്ഞതിനുശേഷം കാർപ്പറേഷനിൽ അതു അംഗീകരിക്കുന്നില്ല എന്നു പറയുന്നതു ശരിയല്ല. ഈ പറയുന്നതും ജനാധിപത്യവ്യവസ്ഥിതിയെ തകർക്കാനാണെന്നു വേണമെങ്കിൽ പറയാം. ഇവിടത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഇന്നത്തെ നിലയും, ഇന്നത്തെ പ്രവർത്തനങ്ങളും സ്ഥിതിഗതികളും നാം വളരെ കാര്യമായി ആലോചിക്കണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു പൂർണ്ണമായ അധികാരം കൊടുക്കണമെന്നു പറഞ്ഞാൽ അതു വളരെ അഭികാമ്യമാണു്. അതിനോടു യോജിക്കുന്നു. ഇന്നു ഈ സ്റ്റേററിലും ഇതര സ്റ്റേററുകളിലും ഉള്ള പഞ്ചായത്തുനിയമങ്ങളും മുനിസിപ്പൽ നിയമങ്ങളും കാർപ്പറേഷൻനിയമങ്ങളും പരിപൂർണ്ണമായി അവക്കു അധികാരം വിട്ടുകൊടുക്കുന്നില്ല. നിയമനങ്ങളെ സംബന്ധിച്ചും പൂർണ്ണാധികാരം വിട്ടുകൊടുക്കുന്നില്ല. ചില കാര്യങ്ങളിൽ അവക്കു അധികാരം വിട്ടുകൊടുക്കുകയും ഗവണ്മെൻറു നിയന്ത്രണം നടത്തുകയും ചെയ്യുന്നുണ്ടു്. പരിപൂർണ്ണമായി ഗവണ്മെൻറിൻെറ നിയന്ത്രണം ഉപേക്ഷിക്കപ്പെടുന്ന അവസ്ഥ വരുന്ന അവസരത്തിൽ ഈ കുഴപ്പവും അവസാനിപ്പിക്കാൻ കഴിയും. മുനിസിപ്പാലിററിയിലും പഞ്ചായത്തിലും ഇന്നു ഗവണ്മെൻറു നിയമനം നടത്തിക്കൊണ്ടിരിക്കുകയാണു്. അപ്പോഴും കാർപ്പറേഷനിൽ മാത്രം വേണ്ടെന്നു വയ്ക്കുന്നതു ശരിയല്ല. മുനിസിപ്പാലിററിയും പഞ്ചായത്തും കാർപ്പറേഷനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളാണു്. പരിപൂർണ്ണമായ അധികാരം വേണമെന്നു പറയുകയാണെങ്കിൽ പഞ്ചായത്തിൻെറയും മുനിസിപ്പാലിററിയുടെയും കാര്യത്തിലും അതു ബാധകമാകണം. ഒരു തരം ''കൺട്രോൾഡ് ഡെമോക്രസി''യാണു് നാം സ്വീകരിച്ചിട്ടുള്ളതു്. മറെറ അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള രാജ്യങ്ങളെപ്പോലെ സ്വയംഭരണസ്ഥാപനങ്ങൾക്കു എല്ലാ അധികാരങ്ങളും കൊടുക്കുന്ന ഒരു കാലം ഇവിടെയും വരും. ജനങ്ങൾതന്നെ കാർപ്പറേഷൻ ഉണ്ടാക്കി തെരഞ്ഞെടുപ്പു നടത്തി പോലീസു് അധികാരം ഉപയോഗിക്കുകയും ഉദ്യോഗനിയമനങ്ങൾ നേരിട്ടുനടത്തുകയും ചെയ്യുന്ന ഒരു അവസ്ഥ വരും. ഇൻഡ്യയിൽ തന്നെ അതുപോലൊരു അവസ്ഥ പണ്ടു് ഉണ്ടായിരുന്നു. നാം അതിലേക്കു് വീണ്ടും തിരിച്ചുവരും. ഇന്നത്തെ പരിതഃസ്ഥിതി കണക്കിലെടുക്കാതിരിക്കുവാൻ നിവൃത്തിയില്ല. കേവല നിയന്ത്രണമില്ലെങ്കിൽ അവരെ നേർവഴിക്കു കൊണ്ടുപോകുവാൻ പ്രയാസമാണു്. തെറുകൾ ഉണ്ടാകാം, കുഴപ്പങ്ങൾ ഉണ്ടാകാം. അതു പരിഹരിക്കുവാൻ നിയന്ത്രണം അത്യാവശ്യമാണു്. പക്ഷേ അങ്ങനെ ചെയ്യുന്ന അവസരത്തിൽ തെറുകൾ തിരുത്തുവാനുള്ള ചുമതല ഗവണ്മെൻറു് ഏറെറടുക്കുകയാണെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു അടിസ്ഥാനപരമായ ഡെമോക്രസിയിൽ ഉറച്ചുനിന്നു പ്രവർത്തിക്കുന്നതിനു സഹായകമായിരിക്കും. ആവശ്യത്തിൽ കൂടുതൽ നിയന്ത്രണം പാടില്ല എന്നേയുള്ളു. കുറച്ചു നിയന്ത്രണം ഉള്ളതു ഡെമോക്രസിയുടെ വളർച്ചയെ സഹായിക്കുകതന്നെ ചെയ്യും. അതുകൊണ്ടു് ഇവിടെ പറഞ്ഞമാതിരി കാർപ്പറേഷൻെറ അധികാരങ്ങൾ പരിമിതപ്പെടുത്തുന്നു എന്നു പറയുന്നതു ശരിയല്ല. ശ്രീമാൻ രാഘവൻ നായരുടെ പ്രസംഗം കേട്ടപ്പോൾ കോഴിക്കോട്ടു കാർപ്പറേഷനെ സംബന്ധിച്ചു ഗവണ്മെൻറിനു വളരെയധികം വിരോധം ഉണ്ടു്, അതുകൊണ്ടു് ഗവണ്മെൻറു് ഇതെല്ലാം കൊണ്ടുവന്നതാണെന്നു തോന്നിപ്പോയി. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറയുകയുണ്ടായി കോഴിക്കോടിനെ സംബന്ധിച്ചു ഒരു ചിറ്റമ്മനയവും തിരുവനന്തപുരത്തെ സംബന്ധിച്ചു് ഒരു പെറമ്മനയവുമാണു് ഗവണ്മെൻറിനുള്ളതെന്നു്. ഏതു നയമായാലും രണ്ടു കാർപ്പറേഷനേയും ഒരുപോലെ ബാധിക്കുന്ന നിയമമാണു് കൊണ്ടുവന്നിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. രാഘവൻ നായർ : ഞാൻ കാർപ്പറേഷനെ സംബന്ധിച്ചല്ല പറഞ്ഞതു്. കോഴിക്കോട്ടു കാർപ്പറേഷനിലുള്ള റോഡുകളുടെ കാര്യത്തെ സംബന്ധിച്ചാണു പറഞ്ഞതു്, കോഴിക്കോട്ടെ റോഡുകളും ഗവണ്മെൻറു ഏറെടുക്കണമെന്നാണു പറഞ്ഞതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: റോഡിൻെറ കാര്യമായാലും അതുതന്നെ പരസ്പര വിരുദ്ധമായിട്ടാണു് പറഞ്ഞതു്. കോഴിക്കോട്ടു കാർപ്പറേഷനെ തോൽപ്പിക്കുവാനാണു് ഈ നിയമം കൊണ്ടുവന്നതെങ്കിൽ അതുകൊണ്ടു ഉണ്ടാകാവുന്ന തോൽവി തിരുവനന്തപുരം കാർപ്പറേഷനും ഉണ്ടാകും. അതുകൊണ്ടു് അങ്ങനെ പറയുന്നതു ശരിയല്ല. സർ, ഇവിടെ കാർപ്പറേഷൻെറ നടത്തിപ്പിനു സഹായകരമായ ഒരു നില ഗവണ്മെൻറു സ്വീകരിക്കുന്നില്ല എന്നു പറയുന്നതു തെറ്റാണു്. കാർപ്പറേഷനും മുനിസിപ്പാലിറ്റിയും പഞ്ചായത്തും ആവശ്യപ്പെടുന്ന കാര്യങ്ങളും മാനിച്ചുകൊണ്ടു് പ്രവർത്തിക്കുന്നുണ്ടു്, ഗവണ്മെൻറിനു ചില പരിമിതികളും ഒക്കെയുണ്ടു്. അതിനു വിധേയമായി മാത്രമേ ഗവണ്മെൻറിനു പ്രവർത്തിക്കുവാൻ കഴിയുകയുള്ളു, നാം ചിന്തിക്കുന്നതു് നിയമനിർമ്മാണത്തെപ്പറ്റിയാണു്. അങ്ങനെയുള്ള അവസരത്തിൽ വിഭാഗീയമായ ചിന്ത മാറ്റിവച്ചുകൊണ്ടു് ഈ നിയമം എത്രത്തോളം സ്വീകാര്യമാണു് എന്നാണു് നോക്കേണ്ടതു്. ഈ വ്യവസ്ഥകളും ഒരു തരത്തിലും കാർപ്പറേഷനേയോ, മുനിസിപ്പൽ സ്ഥാപനങ്ങളേയോ പ്രതികൂലമായി ബാധിക്കുകയില്ല; അവരുടെ അവകാശങ്ങളെ കയ്യേറ്റം ചെയ്യുകയില്ല. വേണ്ട സന്ദർഭത്തിൽ തിരുത്തുന്നതിനും വേണ്ടതു വേണ്ട വിധത്തിൽ കൊണ്ടു പോകുന്നതിനും സഹായമായ വിധത്തിലാണു് ഈ ചെറിയ ഒരു നിയന്ത്രണം വച്ചിട്ടുള്ളതു്. ഇതു കാർപ്പറേഷനെ ആകെ തകർത്തുകളയും എന്നു പറയുന്നതു ശരിയല്ല. ഇതു ഇനിയൊരു സെലക്ടു കമ്മിറ്റിക്കയക്കേണ്ട കാര്യമില്ല. സെലക്ടു കമ്മിറ്റിയിൽ മി. രാഘവൻനായരും മറ്റും ശക്തിയായി വാദിച്ചിട്ടുള്ളതാണു്. അതെല്ലാം മനസ്സിലാക്കികൊണ്ടുതന്നെയാണു് സെലക്ടു കമ്മിറ്റി റിപ്പോർട്ടു കൊണ്ടുവന്നിട്ടുള്ളതു്. അതുകൊണ്ടു ഇനിയും ഒരു സെലക്ടു കമ്മിറ്റിക്കുകൂടി ഇതു വിടണമെന്നുള്ള അഭിപ്രായത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാടൻ: സർ, ഈ ബിൽ വീണ്ടും ഒരു സെലക്ടു കമ്മിറ്റിക്കു പോകണമെന്നുള്ള അഭിപ്രായത്തെ ഞാൻ ബലമായി പിന്താങ്ങുന്നു. കാള വാലുപൊക്കുമ്പോഴെ എന്തിനാണെന്നു ഊഹിക്കാം. 'കാള വാലുപൊക്കുക' എന്നു ഞാൻ പറഞ്ഞതു് കോൺഗ്രസ്കാരൻ അഭിപ്രായം പറഞ്ഞാൽ എന്നുള്ള അർത്ഥത്തിലാണു്. ശ്രീമാൻ വിശ്വനാഥൻ അഭിപ്രായം പറയുന്നതു കേട്ടാൽ ആ ബിൽ എങ്ങോട്ടു പോകുമെന്നു യാതൊരു സംശയത്തിനും അവകാശമില്ല. എന്നിരുന്നാൽതന്നെയും ഇതിനെപ്പറ്റി എനിക്കു പറയുവാനുള്ളതു പറയാമല്ലൊ? ഇതു വീണ്ടുമൊരു സെലക്ടു കമ്മിറ്റിക്കയക്കണമെന്നു ഞാൻ പറയാനുള്ള കാരണം ഡിസൻറിംഗ് നോട്ടിൽ "In spite of the obstinacy of our majority colleagues of our Committee" എന്നു പറഞ്ഞിരിക്കുന്നതാണു്, ഭൂരിപക്ഷപാർട്ടിയുടെ ഭയങ്കരമായ മർക്കടമുഷ്ടി നിമിത്തം ഞങ്ങൾക്കു കാര്യങ്ങൾ പറയുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഈ നിയമം ഒന്നുകൂടി സെലക്ടു കമ്മിറ്റിക്കയച്ചു ഭൂരിപക്ഷം പാർട്ടിയുടെ മർക്കട മുഷ്ടികൊണ്ടു ന്യായമായ നിയമങ്ങൾ പാസ്സാക്കാതെ പോകാത്തവിധം ഒന്നുകൂടി ചർച്ച ചെയ്യുന്നതു നന്നായിരിക്കുമെന്നു എനിക്കഭിപ്രായമുണ്ടു്. ഇതിൽ ഒപ്പിട്ടിരിക്കുന്ന ആളുകളെക്കൂടി സമ്മതിപ്പിക്കേണ്ട ഒരു ചുമതല ഗവണ്മെൻറിനുണ്ടു്.

"Inspite of the obstinacy of our majority colleagues of our Committee not to accept our views on Sections 43-A and 90, we were united in making certain changes in the original amending Bill for which we are happy.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വിശ്വനാഥൻ അതു കണ്ടില്ലായിരിക്കാം. ഈ സെലക്ഷ്റ്റുകമ്മിറ്റി റിപ്പോർട്ടചെയ്തതു് ഒന്നുകൂടി സെലക്ഷ്റ്റു കമ്മിറ്റിക്കു വിടേണ്ടതു് വളരെ അത്യാവശ്യമാണു്. ഈ കമ്മിറ്റിയിലെ മൂന്നു അംഗങ്ങൾ പ്രത്യേകം മാറി നിന്നിരുന്നുകൊണ്ടു് കമ്മിറ്റി റിപ്പോർട്ടിനു എതിരായി റിപ്പോർട്ടചെയ്യുകയും ഭൂരിപക്ഷ പാർട്ടിയുടെ മക്കടമുഷ്ടികൊണ്ടു് അവക്കു കാര്യങ്ങൾ പറയുവാൻ സാധിക്കാതെ പോകുകയും ചെയ്തു എന്നു പറഞ്ഞിരിക്കുന്നു ഏക കാരണം കൊണ്ടുതന്നെ ഈ ബിൽ വീണ്ടുമൊരു സെലക്ഷ്റ്റു കമ്മിറ്റിക്കയയ്ക്കേണ്ട താവശ്യമാണു്. അതു പഴയ സെലക്ഷ്റ്റു കമ്മിറ്റിതന്നെ ആയിരിക്കരുതെന്നും എനിക്കഭിപ്രായമുണ്ടു്. ഇനിയും മക്കടമുഷ്ടി പിടിക്കുകയാണെങ്കിൽ ന്യൂനപക്ഷക്കാരനു ഇനിയും വിയോജിക്കേണ്ടിവരുമെന്നുള്ളതുകൊണ്ടു് ഇപ്പോഴുള്ള ആളുകളെ മാറ്റി മക്കടമുഷ്ടി അധികമൊന്നും പിടിക്കാത്തവരും അവരുമായി യോജിച്ചുപോകാൻ സന്നദ്ധതയുള്ളവരുംആയ ഒരു മൂന്നാലുപേരെ കൂടുതലായും ചേർത്തുകൊണ്ടു് വീണ്ടും ഒരു സെലക്ഷ്റ്റുകമ്മിറ്റിക്കയച്ചു റിപ്പോർട്ടു വരുത്തേണ്ടതു് അത്യാവശ്യമാണെന്നാണു് എന്റെ അഭിപ്രായം. ഇവിടെ നിയമങ്ങൾ പാസ്സാക്കുന്ന വിധത്തെപ്പറ്റിതന്നെ എനിക്കു വളരെയധികം പറയുവാനുണ്ടു്. അപ്പപ്പോൾ തോന്നുന്ന നിയമങ്ങൾ അപ്പപ്പോൾ ഉണ്ടാക്കുക, കൊണ്ടുവരിക, പാസ്സാക്കുക, അതാണു് ഇവിടെ ഇന്നു നടക്കുന്നതു്, അതിനെ എതിർക്കാതിരിക്കുവാൻ യാതൊരു നിവൃത്തിയുമില്ല. ഈ രാജ്യത്തെ പൗരനാണെന്നുള്ള നിലയിൽ ഇവിടുള്ള നിയമനിർമ്മാണ വ്യഭിചാരത്തെപ്പറ്റി എനിക്കു വളരെയധികം പറയാനുണ്ടു്. മി. വിശ്വനാഥൻ പറയുന്നതു കേൾക്കുമ്പോൾ തോന്നും, നിങ്ങൾക്കു ന്യായം പറഞ്ഞു മെമ്പറന്മാരുടെ മനസ്സിലാക്കിയിട്ടു വേണ്ട ഭേദഗതികളും ചെയ്യാമെന്നു്. അങ്ങനെയുണ്ടോ ഇവിടെ നടക്കുന്നു. ഭരിക്കുന്ന കക്ഷിക്കു 64 കൈകളും ഉണ്ടു്. അടിവാതലിൽകൂടി കയറികൊള്ളണമെന്നുള്ളതല്ലാതെ സത്യമോ, ന്യായമോ നോക്കി വോട്ടു ചെയ്യുക എന്നുണ്ടോ? പാർട്ടിയോ അല്ലെങ്കിൽ വിപ്പോ എത്രയൊക്കെ കയറി പറഞ്ഞാലും കേൾക്കുകയോ, അതോടൊപ്പിച്ചു വല്ല അഭിപ്രായഭേദഗതികളും മാറ്റുകയോ ചെയ്യുന്നുണ്ടോ? നിങ്ങളുടെ കാര്യം മാത്രമല്ല ഞാൻ പറയുന്നതു്. ഞങ്ങളുംകൂടി നിങ്ങളുംകൂടി ഒരുപോലെതന്നെ അനുഭവം. അതുകൊണ്ടു് കാര്യങ്ങൾ ഈ സഭയിൽ പറഞ്ഞിട്ടു അഭിപ്രായഭേദഗതി മാറ്റുകയും അതനുസരിച്ചു ഭേദഗതി വരുത്തുകയും ചെയ്യാമെന്നുള്ളതു കള. അങ്ങനെ ചെയ്യാമെന്നു മി. വിശ്വനാഥൻ പറഞ്ഞതു് അബദ്ധമാണു്, തെറ്റാണു്, അനീതിയാണു്. അങ്ങിനെ ഇവിടെ നടക്കുന്നില്ല. അടുത്ത കാലത്തു പാസാക്കിയിട്ടുള്ള നിയമങ്ങളെപ്പറ്റി നോക്കാം. നാം കാർഷിക പരിഷ്ക്കരണ നിയമം പാസ്സാക്കി ഇപ്പോൾ നടപ്പിലാക്കുവാൻ പോവുകയാണു്. അതിനകത്തു ഒരു നിയമം പറഞ്ഞിരിക്കുന്നതു 1957 ഡിസംബർ 18-ാംതീയതിക്കുശേഷം നടത്തുന്ന, നടത്തിയ സർവ്വ തീറാധാരങ്ങളും ഒറ്റിപ്രമാണങ്ങളും മറ്റു പ്രമാണങ്ങളും അസാധുവാണെന്നാണു്. എന്തൊരു മര്യാദകേടാണെന്നു നോക്കുക. ഞാൻ അന്നേ എതിർത്തതാണു്.

മി. സ്പീക്കർ: ഇപ്പോൾ ഈ നിയമത്തെ സംബന്ധിച്ചു പറഞ്ഞാൽ മതിയല്ലോ?

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈ കാർപ്പറേഷനെ സംബന്ധിച്ചും അതുമാതിരി തെറ്റായ നിയമങ്ങൾ ഉണ്ടാക്കാൻ പോകുന്നുവെന്നു എന്നു പറയുവാൻ വേണ്ടി പറഞ്ഞതാണു്. അപ്പോൾ ഇതൊക്കെ അതിന്റെ പിന്നിൽ പറയാതെ പെട്ടെന്നങ്ങു പറഞ്ഞാൽ സാധാരണക്കാർക്കു മനസ്സിലാകുകയില്ല.

മി. സ്പീക്കർ: ഇതൊന്നും പറയാതെതന്നെ മനസ്സിലാക്കാൻ കഴിയും.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഒരുപക്ഷേ അങ്ങേക്കു മനസ്സിലായേക്കും. സാധാരണക്കാർക്കു മനസ്സിലായില്ല എന്നു വരും. അവർക്കു മനസ്സിലാക്കുവാൻ വേണ്ടി ഞാൻ ഈ കാര്യങ്ങൾ അവസ്സു പിന്നിൽ പറഞ്ഞുപോയതാണു്. റോമാ നഗരം കത്തിയെരിഞ്ഞപ്പോൾ നീറോ ചക്രവർത്തി വീണവായിച്ചുവെന്നു നാം കേട്ടിട്ടില്ലേ? അങ്ങനെ റോമാ നഗരം കത്തിയെരിയുവാനുള്ള കാരണം അന്നു അവിടെ നിലവിലിരുന്ന കാർപ്പറേഷൻ നിയമത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് ചാഴിക്കാടൻ]

അവ്യക്തത കൊണ്ടായിരുന്നു. റോമാ നഗരത്തിൽ ശരിയായ കാർപ്പറേഷൻ നിയമം ഇല്ലായിരുന്നു. അതുകൊണ്ട് അവിടുള്ള പ്രമാണിമാർ എല്ലാവരും കൂടി അവിടുള്ള റോഡിനു വീതിയില്ലെന്നും, ഒരു കുതിരപ്പുറത്തു ഒരു 'പ്ലീബിയൻ' വരികയാണെങ്കിൽ, അതിനെതിരെ 'പട്രീഷന്റെ' ഒരു കാള വണ്ടിയും വരികയാണെങ്കിൽ പട്രീഷന്റെ കാളവണ്ടി തെക്കോട്ടും പ്ലബിയന്റെ കുതിരവണ്ടി വടക്കോട്ടും പൊയ്ക്കൊള്ളണമെന്നായിരുന്നു അവിടത്തെ കാർപ്പറേഷൻ ചട്ടം. ഇതേ സംബന്ധിച്ച പല ആവലാതികളും ചക്രവർത്തിയുടെ അടുക്കൽ പോയി. റോഡിനു വീതി കൂട്ടണമെന്നു ചക്രവർത്തിക്കു ആഗ്രഹമുണ്ടായിരുന്നെങ്കിലും ആരും ഒരു ഇഞ്ചു ഭൂമിപോലും വിട്ടുകൊടുക്കുവാൻ കൂട്ടാക്കിയില്ല. അപ്പോഴാ നീറോ വിചാരിച്ചു, ഇതിനെന്താ ഒരു വഴി. അങ്ങനെ കണ്ടുപിടിച്ചതാണ് നഗരം മുഴുവനും കത്തിക്കട്ടെ, എന്നിട്ടു വേറൊരു ടൗൺ ഉണ്ടാക്കാം; എന്നു്. അതുകൊണ്ടാണു് റോമാ കത്തിയെരിഞ്ഞപ്പോഴും നീറോ വീണ വായിച്ചതു്. അതോടുകൂടി റോഡുകൾക്കു വീതിവന്നു, സകല കെട്ടിടങ്ങളും മാറ്റി സ്ഥാപിച്ചു. ഇതെല്ലാം സംഭവിച്ചതു് കാർപ്പറേഷൻ നിയമം ഇല്ലാതിരുന്നതുകൊണ്ടാണു്. അതുപോലെ ഏതെങ്കിലും ഒരു റോഡിന്റെ വീതി കൂട്ടുന്നതിനോ, അല്ലെങ്കിൽ ഒരു കുളം കുഴിക്കുന്നതിനോ, ഉള്ള അധികാരം കാർപ്പറേഷനു കൊടുക്കേണ്ടതാണു്.

മി. സ്പീക്കർ: ഇവിടെ എവിടമാണു് കത്തിക്കേണ്ടതു്.

ശ്രീ. ജോസഫ് ചാഴിക്കാടൻ: കൊള്ളരുതാത്ത വല്ലയിടവും ഉണ്ടെങ്കിൽ അവിടം കത്തിക്കണം. കത്തിക്കാതെതന്നെ നിയമം മൂലം ശരിയാക്കിയെടുക്കാമോ എന്നാണു് നാം നോക്കേണ്ടതു്.

കഴിഞ്ഞ ആഴ്ചയിൽ ഒരു നിയമമുണ്ടാക്കി. 1957 മുതൽ 58 വരെ പിരിച്ചെടുത്ത സെയിൽസ് ടാക്സ് തിരിച്ചുകൊടുക്കണമെന്നു് ഒരു കോടതിയിൽ നിന്നും വിധിയുണ്ടായി. എന്നാൽ ഇപ്പോഴാ 1964—ൽ അതു തിരിച്ചു കൊടുക്കേണ്ട എന്നും പറഞ്ഞു ഒരു ബില്ലു കൊണ്ടുവന്നിരിക്കുന്നു. എന്തു് മര്യാദ കേടായിട്ടുള്ള ഒരു നിയമമാണതു്. വലിയ അക്രമിയായിരുന്ന വേലുത്തമ്പി ദളവായുടെ കാലത്തുപോലും ഇത്ര കടുത്ത നിയമങ്ങൾ ഉണ്ടായിരുന്നില്ല. മറ്റുള്ളവരുടെ കൈയിൽനിന്നും പണം പിടിച്ചുപറിക്കുകയും, സാധുക്കളിൽനിന്നു് പണം വാങ്ങിക്കുകയും ചെയ്യുവെന്നല്ലാതെ ഇങ്ങനെ നിയമങ്ങൾ കൊണ്ടുവന്നിട്ടില്ല. ആ താരിപ്പാണു് ഇപ്പോഴും ഇവിടെ ഗവണ്മെന്റു് സ്വീകരിക്കുന്നതു്.

ശ്രീ. ഈ.പി. ഈപ്പൻ: ഈ പറയുന്നതെല്ലാം ആരു് കേൾക്കാൻ വേണ്ടിയാണു്?

ശ്രീ. ജോസഫ് ചാഴിക്കാടൻ: 'കാതുള്ളവർ കേൾക്കട്ടെ, കണ്ണുള്ളവർ കാണട്ടെ' എന്നു് ബൈബിളിൽ പറഞ്ഞിട്ടുള്ളതു് വായിച്ചിട്ടില്ലേ? അതേപോലെ ഇതും കാതുള്ളവർ കേൾക്കട്ടെ, കണ്ണുള്ളവർ കാണട്ടെ. ഇത്രയും മാത്രമേ എനിക്കു പറയുവാനുള്ള. 1116—ൽ ഏകദേശം ഇരുപത്തിമൂന്നു് കൊല്ലംമുമ്പു്, തിരുവനന്തപുരം പട്ടണത്തിന്റെ ഭരണത്തെ സംബന്ധിച്ചു് ഒരു നിയമം ഉണ്ടാക്കി. അതു് ഇപ്പോഴും നടപ്പിലിരിക്കുകയാണു്. 1963-ലാണു് കോഴിക്കോട്ടു് കോർപ്പറേഷനു് ഒരു നിയമം ഉണ്ടാക്കിയതു്. അതിൽ കോർപ്പറേഷനു് കൂടുതൽ അധികാരങ്ങളൊക്കെ കൊടുത്തിട്ടുണ്ടു്. അതിന്റെ ഫലമായി തിരുവനന്തപുരം കോർപ്പറേഷനിലെ പ്രതിനിധികളെല്ലാംകൂടി, ഗവണ്മെന്റിന്റെ അടുക്കൽചെന്നു്, കോഴിക്കോട്ട കോർപ്പറേഷൻ ആക്ടനുസരിച്ചു് അവിടത്തെ കോർപ്പറേഷനു് കൂടുതൽ അധികാരങ്ങളും കൊടുക്കണമെന്നും, അതനുസരിച്ചു് തിരുവനന്തപുരം കോർപ്പറേഷൻ നിയമത്തിലും മാറ്റങ്ങളും വരുത്തണമെന്നു് ആവശ്യപ്പെട്ടു. അതാണു് ഇതിലെ ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പറയുന്നതു്. അതിന്റെ ഫലമായി 1963—ൽ മാണ്ടു് കഴിഞ്ഞപ്പോൾ കോഴിക്കോട്ട കോർപ്പറേഷൻ നിയമമനുസരിച്ചു്, രണ്ടു കോർപ്പറേഷനുകളുടേയും നിയമം ഒരേ രീതിയിൽ കൊണ്ടുവരണമെന്നും,

LIBRARY ARCHIVES Kerala Legislative Assembly

അവയ്ക്കു കൂടുതൽ അധികാരം കൊടുക്കുന്നതിനുവേണ്ടിയുമാണു് ഈ നിയമം ഉണ്ടാക്കുന്നതെന്നു് ഇതിന്റെ ഉദ്ദേശങ്ങളിൽ ഗവണ്മെന്റു വിവരിച്ചിട്ടുണ്ടു്. അതിനനുസരിച്ചു് കൊണ്ടുവന്നിട്ടുള്ള നിയമത്തിൽ, കോഴിക്കോടു് കോർപ്പറേഷൻ നിയമത്തിൽ ജനങ്ങൾക്കു് കൊടുത്തിരുന്ന പല അധികാരങ്ങളും മാറ്റത്തക്ക രീതിയിലുള്ള വകുപ്പുകളാണുള്ളതു്. സർ, അതു് തെറ്റാണു്, അധികാര വികേന്ദ്രീകരണം കൈമാറ്റലല്ല. എന്നാൽ അധികാര വികേന്ദ്രീകരണം നടത്തണമെന്നും, ജനങ്ങളെ ഭരണകാര്യത്തിൽ പങ്കുകൊള്ളിക്കണമെന്നും, പഞ്ചായത്തു് രാജു് സ്ഥാപിക്കണമെന്നുമെല്ലാമാണു് പ്രസംഗം. പക്ഷേ കോഴിക്കോടു് കോർപ്പറേഷനു് 1963-ൽ പാസ്സാക്കികൊടുത്തിട്ടുള്ള അധികാരങ്ങളിൽ പലതും ഗവണ്മെന്റു സ്വയം ഏറ്റെടുത്തുകൊണ്ടു്, ഏകാധിപത്യം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പല വകുപ്പുകളും ഈ ബില്ലിൽ ചേർത്തിട്ടുണ്ടു്. ജനങ്ങളിൽ അധികാരം വിട്ടുകൊടുക്കുന്നതിനുവേണ്ടി ജനങ്ങൾക്കു് സാധാരണഗതിയിൽ ഇന്നുള്ളതിൽ കൂടുതൽ അധികാരം കൊടുക്കുന്നതിനുവേണ്ടി ഭാവിക്കുകയും, പറയുകയും, പ്രകടിപ്പിക്കുകയും ചെയ്യുന്ന ഗവണ്മെൻറതന്നെയാണു്, നിയമംമൂലം അവ ഓരോന്നോരോന്നായി ജനങ്ങളുടെ കൈയ്യിൽനിന്നും പിടിച്ചു പറിക്കാൻ ശ്രമിക്കുന്നതു്.

ശ്രീ. എൻ. ഗോപാലകുറുപ്പു്: ജനങ്ങൾ എന്നു പറയുന്നതു് ഉദ്യോഗസ്ഥന്മാരാണെന്നുള്ള നിലയ്ക്കു് അധികാരങ്ങളെല്ലാം അങ്ങോട്ടു എല്പിച്ചു കൊടുക്കരുതോ?

ശ്രീ. ജോസഫു് ചാഴിക്കാട്ടു്: ഞാൻ അതിനു് ഉത്തരം പറഞ്ഞാൽ കുറെ കടന്നുപോകും. അധികാരി വർഗ്ഗമെന്നു പറഞ്ഞാൽ അഞ്ചും ആറും മന്ത്രിമാരാണു്. ഇങ്ങനെയുള്ള നിയമങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും മറ്റും ജനപ്രതിനിധികളായിട്ടുള്ള നമ്മളുടെ അഭിപ്രായംകൂടി നോക്കേണ്ടതാണു്. അതുകൊണ്ടു് അവരെല്ലാം നോക്കിക്കൊള്ളുമെന്നു പറഞ്ഞാൽ സക്കാരിന്റെ മുകളിലിരിക്കുന്ന അഞ്ചോ ആറോ പേരുടെ ഉദ്ദേശങ്ങൾ മാത്രമേ നടക്കുകയുള്ളു. ജനങ്ങളുടെ ഹിതാനുസരണമുള്ള കാര്യങ്ങൾ നടക്കുകയില്ല. കോർപ്പറേഷൻ കൗൺസിലിനു് കൊടുക്കാവുന്നിടത്തോളം അധികാരങ്ങൾ കൊടുത്താൽ മാത്രമേ അധികാരവികേന്ദ്രീകരണം വരികയുള്ളു. ഒരു ഗവണ്മെൻറുദ്യോഗസ്ഥനെ ഗവണ്മെൻറിൽനിന്നും നിയമിക്കാമെന്നു് പറഞ്ഞിട്ടുണ്ടു്. അങ്ങനെയുള്ള ആളുകൾക്കു് പ്രവർത്തിക്കുന്നതിനു് കുറെ നിയന്ത്രണങ്ങളെല്ലാം വച്ചിട്ടുണ്ടു്. അതിനകത്തുനിന്നും പ്രവർത്തിക്കാമെന്നല്ലാതെ പുറത്തുപോകാൻ സാധിക്കയില്ല. ഇതു് പറയുമ്പോൾ എനിക്കു് ഒരു കാര്യമാണു് ഓർമ്മവരുന്നതു്. അതായതു് പിലാത്തോസു് ഒരിക്കൽ എഴുതുകയുണ്ടായി യഹൂദന്മാരുടെ രാജാവാണു് ക്രിസ്തുദേവനെന്നു്. എന്നാൽ യഹൂദന്മാരെല്ലാം കൂടി പിലാത്തോസിനെ സമീപിച്ചു പറയുകയുണ്ടായി, രാജാവു് എന്നുള്ള വാക്കു് എടുത്തുകളയണമെന്നു്. കാരണം യഹൂദന്മാരാണു് ക്രിസ്തുദേവനെ കൊന്നതു്, അതുകൊണ്ടു് ഇങ്ങനെ എഴുതിവെച്ചാൽ ഒരു കാലത്തു് രാജാവിനെ കൊന്ന യഹൂദന്മാർ എന്നവരും, അതുകൊണ്ടു് അതിൽനിന്നും രാജാവെന്നുള്ള വാക്കു് എടുത്തുകളയണമെന്നാവശ്യപ്പെട്ടു. എന്നാൽ പിലാത്തോസു് പറഞ്ഞതു് "what is written is written"

എഴുതപ്പെട്ടതു് എഴുതപ്പെട്ടതുതന്നെയാണു്, ഇനി മാറ്റം വരുത്താൻ സാധിക്കയില്ലെന്നു്. അന്നൊരു കോർപ്പറേഷൻ ഉണ്ടായിരുന്നുവെങ്കിൽ, ആ കോർപ്പറേഷന്റെ അധികാരം ഉപയോഗിച്ചു് ആവശ്യപ്പെടാമായിരുന്നു, രാജാവു് എന്നുള്ള പദം എടുത്തുകളയണമെന്നു്.

Mr. Speaker: You speak about the Bill.

ശ്രീ. ജോസഫു് ചാഴിക്കാട്ടു്: സർ, ഇതു് ബില്ലുമായിട്ടു് ബന്ധമുള്ളതാണു്. ഇനി ഞാൻ അങ്ങയേയും പഠിപ്പിക്കണമെന്നു് വന്നിരിക്കുകയാണു്. നിയമംമൂലം കോർപ്പറേഷനു് അധികാരമുണ്ടായിരുന്നുവെങ്കിൽ, അവയ്ക്കു് ആവശ്യപ്പെടാമായിരുന്ന രാജാവു് എന്നുള്ള പദം എടുത്തുകളയണമെന്നു്,

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇങ്ങനെ പോയാൽ പ്രസംഗം അവസാനിക്കുകയില്ല. അതുകൊണ്ട് ബില്ലിനെപ്പറ്റിയുള്ള കാര്യങ്ങളം മാത്രം പറഞ്ഞാൽ മതി.

ശ്രീ. ജോസഫ് ചാഴിക്കാട്ട': സർ, ഞാൻ ഈ ബില്ലിനെപ്പറ്റിതന്നെയാണ് സംസാരിക്കുന്നത്.

ശ്രീ. ഈ. പി. ഗോപാലൻ: ഈ ബില്ല് അവതരിപ്പിച്ച മന്ത്രി ഇതെല്ലാം കേൾക്കാനില്ലെങ്കിൽ പിന്നെയെന്തിനാണ് ഇതൊക്കെ പറയുന്നത്?

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇതൊന്നും കേൾക്കാനില്ലെന്ന് ഒരു മെമ്പർ കംപ്ലെയിൻറ് ചെയ്കയാണ്.

ശ്രീ. കെ. എ. ദാമോദരമേനോൻ: ഞാൻ എല്ലാം മുകളിൽ ഇരുന്നു കേൾക്കുകയുണ്ടായിരുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഏതായാലും എനിക്ക് പറയുവാനുള്ളത് ഇപ്പോൾ കൊണ്ടുവരുന്ന നിയമംമൂലം ഇപ്പോൾ കോർപ്പറേഷനു കൊടുത്തിട്ടുള്ള അധികാരത്തിനു ഒരു പണമിടപോലും കുറവുവരാൻ പാടില്ല എന്നാണ്. പക്ഷെ ഈ അമെൻറുമെൻറ് ബില്ലിൽ ഇപ്പോഴുള്ള അധികാരങ്ങളം പലതും എടുത്തുകളയുവാനുള്ള സെക്ഷനുകളം ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് അതിനെല്ലാം ഒരു മാറ്റം വരുത്തുന്നതിനു ഈ ബിൽ ഒന്നുകൂടി സെലക്റ്റ് കമ്മിറ്റിക്കയക്കേണ്ടതാണ്. ഇതിൽ പറയുന്നത് "in spite of the obstinacy of our majority colleagues of our committee not to accept our views". അപ്പോൾ ഇതിൽ മേജർ കമ്മിറ്റിയുമായി തർക്കമുണ്ടായിരുന്നില്ല. ഈ ബിൽ പാസ്സാക്കിയതിനുശേഷം മേജർ കമ്മിറ്റിയും മൈനർ കമ്മിറ്റിയുമായി വിളിച്ചുവരുത്തി രണ്ടുപേരുംകൂടി ഡിസ്കസ്ചെയ്യുക. ഇവിടെയുണ്ടായിരുന്ന നിയമത്തിലുള്ള അധികാരങ്ങളം എടുത്തുകളഞ്ഞുകൊണ്ടുള്ള ഒരു നിയമനിർമ്മാണം നടത്തുന്നതു ശരിയല്ല. ഞാൻ ചില ബില്ലുകളം കൊണ്ടുവന്നതിനെപ്പറ്റി ലീഗൽ സൈഡിനോടു ചോദിച്ചു. അവർ പറഞ്ഞിട്ടുള്ളതു, ലീഗൽസൈഡിൽനിന്നും പറയുന്നതു അനുസരിക്കാതെയാണ് ഇതെല്ലാം കൊണ്ടുവന്നിട്ടുള്ളതെന്നാണ്. ആരാണ് ഇതു പറഞ്ഞതെന്നു ഞാൻ പറയുന്നില്ല. അങ്ങനെ ചിലർക്ക് ഒരു മക്കട മുഷ്യിയുണ്ടെങ്കിലും ശ്രീ. ദാമോദര മേനോനു ആ മക്കടമുഷ്യിയില്ല. കോർപ്പറേഷൻ നന്നാകണം, അധികാര വികേന്ദ്രീകരണം വരണമെന്നുമെല്ലാം ആഗ്രഹമുള്ള ഒരാളാണ് അദ്ദേഹം. ഏതായാലും ദയവുചെയ്ത ഈ ബിൽ സെലക്റ്റ് കമ്മിറ്റിക്കയച്ച് ഒരു ദിവസമോ, രണ്ടു ദിവസമോ ഇതിനെപ്പറ്റി ചർച്ചചെയ്ത് ആവശ്യമായ മാറ്റങ്ങളം വരുത്തേണ്ടതാണ്. മാർച്ച് പതിനാലാം തീയതിയോ, പതിനഞ്ചാംതീയതിയോ ഒരു റിപ്പോർട്ട വരത്തക്കവണ്ണം, ഇതിലെ ഓബ്ജക്റ്റ്സ് ആൻഡ് റീസൺസ് മാറേറണ്ടതാണ്. രണ്ടു മൂന്നു പേരെക്കൂടി സെലക്റ്റുകമ്മിറ്റിയിൽ എടുത്തു ഇതിനെപ്പറ്റി ചർച്ച ചെയ്തു ആവശ്യമായ മാറ്റങ്ങളം വരുത്തുന്നതു ജനങ്ങൾക്കും നല്ലതാണ്, മന്ത്രിയ്ക്കും നല്ലതാണ്, രാജ്യത്തിനും നല്ലതാണ്, കോർപ്പറേഷനും നല്ലതാണ്.

ശ്രീ. കെ. എ. ദാമോദരമേനോൻ: ബഹുമാനപ്പെട്ട മെമ്പർ ആ വാചകം ഒഴിവാക്കി വായിച്ചുനോക്കിയില്ലെന്നു തോന്നുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സെക്ഷൻ നാൽപ്പത്തിമൂന്നു ഞാൻ വായിച്ചുനോക്കി.

ശ്രീ. കെ. അനിരുദ്ധൻ: സർ, ഇന്നു ഈ കാലിക്കട്ട് സിറ്റി മുനിസിപ്പൽ അമെൻറുമെൻറ് ബില്ലിൻെറ കൺസിഡറേഷൻ കഴിഞ്ഞു സെലക്റ്റ് കമ്മിറ്റിയുടെ ഡിസെൻറിംഗ് നോട്ടോടുകൂടിയുള്ള ഒരു റിപ്പോർട്ട് വന്നിരിക്കുകയാണ്. ഇതുസംബന്ധിച്ചു ബഹുമാനപ്പെട്ട ശ്രീ. ഈ. പി. ഗോപാലൻ അവതരിപ്പിച്ച, ഇതു ഫർതറായി സെലക്റ്റുകമ്മിറ്റിക്കു റഫർ ചെയ്യണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ള പ്രമേയത്തോട് എനിക്കു യോജിപ്പാണുള്ളതു്. അതിനു കാരണം സെലക്ററുകമ്മിറ്റിയിൽ പങ്കെടുത്തു് അതിൽ ഡിസെൻറിംഗ്നോട്ടു് രേഖപ്പെടുത്തിയപ്പോഴും പല കാര്യങ്ങളിലും യോജിക്കുവാൻ കഴിഞ്ഞുവെങ്കിലും മുഖ്യമായി ഒന്നുരണ്ടു കാര്യങ്ങളിൽ അടിസ്ഥാനപരമായിത്തന്നെ യോജിക്കുവാൻ നിവൃത്തിഹമില്ലാത്ത രീതിയിലായിരുന്നു ചില മെംബറന്മാരുടേയും പ്രത്യേകിച്ചു ചെയർമാൻറേയും അഭിപ്രായം. ബഹുമാനപ്പെട്ട വിശ്വനാഥൻ ഇവിടെ സംസാരിച്ചപ്പോഴും പഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും കൂടുതൽ അധികാരങ്ങൾ കൊടുക്കുകയാണു് ചെയ്യുന്നതെന്നു പറയുകയുണ്ടായി. അതോടൊപ്പംതന്നെ പഞ്ചായത്തുകളുടേയും മുൻസിപ്പാലിറ്റികളുടേയും അതുപോലെ മറ്റു സ്വയംഭരണസ്ഥാപനങ്ങളുടേയുംമേൽ നിയന്ത്രണമുണ്ടാക്കാൻ പൊതുവായി ഉദ്ദേശിക്കുന്നുവെന്നും, കൺട്രോൾഡു് ഡമോക്രസി ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. ഈ അഭിപ്രായം പുറപ്പെടുവിച്ചുഎന്നുമാത്രമല്ല ഇതു പുതുതായി യാതൊന്നും നഷ്ടപ്പെടാത്തതാണെന്നുംകൂടി പറയുകയുണ്ടായി. അതു നേരാംവണ്ണം ആ കാര്യങ്ങളെക്കുറിച്ചു് മനസ്സിലാക്കാതെയാണോ, അതല്ലെങ്കിൽ ചില കാര്യങ്ങൾ ഒളിച്ചുവച്ചിട്ടാണോ അദ്ദേഹം സംസാരിച്ചതെന്നു എനിക്കു് മനസ്സിലാകുന്നില്ല. ഇവിടെ മലയാളവർഷം 1116—ൽ തിരുവിതാംകൂർ എന്നൊരു രാജ്യമുണ്ടായിരുന്നു. ആ രാജ്യത്തിൽ അന്നു മഹാരാജാവാണു് നാടു വാണിരുന്നതു്. മഹാരാജാവാണു് നാടുവാണിരുന്നതെങ്കിലും ദിവാനായ സർ. സി. പി. രാമസ്വാമി അയ്യരായിരുന്നു അന്നിവിടെ ഭരണം നടത്തിയിരുന്നതു്. ഇന്നു നമ്മുടെ മന്ത്രിസഭയുടെ തലപ്പത്തിരിക്കുന്ന പല ആളുകളും ദേശീയപ്രസ്ഥാനത്തിൻറെ നിർണ്ണായകമായ ഘട്ടം വന്നപ്പോഴും അപകടം പിടിച്ചുതാണെങ്കിൽകൂടി ദേശീയപ്രസ്ഥാനത്തെ മനസ്സിലാക്കി അദ്ദേഹത്തോടൊപ്പം അഭിപ്രായം രൂപീകരിച്ചവരാണു്. അദ്ദേഹം ഒരു ജനാധിപത്യവിരോധിയാണെന്നും, നമ്മുടെ ദേശീയസ്വാതന്ത്ര്യസമ്പാദനത്തിനു വിഘാതമായ പ്രവർത്തിയാണു് അദ്ദേഹത്തിൻറെതെന്നും അഭിപ്രായമുള്ള ഒരാളായിരുന്ന ശ്രീ. ദാമോദരമേനോൻ. ദേശീയപ്രസ്ഥാനത്തിൽ വളരെയധികം പങ്കു് വഹിച്ചിട്ടുള്ള ഒരാളെന്ന നിലയിൽ ശ്രീ. ദാമോദരമേനോൻ കാർപ്പറേഷനെ സംബന്ധിച്ചു് ഒരു പുതിയ നിയമനിർമ്മാണം ചെയ്യുമ്പോഴും ജനാധിപത്യവിരോധിയും ഏകാധിപതിയുമായിരുന്ന സർ. സി. പി. രാമസ്വാമി അയ്യർ കൊണ്ടുവന്ന നിലയിലുള്ള ഒരു ജനാധിപത്യസ്വഭാവത്തേക്കാളും അല്ലെങ്കിൽ ഇത്തരം കാര്യങ്ങളിൽ അന്നു നിലവിലിരുന്ന നിയമത്തേക്കാളും പുറകോട്ടു പോകുന്നതു് ശരിയായിരിക്കുകയില്ലെന്നു ഓർമ്മിക്കുന്നതു നന്നു്. 1116—ലെ തിരുവനന്തപുരം കാർപ്പറേഷനെ സംബന്ധിക്കുന്ന നിയമം എഴുതിഉണ്ടാക്കിയപ്പോഴും അതിലില്ലായിരുന്ന ഒരു പ്രൊവിഷൻ—കാർപ്പറേഷനെ സൂപ്പർസീഡു ചെയ്യാനുള്ള പ്രൊവിഷൻ എന്തോ വലിയ ഒരുപകാരം ചെയ്യ എന്നുള്ള ഭാവത്തിലാണു് ഇന്നതു എടുത്തുമാററി അതിനു പകരം 'Dissolution of the council' എന്നാക്കിയിരിക്കുന്നതെന്നു ചില ആളുകളും ഇവിടെ പറയുകയുണ്ടായതു്. ആവക കാര്യങ്ങളെങ്കിലും മനസ്സിലാക്കാൻ കഴിവുള്ള ആളുകളാണു് നമ്മുടെ കേരളസംസ്ഥാനത്തിലുള്ളതു്. ഇന്നലെ ഒരു ചെറിയ ഇംഗ്ലീഷു് നോവൽ വായിച്ച കാര്യം എനിക്കിയവസരത്തിൽ ഓർമ്മവരികയാണു്. ഒന്നാം ലോകമഹായുദ്ധം അവസാനിച്ച അവസരത്തിൽ, ലോകത്തിൽ പാർലമെൻററിഡമോക്രസി വളർന്നു വികസിച്ചിട്ടുള്ള, നാം മാതൃകയായി സ്വീകരിച്ചിട്ടുള്ള ഇംഗ്ലണ്ടിൽ വെയിൽസിൻറെ ഒരുഭാഗത്തു് അവിടെയുള്ള കൗണ്ടികൗൺസിലുകളിലെ കൽക്കരിഖനികളിൽ വ്യാപകമായി നടന്ന ഒരു സമരത്തെത്തുടർന്നു് ആ പ്രദേശത്തു് മുഴുവൻ പോലീസുകാരും പട്ടാളക്കാരും കയറിക്കൂടെന്നു് വിലക്കിക്കൊണ്ടു് ബാനറുകൾ എഴുതിവച്ചിരുന്നു. വെയിൽസിലെ കൗണ്ടികൗൺസിലുകളെ റിപ്പബ്ലിക് എന്നാണു് പറയുന്നതു്. ജനാധിപത്യത്തിൻറേയും പാർലമെൻററി ഡമോക്രസിയുടേയും അവധൂതന്മാർ എന്നു പറയുന്ന ആളുകൾ താമസിക്കുന്ന ആ പ്രദേശത്തു് ഒന്നാം ലോകമഹായുദ്ധത്തിൻറെ അവസാനഘട്ടത്തിൽ അവർ ആ രീതിയിൽ പെരുമാറിയെന്നു എഴുത്തുകാർ അഭിപ്രായപ്പെടുന്നു. ഇവിടെ പാർലമെൻററി ഡമോക്രസിയെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും സംസാരിക്കുന്ന ആളുകൾ,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. അനിരുദ്ധൻ]

കാർപ്പറേഷനു് ഒരു ഭരണരീതി ഉണ്ടായതിനുശേഷം, പത്തുപതിനാറു കൊല്ലം കഴിഞ്ഞതിനുശേഷം—ഒരുപക്ഷേ എന്റെ സ്നേഹിതന്മാരോ, അല്ലെങ്കിൽ മന്ത്രിയോതന്നെ പറയും, ഒറീസായിലും യു. പി. യിലുമെല്ലാം ഇതുപോലെ സൂപ്പർസീഡു് ചെയ്യാനുള്ള പ്രൊവിഷൻ ഉണ്ടാക്കിയിട്ടുണ്ടു്, അതുകൊണ്ടാണു് ഇവിടേയും സ്വീകരിച്ചതെന്നു്; വെറും നാലാം ക്ലാസു് പഠിച്ചിട്ടുള്ള യു. പി. യിലേയും ഒറീസായിലേയും ആളുകളല്ല ഇവിടെയുള്ളതു്, ലോകത്തിലെ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള അല്ലെങ്കിൽ യൂണിവേഴ്സിറ്റി ബിരുദം നേടിയിട്ടുള്ള രാജ്യത്തിനു തത്തുല്യമായ യൂണിവേഴ്സിറ്റി ബിരുദവും സാക്ഷരതയും ഉള്ള ഈ കേരളസംസ്ഥാനത്തിൽ, അതിന്റെ ഒരു ഭാഗമായ തിരുവിതാംകൂർ പ്രദേശത്തുള്ള തിരുവനന്തപുരം കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം അതിന്റെ ഭരണം സൂപ്പർസീഡു ചെയ്യാനില്ലാതിരുന്ന ഒരു പ്രൊവിഷൻ, 1116—ലെ ആക്ടിലുള്ള ഒരു സാമാന്യമര്യാദയെങ്കിലും ഈ ബിൽ കൊണ്ടുവരുന്ന അവസരത്തിൽ സ്വീകരിക്കാമായിരുന്നു. ഇതു് കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചോ അല്ലെങ്കിൽ മറ്റു പ്രതിപക്ഷത്തിരിക്കുന്ന ആളുകളെ സംബന്ധിച്ചോ അല്ലെങ്കിൽ ഭരണകക്ഷിയിൽപ്പെട്ട ആളുകളെ സംബന്ധിച്ചോ മാത്രമുള്ള ഒരു പ്രശ്നമല്ല. കൊല്ലങ്ങൾക്കുമുമ്പുണ്ടായിരുന്ന അവകാശം തിരിച്ചുകൊടുക്കുന്ന ഒരു പ്രശ്നമാണു്. സർ, കാൽ നൂറ്റാണ്ടുകാലമായി ഭരണം നടത്തിക്കൊണ്ടിരിക്കുന്ന കാർപ്പറേഷന്റെ ഭരണം ഇതുവരെയായി തിരിച്ചെടുക്കേണ്ട യാതൊരു ആവശ്യവും ഗവണ്മെന്റിനുണ്ടായിരുന്നില്ല. അതിനുവേണ്ടിയുള്ള ഒരു തർക്കംപോലും നടന്നിട്ടില്ല. മാത്രമല്ല 20 കൊല്ലം മുൻപു് കാർപ്പറേഷനുണ്ടായിരുന്ന സൗകര്യങ്ങൾ, റവന്യൂ ഐറ്റംസു് ആനുപാതികമായി വേണമെന്നു ആവശ്യപ്പെട്ടതിനു് നിഷേധാത്മകമായ രൂപത്തിലാണു് ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും മറുപടി വന്നിട്ടുള്ളതെന്നു് എനിക്കു് കഴിഞ്ഞ അഞ്ചു കൊല്ലത്തെ കാർപ്പറേഷന്റെ പരിചയംകൊണ്ടറിയാം. അപ്പോഴും വാസ്തവത്തിൽ കാർപ്പറേഷനോടു് ഒരു അവഗണനാമനോഭാവം കാണിച്ചിട്ടുള്ളതു് ഗവണ്മെന്റിന്റെ ഭാഗത്തുനിന്നാണു്. കാർപ്പറേഷൻ കാര്യമായ യാതൊരു അവഗണനയും കാണിച്ചതായി ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഇന്നും ഇതുവരെയും യാതൊന്നും പറഞ്ഞിട്ടില്ല. തിരുവനന്തപുരം കാർപ്പറേഷന്റെ 20, 25 കൊല്ലക്കാലത്തെ പ്രവർത്തനത്തിനിടയിൽ ഗവണ്മെന്റിനു് സൂപ്പർസീഡു് ചെയ്യാനോ അല്ലെങ്കിൽ ഗവണ്മെന്റു് ബലം പ്രയോഗിച്ചു് പിരിച്ചുവിടുകയോ ചെയ്യേണ്ട കാര്യമുണ്ടായിട്ടില്ല. കഴിഞ്ഞ ഒന്നര കൊല്ലമായി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന കാലിക്കട്ടു് സിറ്റി മുൻസിപ്പൽ കാർപ്പറേഷനെ പിരിച്ചുവിടാനോ അല്ലെങ്കിൽ സൂപ്പർസീഡു ചെയ്യാനോ ഉള്ള ഒരു പ്രൊവിഷൻ ഉൾക്കൊള്ളിക്കരുതു് എന്നു്, ജനാധിപത്യത്തെക്കുറിച്ചും പാർലമെന്ററി ഡമോക്രസിയെക്കുറിച്ചും അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും സംസാരിക്കുന്ന രാഷ്ട്രീയപാർട്ടികളുടെ നേതാക്കന്മാരോടു് പ്രത്യേകമായും വിനീതമായും ഞാൻ അപേക്ഷിക്കുന്നു. ഇതു എന്തു കാര്യത്തിനുവേണ്ടിയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതു ഒരുപക്ഷേ ഞാൻ സംശയിക്കുന്നതു് യഥാർത്ഥത്തിൽ അപ്പഴപ്പോഴിരിക്കുന്ന രാഷ്ട്രീയകക്ഷികളുടെ ആവശ്യത്തിനുവേണ്ടി അവരുടെ അഭിപ്രായങ്ങൾ സ്വീകരിച്ചു് നടപ്പിലാക്കാൻവേണ്ടി മാത്രം, കാർപ്പറേഷൻ അധികൃതരേയും തെരഞ്ഞെടുക്കപ്പെട്ട സാമാജികന്മാരേയും ഭയപ്പെടുത്താൻവേണ്ടിമാത്രമുള്ള ഒരു പ്രൊവിഷനല്ലേ എന്നാണു്. ഇങ്ങനെയുള്ള ഒരു പ്രൊവിഷൻ ഉൾക്കൊള്ളിക്കുന്നതു് ശരിയല്ല: കാരണം കാർപ്പറേഷനിൽ തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിലറന്മാർ നമ്മുടെ നിയമസഭാസാമാജികന്മാരെപ്പോലെതന്നെ ഉത്തരവാദിത്വമുള്ളവരും വിവരമുള്ളവരുമാണു്. പോരെങ്കിൽ നമ്മുടെ നിയമസഭാസാമാജികന്മാരേക്കാളും പല കാരണങ്ങളാലും പല കാർപ്പറേഷൻ കൗൺസിലറന്മാരും പ്രഗൽഭന്മാരാണു്. അവർക്കു് വോട്ടു ചെയ്തു വിടുന്ന ആളുകളെ സംബന്ധിച്ചിടത്തോളം—ഞാൻ പ്രാദേശികമായി പഞ്ചായത്തുപ്രദേശങ്ങളിലുള്ള ജനങ്ങളെ ആക്ഷേപിക്കുകയല്ല—എങ്കിലും യൂണിവേഴ്സിറ്റികളും കോളേജുകളും അതുപോലെതന്നെ പ്രധാനപ്പെട്ട വ്യവസായകേന്ദ്രങ്ങളുമുള്ള കേരളത്തിന്റെ മുഖ്യമായ സിറ്റി

LIBRARY ARCHIVES Kerala Legislative Assembly

കളിലെ ആളുകളാണ് കാർപ്പറേഷനിലെ കൗൺസിലറന്മാരെ തിരഞ്ഞെടുത്തു് അയയ്ക്കുന്നതെന്നുള്ള കാര്യം ഓർമ്മിക്കുമ്പോഴെങ്കിലും ഒരുപക്ഷേ നമ്മുടെ നിയമസഭാ മെംബറന്മാരേക്കാളും മെച്ചപ്പെട്ട ആളുകളെ കാർപ്പറേഷൻ കൗൺസിലിനകത്തു വരുമെന്നുള്ള കാര്യം മനസ്സിലാക്കണം. അതുകൊണ്ടു് അവർ അലക്ഷ്യമായി കാര്യങ്ങളെ കൈകാര്യം ചെയ്യും, രാജ്യം അപകടത്തിലാകും, ജനാധിപത്യം നശിച്ചുപോകും എന്നു പറഞ്ഞു് അധികാരം നമ്മുടെ കയ്യിലാണു് വേണ്ടതു് എന്നു പറയുന്നതു് തെറ്റാണു്, നീതീകരിക്കാൻ പാടില്ലാത്തതാണു്. നൂറു മൈൽ നടന്നാൽമാത്രം ഒരു നാലാം ക്ലാസ്സുകാരനെ കണ്ടെത്തുന്ന യു. പി. യുമായും ചുവർചിത്രങ്ങളെ കാണിച്ചു് അക്ഷരം പഠിപ്പിക്കുന്ന ഒറീസ്സായുമായും ഈ കേരളസംസ്ഥാനത്തെ കണക്കുകൂട്ടരുതു്. അതുകൊണ്ടു് ഇതു് പുനഃപരിശോധന ചെയ്യണം. സെലക്ടുകമ്മിറ്റിക്കു് റഫർ ചെയ്യുന്നതിനുമുൻപു് ഒന്നുകൂടി ഇതിനെക്കുറിച്ചു് ആലോചിക്കുകയും തിരുത്തുകയും ചെയ്യണമെന്നു ഞാൻ വിനീതമായി അപേക്ഷിക്കുന്നു. ഇതു് സെലക്ടുകമ്മിറ്റിക്കു് റഫർ ചെയ്യണമെന്നുള്ള പ്രമേയത്തോടു് ഞാൻ യോജിക്കുന്നു.

[Mr. Chairman in the Chair]

ശ്രീ. പി. വിശ്വംഭരൻ: സർ, ഈ ബില്ലു് വീണ്ടും സെലക്ടുകമ്മിറ്റിക്കയയ്ക്കണമെന്ന ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. [തിരി 11 a. m. ച്ചയയ്ക്കേണ്ട ആവശ്യമില്ലെന്നു വാദിച്ചുകൊണ്ടു് ബഹുമാനപ്പെട്ട ശ്രീ. വിശ്വനാഥൻ പറഞ്ഞതു്, വളരെ അവധാനതയോടുകൂടി സെലക്ടുകമ്മിറ്റി ചർച്ച ചെയ്തു, അതുകൊണ്ടു് തിരിച്ചയയ്ക്കേണ്ട എന്നായിരുന്നു. ഇതിനു തൊട്ടുമുമ്പൊരു ബിൽ നമ്മൾ സെലക്ടുകമ്മിറ്റിക്കു് തിരിച്ചയച്ചു. അതു പരിഗണിച്ച സെലക്ടുകമ്മിറ്റി അംഗങ്ങളും ഈ നിയമസഭയിലെ അംഗങ്ങൾതന്നെയായിരുന്നു. സ്വാഭാവികമായും ആ ബില്ലും ആ സെലക്ടുകമ്മിറ്റി വളരെ അവധാനതയോടുകൂടിതന്നെ ചർച്ച ചെയ്തിരിക്കാനാണു് ഇട. എങ്കിലും അതിൽ പുനഃപരിശോധന ആവശ്യമുണ്ടെന്നു് മുഖ്യമന്ത്രിയുടെ സമ്മതിക്കത്തക്കവിധത്തിൽ കാര്യങ്ങൾ വന്നുകൂടി. അതുകൊണ്ടു് ഈ ബില്ലു് തിരിച്ചയയ്ക്കുന്നതു് ഒരുവിധത്തിലും ഇതു് പരിശോധിച്ച സെലക്ടുകമ്മിറ്റി അംഗങ്ങളുടെ പ്രവർത്തനത്തെ ചോദ്യം ചെയ്യുന്നതല്ല. വീണ്ടും ഈ സെലക്ടുകമ്മിറ്റിക്കുതന്നെ അയയ്ക്കുന്നതിനും ഞാൻ എതിരല്ല. സർ, പിന്നെ അദ്ദേഹം പറഞ്ഞതു്, പഞ്ചായത്തുനിയമങ്ങളിലും മറ്റും ഈ മാതിരി വകുപ്പുകൾ ഉണ്ടെന്നാണു്. എനിക്കുമുമ്പു സംസാരിച്ച ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ പറഞ്ഞതുപോലെ പഞ്ചായത്തുകളേയും സിറ്റി കാർപ്പറേഷനേയും ഒരുപോലെ വീക്ഷിക്കുന്നതു ശരിയല്ല. ഞാൻ മറ്റൊരുവശം പറയുകയാണു്. പഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്തു് സാവ്രതികമായി രൂപം പ്രാപിച്ചിട്ടു് 10 വർഷമേ ആകുന്നുള്ളു. പക്ഷേ ഈ നഗരസഭകൾ അനേകം വർഷങ്ങളായി, 10–50 വർഷങ്ങളായിത്തന്നെ നഗരസഭകളായി പ്രവർത്തിച്ചുവരികയാണു്. തിരുവനന്തപുരം കാർപ്പറേഷൻ 116-ൽ കാർപ്പറേഷനായതാണു്. 23 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു് കൂടുതൽ കഴിവുള്ള ആളുകൾ കടന്നുകൂടുന്നു എന്നുള്ള ശ്രീ. അനിരുദ്ധന്റെ വാദഗതി മാത്രമല്ല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ പാരമ്പര്യവും പരിചയവും, ഈ സ്ഥാപനങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടെന്നുള്ള വസ്തുതയുംകൂടി നാം പരിഗണിക്കേണ്ടതാണു്. ഇങ്ങനെ നോക്കുമ്പോൾഇതിനുമുമ്പു് ഈ സംസ്ഥാനത്തുതന്നെ ഉണ്ടായിരുന്ന നിയമങ്ങളിൽ ഇല്ലാതിരുന്ന വകുപ്പുകൾ സ്വയംഭരണസ്ഥാപനങ്ങളെ പിരിച്ചുവിടുന്ന വകുപ്പുകൾ ഇതിൽ കൂട്ടിച്ചേർത്തതിനു് ന്യായീകരണമൊന്നുമില്ല. ഗവണ്മെന്റിനു് കുറെയൊക്കെ അധികാരം വേണമെന്നു് നമുക്കു് സമ്മതിക്കാം. ആരും തെറ്റു ചെയ്യുകയില്ലെന്നുവരും. പക്ഷേ എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു്, പ്രധാന നിയമത്തിന്റെ ഒറിജിനൽ ആക്ടിന്റെ 41–42 എന്നീ വകുപ്പുകളിൽ ഇങ്ങനെ എന്തെങ്കിലും തെറ്റുകളോ, ഇല്ലെങ്കിൽ ചെയ്യേണ്ടതു് ചെയ്യാതിരിക്കുന്ന അവസ്ഥയോ വന്നുകഴിഞ്ഞാൽ അതു് പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടു്. കാർപ്പറേഷൻ ചെയ്യേണ്ട കർത്തവ്യം ചെയ്തില്ലെന്നുവന്നാൽ, ഇന്നയിന്ന കാര്യങ്ങൾ ഇന്നയിന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. വിശ്വംഭരൻ]

രീതിയിൽ നിർവഹിക്കണമെന്ന കാർപ്പറേഷനോട് ഗവണ്മെൻറിന് നിർദ്ദേശിക്കുവാനുള്ള വ്യവസ്ഥകളുണ്ട്. അതുമാത്രമല്ല ഇങ്ങനെയുള്ള നിർദ്ദേശം കാർപ്പറേഷൻ സ്വീകരിക്കാതെവന്നാൽ അതു് നിർബ്ബന്ധമായും ഗവണ്മെൻറിനു നടപ്പിൽ വരുത്താനുള്ള വ്യവസ്ഥകളും 42—ൽ ഉണ്ട്. ഏതെങ്കിലും ചുമതലകൾ കാർപ്പറേഷൻ ശരിക്കു നടത്തുന്നില്ല എന്നു ഗവണ്മെൻറിനു തോന്നിയാൽ ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുള്ള ചുമതലകൾ കാർപ്പറേഷൻ നിർവഹിക്കുന്നില്ല എന്നു കണ്ടാൽ ആ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള അധികാരം ഈ നിയമംമൂലം ഗവണ്മെൻറിനു നൽകിയിട്ടുണ്ട്. അങ്ങനെ നിയമിക്കുന്ന ഉദ്യോഗസ്ഥന്റെ ശമ്പളം കാർപ്പറേഷന്റെ ഫണ്ടിൽ നിന്നു് പിടിച്ചെടുത്തു കൊടുക്കുന്നതിനുപോലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ നിലയ്ക്ക് കാർപ്പറേഷൻ പിരിച്ചുവിടേണ്ട ഒരു വ്യവസ്ഥയുടെ ആവശ്യമെന്താണെന്നു് ഞാൻ ചോദിക്കുകയാണു്. എന്നുമാത്രമല്ല അധികാരത്തിൽ കവിഞ്ഞുള്ള എന്തെങ്കിലും തീരുമാനങ്ങൾ കാർപ്പറേഷൻ എടുത്തുകഴിഞ്ഞാൽ ആ തീരുമാനങ്ങൾ റദ്ദ് ചെയ്യാനും, ഭേദഗതി ചെയ്യാനുമുള്ള അധികാരങ്ങളും ഈ നിയമത്തിന്റെ 43-ാം വകുപ്പനുസരിച്ചും ഗവണ്മെൻറിനു നൽകിയിട്ടുണ്ട്. അതുകൊണ്ടു് 41, 42, 43 എന്നീ വകുപ്പുകളുള്ള അവസരത്തിൽ 43 (എ) എന്നു പറയുന്ന പുതിയ വകുപ്പിനു് യാതൊരു ന്യായീകരണവുമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. ഓരോ ദിവസം കഴിയുന്തോറും കൂടുതൽ കൂടുതൽ അധികാരങ്ങൾ ഈ മാതിരിയുള്ള ജനകീയ സ്ഥാപനങ്ങളിലേക്കു് പകർന്നുകൊടുക്കുകയാണു് ഗവണ്മെൻറിന്റെ നയമെന്നു് അവകാശപ്പെടുകയാണെന്നുണ്ടെങ്കിൽ ഈ പുതിയ 43 (എ) വകുപ്പു് ആ അവകാശവാദത്തെ നിഷേധിക്കുകയാണു് ചെയ്യുന്നതു്. ഇതാണു് എനിക്കു പ്രത്യേകമായി ചൂണ്ടിക്കാണിക്കാനുള്ളതു്. ഈ ഭേദഗതി ബിൽ ആദ്യം അവതരിപ്പിച്ച അവസരത്തിൽ ഉണ്ടായിരുന്നതിൽനിന്നു്, അന്നു് ഞങ്ങൾ നിർദ്ദേശിച്ച ചില ഭേദഗതികളെല്ലാം സ്വീകരിച്ച സെലക്ട്കമ്മിറ്റി എന്നുള്ളതു ശരിയാണു്. പക്ഷേ പ്രധാനമായും, കാതലായും ജനാധിപത്യതത്ത്വത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങളെ സംബന്ധിക്കുന്ന ഈ പ്രധാന കാര്യത്തിൽ സെലക്റ്റുകമ്മിറ്റിയുടെ നിലപാടു് സ്വീകാര്യമല്ലെന്നാണു് എനിക്കു പറയാനുള്ളതു്. വളരെ അവധാനതയോടുകൂടിയാണു് ഈ ബിൽ സെലക്റ്റുകമ്മിറ്റി പരിശോധിച്ചതെന്നു് സമ്മതിക്കാൻ നിവൃത്തിയില്ല. ഞാൻ ഒരുദാഹരണംമാത്രം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണു്. ഈ ഭേദഗതിബില്ലിന്റെ 13-ാം വകുപ്പിൽ കൗൺസിൽ അംഗങ്ങളും മേയറും ചെയ്യേണ്ട സത്യപ്രതിജ്ഞയുടെ വാചകം കൊടുത്തിട്ടുണ്ട്. അടുത്ത കാലത്തു് നമ്മുടെ ഭരണഘടനയിൽ ഒരു ഭേദഗതി വരുത്തിയെന്നുള്ള വസ്തുത സെലക്റ്റുകമ്മിറ്റി വിസ്മരിച്ചിരിക്കുകയാണു്. നമ്മുടെ ഭരണഘടനയോടു് കൂറു പ്രകടിപ്പിക്കുന്നു എന്നും, തങ്ങളുടെ ചുമതലകൾ നിർഭയമായും നിഷ്പക്ഷമായും നിർവഹിക്കാമെന്നുമുള്ള സത്യവാചകത്തിനു് ഈ അടുത്ത കാലത്തു് ഒരു ഭേദഗതി ഉണ്ടായിട്ടുണ്ട്. സത്യവാചകം കൊടുത്തിട്ടുള്ള ഭരണഘടനയുടെ 3—ാം ഷെഡ്യൂളിൽനിന്നു് ഇതു് കോപ്പി ചെയ്തതാണു്. അടുത്ത കാലത്തു് ഈ സഭതന്നെ ചർച്ച ചെയ്തു് അംഗീകരിച്ച ഭരണഘടനയുടെ 16-ാം ഭേദഗതിയിൽ 'ഭാരതത്തിന്റെ പരമാധികാരവും, ഐക്യതയും കാത്തുസൂക്ഷിക്കും' എന്നുകൂടി പ്രതിജ്ഞചെയ്യണമെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്പോഴും ഭരണഘടനയുടെ നിർദ്ദേശങ്ങളിൽ ഉറച്ചുകൊണ്ടുവരുന്ന ആളുകളെല്ലാംതന്നെ ഈവിധത്തിൽ സത്യപ്രതിജ്ഞ എടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. അടുത്ത കാലത്തു് ഈ ഭേദഗതി പാസ്സായതിനുശേഷം ഉത്തരപ്രദേശിലാണെന്നു തോന്നുന്നു, മന്ത്രിമാർ തെറ്റായി സത്യപ്രതിജ്ഞ ചെയ്തതു് അസാധുവാണെന്നു സ്പീക്കർ പ്രഖ്യാപിക്കുകയും, പിന്നീടു് മന്ത്രിമാർ ഭരണഘടനയിലെ പുതിയ സത്യപ്രതിജ്ഞാവാചകം ചൊല്ലുകയും ചെയ്ത വിവരം ഈ അവസരത്തിൽ സ്മരിക്കേണ്ടതാണു്. പക്ഷേ ഇവിടെ പഴയ അതേ വാചകംതന്നെ കൊടുത്തിരിക്കുകയാണു്. 'I will uphold sovereignty and integrity of India' എന്നുള്ള ഭാഗംകൂടി കൂട്ടിച്ചേർക്കേണ്ടതായിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള ഭേദഗതികളൊന്നുംതന്നെ ഭേദഗതിലിസ്റ്റിൽ കാണുന്നില്ല എന്നുള്ളതാണു്. അതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ഇതൊരു ഓർഡർ ഭേദഗതിയായിട്ട് മന്ത്രിതന്നെ അവതരിപ്പിക്കുകയോ, ഇല്ലെങ്കിൽ ആരെങ്കിലും അവതരിപ്പിക്കാൻ അനുമതി നൽകുകയോ ചെയ്തുകൊണ്ട് ഇതുക്കൂടി ഉൾപ്പെടുത്തണം എന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. ഇതു് സെലക്ട്കമ്മിറ്റിക്കു് തിരിച്ചുപോകുന്ന അവസരത്തിൽ ഈ ഭേദഗതികളും കൂടി വരുത്താൻ സാധിക്കുമെന്നാണ് എനിക്ക് പറയാനുള്ളതു്. ഇതൊരു നിസ്സാരമായ കാര്യമായി തള്ളിക്കളയരുതു്. വളരെ ഗൗരവത്തോടുകൂടി രൂപീകരിച്ച ഒരു സംഘടനയിൽ ഇങ്ങനെ ഒരു മാറ്റം അനിവാര്യമാണെന്നു പാർലമെന്റും നിയമസഭയുമൊക്കെ അംഗീകരിച്ചതു് ഇനിയുണ്ടാകുന്ന ബില്ലുകളിൽ വിട്ടുകളയുന്നതു ശരിയല്ല. ഞാൻ പറയുന്നതു് ബഹുമാനപ്പെട്ട ശ്രീ. കെ. കെ. വിശ്വനാഥൻ പറയുന്നതുപോലെ അത്രയേറെ അവധാനതയോടുകൂടി സെലക്റ്റുകമ്മിറ്റി പരിശോധിച്ചതാണെന്നു സമ്മതിക്കുവാൻ നിവൃത്തിയില്ലെന്നാണ്. അതുകൊണ്ടു് ഈ ബില്ലു് വീണ്ടും സെലക്റ്റുകമ്മിറ്റിക്കയയ്ക്കണമെന്നുള്ള അഭിപ്രായത്തോടു് ഞാനും യോജിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ : സർ, കാലിക്കട്ടു് സിറ്റി മുനിസിപ്പൽ ഭേദഗതി ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ടു് വീണ്ടും സെലക്ട് കമ്മിറ്റിക്കു് അയയ്ക്കേണ്ടതാണു്. ബില്ലിന്റെ ഓബ്ജക്ട്സ് ആൻറ് റീസൺസിൽ പറഞ്ഞിട്ടുള്ളതു് തിരുവനന്തപുരം കാർപ്പറേഷനു് ഒരു പ്രത്യേക നിയമം ഉണ്ടാക്കാൻ വിഷമമുള്ളതുകൊണ്ടു് കാലിക്കറ്റ് സിറ്റി മുനിസിപ്പൽ ബിൽ ഭേദഗതിവരുത്തി, ബാധകമാക്കണമെന്നാണു് വളരെ അടുത്ത കാലത്തു് പാസാക്കിയതാണു് കാലിക്കട്ടു് സിറ്റി മുനിസിപ്പൽ ആക്ട്. അതിൽ ആവശ്യമായിട്ടുള്ള ഭേദഗതികളോടുകൂടി പാസാക്കുകയാണെന്നുണ്ടെങ്കിൽ യാതൊരു വിഷമവും കൂടാതെ തിരുവനന്തപുരം സിറ്റിക്കു് അതു ബാധകമാക്കാം. ഈ ആവശ്യത്തിനു് ഉള്ള ഭേദഗതികളും മാത്രമല്ല ഈ സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ ഉള്ളതു്. പ്രസ്തുത ഉദ്ദേശം സാധിക്കുന്നതിനുള്ള ഭേദഗതികളുംമാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബില്ലാക്കേണ്ടതാണു് ഇതു്. അതല്ലാതെ സെലക്ട്കമ്മിറ്റി റിപ്പോർട്ടിലെ ക്ലാസ് 10-ക്ലാസ് 11 ഇവയൊക്കെകൊണ്ടുദ്ദേശിക്കുന്ന വകുപ്പുകളും എന്താവശ്യത്തിനാണു് ഉൾപ്പെടുത്തിയതു് എന്നുള്ളതിനെപ്പറ്റി ഒരു വിവരണവും ഇവിടെ ഉണ്ടായിട്ടില്ല. ഒരു തത്വത്തെ അടിസ്ഥാനപ്പെടുത്തി തന്നെയാണു് ഇതു് സെലക്ട്കമ്മിറ്റിക്കു പോകണമെന്നു് ഞാൻ ആവശ്യപ്പെടുന്നതു്. സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽതന്നെ ഇതിന്റെ ആദ്യപേജിൽ ഏഴാമതായി കൊടുത്തിട്ടുള്ളതിൽ "Original Clauses 9 and 10:—Since these clauses take away powers so far enjoyed by the councils, the Committee decided to delete these clauses". എന്നെഴുതിയിട്ടുണ്ടു്. അതു് ശരിയുമാണു്. അടുത്ത ഒരവസരത്തിൽ ഈ നിയമസഭ സവിസ്തരമായി ചർച്ചചെയ്തുപാസാക്കി ആക്കിയിവന്നിട്ടുള്ളതാണു് കാലിക്കട്ടു് സിറ്റി മുനിസിപ്പൽ ആക്ട്. ഇതിലുള്ള വ്യവസ്ഥകളും മാറ്റാനുള്ള ഉദ്ദേശമല്ല ഈ ഭേദഗതി ബില്ലിനു് ഉള്ളതു്. ഇതിൽ അവശ്യം വേണ്ടുന്ന ചില ഭേദഗതികളും ചേർത്താൽ ഈ നിയമംതന്നെ തിരുവനന്തപുരം കാർപ്പറേഷനു ബാധകമാക്കാം. ഇനി ഉണ്ടാവുന്ന കോർപ്പറേഷനും ഈ നിയമം മതിയാകും. ഇതിലപ്പുറംവരുന്ന ഭേദഗതി ചെയ്യാവുന്നതല്ല. കാലിക്കട്ടു് സിറ്റി മുനിസിപ്പൽ ആക്ടിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളിൽ കുടികിടയെങ്കിലും കടന്നു കയ്യേറാൻ സെലക്ട്കമ്മിറ്റിക്കു് യാതൊരവകാശവുമില്ല ; അതിനു കാര്യമില്ല. അങ്ങനെയിരിക്കെ വളരെ പ്രധാനപ്പെട്ട ഒരു വകുപ്പു് ഈ സെലക്ട്കമ്മിറ്റി റിപ്പോർട്ടിൽ കയറിക്കൂടാൻ ഇടവന്നിട്ടുള്ളതു് സ്വീകാര്യമല്ല, എന്നാണു് എന്റെ വാദം. ഈ വാദത്തെ അടിസ്ഥാനപ്പെടുത്തി വീണ്ടും ഇതു് സെലക്ട്കമ്മിറ്റി ചർച്ചചെയ്യണം എന്നു് ഞാൻ ആവശ്യപ്പെടുന്നു. ഇതിലെ 10–11 വകുപ്പുകളാണു് പ്രധാനമായി എതിർക്കപ്പെടേണ്ടതു് അടിസ്ഥാനതത്വത്തെ ആസ്പദമാക്കിയിട്ടുള്ളതാണെന്നുള്ളതുകൊണ്ടു് സെലക്ട്കമ്മിറ്റി ഘട്ടത്തിൽതന്നെ സവിസ്തരമായ ചർച്ച ആവശ്യമാണു്. സർ, ജനാധിപത്യത്തിന്റെപേരിലും അധികാരവികേന്ദ്രീകരണത്തിന്റെ പേരിലും ഉള്ള ജനാധിപത്യാവകാശങ്ങളെ നിഹനിക്കുക. അധികാരത്തെകൂടുതൽകൂടുതൽ കേന്ദ്രീകരിക്കുക എന്നുള്ളതാണു് ഇവിടെ നടക്കുന്നതു്. നിലവിലുള്ള കാലിക്കട്ടു് സിറ്റി മുനിസിപ്പൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

ആക്ടിൽതന്നെ ഒരു കാർപ്പറേഷനെ മര്യാദക്കു നടത്തുന്നതിനുവേണ്ട അധികാരങ്ങളൊക്കെ ഗവണ്മെൻറിൽ നിക്ഷിപ്തമാണു്. ഈ ആക്ടിനാസ്പദമായിട്ടുള്ള ബിൽ ഇവിടെ ചർച്ച ചെയ്യുന്ന അവസരത്തിലും, സെലക്ട്കമ്മിറ്റി ഘട്ടത്തിലും നിയമസഭയിൽ ചർച്ചചെയ്ത അവസരത്തിലും ഗവണ്മെൻറിൽ നിക്ഷിപ്തമാകേണ്ട അധികാരത്തിൻെറ കുറവുകളെപ്പറ്റി ആരും സൂചിപ്പിച്ചതായി ഞാൻ ഓർക്കുന്നില്ല. ഈ മൂന്നുഘട്ടത്തിലും പ്രസ്തുത നിയമനിർമ്മാണത്തിൻെറ കാര്യത്തിൽ പങ്കെടുത്തിട്ടുള്ള ഒരാളാണു് ഞാൻ. ഇങ്ങനെ ഒരു നിയമം പാസാക്കി ആക്ടായി അതു് നടപ്പായിട്ടു് ഒന്നരക്കൊല്ലം തികഞ്ഞിട്ടില്ല. ഈ അവസരത്തിൽ ഗവണ്മെൻറിനു് അധികാരം കുറഞ്ഞുപോയതുകൊണ്ടുവന്ന വല്ല തകരാറിൻേറയും ഉദാഹരണം പറയാനുണ്ടെങ്കിൽ തരക്കേടില്ലായിരുന്നു. അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. എന്നിട്ടും പിന്നെ എന്താണു് ഗവണ്മെൻറിനു് ഒരു കാർപ്പറേഷനെ ഡിസാൾവു് ചെയ്യാനുള്ള അധികാരവുംകൂടി ഉണ്ടായിരിക്കണമെന്നു പറയാനുള്ള കാരണം? ഗവണ്മെൻറിനു് ഒരു മുനിസിപ്പൽ കാർപ്പറേഷനെ ഡിസാൾവു് ചെയ്യാനുള്ള അധികാരമില്ലാത്തതുകൊണ്ടു് വന്ന വിഷമമെന്താണെന്നു് ഇവിടെ പറഞ്ഞിട്ടില്ല. ഇത്തരം നിയമനിർമ്മാണങ്ങളുടെ കാര്യത്തിൽ തത്വമായി അംഗീകരിച്ചിട്ടുള്ള ഒരു കാര്യമുണ്ടു്. ഇന്നു് സ്റ്റേറ്റു ഗവണ്മെൻറിൻെറ നിലവാരത്തിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും പ്രായോഗികമായ രീതിയിൽ ചുവടെ ചുവടെ ഡീസെൻട്രലൈസു് ചെയ്യാനുള്ള ഒരു ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണു്. അതിൻെറ മുഴുവൻ പാഠമൊന്നുമായിട്ടില്ല, ആരംഭമേ ആയിട്ടുള്ളൂ. ആരംഭിക്കുന്നതുതന്നെ ഫലപ്രദമായി നടത്തുന്നതിനുപകരം ഇവിടെ അധികാരങ്ങളും കേന്ദ്രീകരിക്കാനുള്ള ജനാധിപത്യവിരുദ്ധമായ പ്രവണതയാണു് കാണുന്നതു്. അതുകൊണ്ടാണു് ഞാനിതിനെ ശക്തിയായി എതിർക്കുന്നതു്. മുമ്പുള്ള നിയമങ്ങളിലൊക്കെ ഡിസാൾവു് ചെയ്യാനും, സൂപ്പർസീഡു ചെയ്യാനുമുള്ള അധികാരങ്ങളുംതന്നെ ഉണ്ടായിരുന്നു, ഇതിൽ ഡിസാൾവു് ചെയ്യാനല്ലേയുള്ളൂ എന്നു് ശ്രീ. വിശ്വനാഥൻ പറയുന്നതു കേട്ടു. സൂപ്പർസീഡു ചെയ്യാനും ഡിസോൾവു് ചെയ്യാനും ഒക്കെ വ്യവസ്ഥചെയ്തിരുന്നവർ ജനാധിപത്യത്തിൻെറ ആളുകളായിരുന്നില്ല. ബ്രട്ടീഷുകാരുടെ ഉദ്ദേശത്തെ സംബന്ധിച്ചു് തഞ്ചം പറഞ്ഞതാണോ, കാര്യമായി പറഞ്ഞതാണോ, അതോ ഭരണം കൈയ്യിൽ കിട്ടാൻവേണ്ടി പറഞ്ഞതാണോ എന്നൊക്കെ ചോദിക്കാൻ തോന്നുന്നു. ജനാധിപത്യവ്യവസ്ഥിതിയിൽ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ അധികാരങ്ങളും ബാദ്ധ്യതകളും കീഴോട്ടുകീഴോട്ടുള്ള ഘടകങ്ങളിൽ ഡിസോൾവു് ചെയ്യണം എന്ന തത്വം അംഗീകരിക്കുന്നവർ, മുമ്പത്തെ നിയമത്തിൽ എന്തൊക്കെ ഉണ്ടായിരുന്നു എന്നല്ലാ നോക്കുക: പ്രഖ്യാപിച്ച തത്വം എങ്ങിനെ ഫലപ്രദമാക്കും എന്നാണു് ആലോചിക്കുക. അതുകൊണ്ടു്, കാലിക്കട്ടു് സിറ്റിമുനീസിപ്പൽ ആക്ടിനു വിഷ്വലൈസു് ചെയ്തിട്ടുള്ള കാര്യങ്ങൾക്കെതിരായി യാതൊന്നും ഈ ബില്ലിൽ ഉണ്ടാകുവാൻ പാടില്ല. ആ നിലയിൽ ഈ ഭേദഗതികളും ആകെ എടുത്തു് പരിശോധിക്കേണ്ടതാണു്. അങ്ങനെ വരുന്ന അവസരത്തിൽ ഇതിൽ തന്നെയുള്ള ക്ലാസു് 9, 16, 17 ഇവയൊക്കെതന്നെ പുനഃപരിശോധന ചെയ്യേണ്ടതാണു്. നേരിയ തോതിലാണെങ്കിൽപോലും കാലിക്കട്ടു് സിറ്റി മുനിസിപ്പൽ ആക്ടിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും യാതൊരു തരത്തിലും ഭേദിക്കുവാൻ പാടില്ല. സെലക്ടുകമ്മിറ്റി റിപ്പോർട്ടുവച്ചു് അവയൊന്നു പരിശോധിക്കണം. ഈ റിപ്പോർട്ടിലെ പോരായ്മകളും തകരാറുകളും തീർക്കാൻ അതാണു് വഴി. ഈ നിയമത്തിൻെറ കാര്യത്തിൽ മുൻപറഞ്ഞ തത്വത്തെ അടിസ്ഥാനപ്പെടുത്തി അതു ചെയ്യണം. എൻെറ അഭിപ്രായത്തിൽ അങ്ങനെ സെലക്ടു കമ്മിറ്റി പരിശോധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടോ സെലക്ടു കമ്മിറ്റി അതു ബൈപാസ്സു് ചെയ്തിട്ടുണ്ടു്. അതു പാടില്ലാത്തതായിരുന്നു. കോർപ്പറേഷനുകൾക്കു് ഒരു പൊതുനിയമം വേണമെന്നതുശരി. അതുണ്ടാക്കുമ്പോൾ കൊടുത്ത അധികാരം തിരിച്ചുപിടിക്കാൻ മനക്കെട്ടുന്നതു് മര്യാദയല്ല. ഈ ഭേദഗതികൊണ്ടുവരുമ്പോൾ ഉദ്ദേശിച്ചതെന്താണെന്നു് പറയുമോ? ഇതിലെ 10, 11 വകുപ്പുകൾ എന്തിനു് കൊണ്ടുവന്നു എന്നു പറയാമോ? ഇതിനൊരാവശ്യം വേണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

Mr. Chairman: You have asked that question so many times. Why should you repeat it ?

ശ്രീ. ഈ. പി. ഗോപാലൻ: ഇതു് പിന്നെയും പിന്നെയും ചോദിക്കുന്നതെന്തിനാണെന്നോ? മന്ത്രിയിൽനിന്നു് മറുപടി കിട്ടണമെന്നുദ്ദേശിച്ചുതന്നെ. യാതൊരു കാരണവും ഇതിനു പറയാനില്ലെങ്കിൽ പിന്നെ എന്തിനീ ഭേദഗതികം? ദയവുചെയ്തു ജനാധിപത്യ വികേന്ദ്രീകരണം എന്നൊന്നും പറയാതിരിക്കണം. അർത്ഥമില്ലാത്ത പദപ്രയോഗംകൊണ്ടുള്ള പകിടകളികൊണ്ടെന്തോ വശ്യം.

Mr. Chairman : So we will call the hon. Minister to speak.

ശ്രീ. ഈ. പി. ഗോപാലൻ : ഏതായാലും ജനാധിപത്യ വികേന്ദ്രീകരണതത്വത്തിന്റെ വെളിച്ചത്തിൽ കാലിക്കട്ടു് സിറ്റിമുനിസിപ്പൽ ആക്ടിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം തിരുവനന്തപുരം സിറ്റി കാർപ്പറേഷനുകൂടി ബാധകമാക്കുന്നതിനും അതുവഴി ഒരു പൊതുനിയമമായി ഇതിനെ വാർത്തെടുക്കുന്നതിനും ഇതു് റീകമ്മിറ്റു് ചെയ്യണമെന്നു് ഞാനാവശ്യപ്പെടുന്നു.

ശ്രീ. കെ. ഏ. ദാമോദരമേനോൻ: സർ, ഈ ബിൽ ആദ്യമായി സെലക്ടുകമ്മിറ്റിക്കു് അയക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിച്ചപ്പോൾ ബഹുഃ മെമ്പറന്മാർ അന്നിവിടെ വളരെ ശക്തിയായി പ്രതിപാദിച്ചതു് പ്രധാനമായും രണ്ടു കാര്യങ്ങളാണു്. പ്രത്യേകിച്ചും അടിസ്ഥാനപരമായി ഇവിടെ പ്രതിപക്ഷമെമ്പറന്മാർ പറഞ്ഞതു് കാർപ്പറേഷൻ ഡിസാംവു് ചെയ്യാനുള്ള അധികാരം, സൂപ്പർസീഡു് ചെയ്യാനുള്ള അധികാരം ഇതൊക്കെ ഈ ബില്ലിൽ ഉൾപ്പെടുത്തരുതെന്നാണു്. ആദ്യം ഞാനിവിടെ സെലക്ടുകമ്മിറ്റിക്കു് അയക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് അവതരിപ്പിച്ച ബില്ലിൽ ഡിസാംവു് ചെയ്യാനും, സൂപ്പർസീഡു് ചെയ്യാനുമുള്ള അധികാരം വച്ചിരുന്നു. അതെസംബന്ധിച്ചു പ്രതിഷേധ ശബ്ദങ്ങൾ ഇവിടെ ഉയർത്തുകയുണ്ടായി. ജനാധിപത്യതത്വത്തെകുറിച്ചും, അധികാര വികേന്ദ്രീകരണത്തിന്റെ ചില പ്രാഥമിക തത്വങ്ങളെ കുറിച്ചുമൊക്കെ ഇവിടെ വിസ്തരിച്ചുകൊണ്ടു് പ്രസംഗങ്ങൾ നടന്നു. അതിനു മറുപടി പറയുന്ന അവസരത്തിൽ ഞാൻ പറഞ്ഞ ജനാധിപത്യത്തിന്റെ പൊതുവിലുള്ള തത്വങ്ങൾ അധികാര വികേന്ദ്രീകരണം എന്നപദംകൊണ്ടു് നാം വിവക്ഷ ചെയ്യുന്നതു് അതിനു വിരുദ്ധമായിട്ടുള്ള നടപടിയാണെന്നു വിചാരിക്കുന്നതു് തെറ്റാണു്. ജനാധിപത്യത്തിൽ പൊതുവെ ചില തത്വങ്ങൾ ഉണ്ടു്. അതിനടിസ്ഥാനമായ ചില തത്വങ്ങളുണ്ടു്. ആ തത്വങ്ങൾക്കു് ചില പരിമിതികളുണ്ടു്. ആ പരിമിതികൾവച്ചുകൊണ്ടു് ചില വ്യവസ്ഥകൾ ഉണ്ടാക്കുക എന്നുള്ളതു് ജനാധിപത്യത്തിന്റെ ക്രമ പ്രവൃദ്ധമായ പ്രവർത്തനങ്ങൾക്കു് ആവശ്യമാണെന്നു ഇന്നെല്ലാവരും അംഗീകരിച്ചിട്ടുണ്ടു്. ഒരു ഫെഡറൽ ഭരണഘടനയിൽ രാജകീയമായ ഭരണാധികാരം നിലകൊള്ളുന്നതു് അതുമൂലമുണ്ടാകുന്ന പാർലമെൻറിലാണു്. നമ്മുടെ രാജകീയ പരമാധികാരംതന്നെ നാമിവിടെ ബുദ്ധിപൂർവം സ്വീകരിച്ചിട്ടുള്ള ഭരണഘടനാ പ്രകാരം കൈകാര്യം ചെയ്യുന്നതു നമ്മുടെ പാർലമെൻറാണു്. അതിനു് ചില അധികാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു്. പാർലമെൻറിന്റെ അധികാരത്തിനു ഭംഗംവരാത്ത വിധത്തിൽ, രാജ്യത്തേയും അതിന്റെ ഭാർഢ്യത്തേയും ഉറപ്പിച്ചു നിറുത്തണമെന്ന കാര്യത്തിൽ ഉത്തരവാദിത്വം വഹിക്കേണ്ടതും, ആ അധികാരം കൈകാര്യം ചെയ്യേണ്ടതും കേന്ദ്രപാർലമെൻറാണു് എന്നുള്ള ആരോഗ്യാശയം മുൻനിറുത്തികൊണ്ടു് സംസ്ഥാന നിയമസഭയുടെ ചില അധികാരങ്ങൾ കേന്ദ്രപാർലമെൻറിനും, കേന്ദ്ര ഗവണ്മെൻറിനും നാം കൊടുത്തിട്ടുണ്ടു്. അങ്ങനെ സംസ്ഥാന നിയമസഭയെ അല്ലെങ്കിൽ ഗവണ്മെൻറിനെ പൊലും പിരിച്ചുവിടുവാനുള്ള അധികാരം നാം കൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് ഇവിടെ ഡെമോക്രസി ഇല്ലെന്നു പറയാവുന്നതല്ല. അതുകൊണ്ടിവിടെ ഡെമോക്രസി ഇല്ലെന്നു എന്റെ കമ്മ്യൂണിസ്റ്റു സുഹൃത്തുക്കൾ പറയുന്നതു ശരിയല്ല. സ്വയംനിർണയാവകാശം പരിപാവനമായ ഒരു തത്വമായി ഡെമോക്രസി അംഗീകരിച്ചിട്ടുണ്ടു്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദര മേനോൻ]

ഏതെങ്കിലും കോർപ്പറേഷനുകൾക്ക് സ്വയം നിർണയാവകാശം വേണമെന്നുപറഞ്ഞാൽ അതനുവദിച്ചുകൊടുക്കുവാൻ നാം തയ്യാറാകുമോ? ഒരു രാജ്യത്തു് ഒരു വിഭാഗം ആളുകൾക്കു് സ്വയംനിർണയാവകാശം ജനാധിപത്യ തത്വമനുസരിച്ചു് കൊടുക്കാമെന്നാവശ്യപ്പെട്ടാൽ അനുവദിച്ചു കൊടുക്കുവാനുള്ള അവകാശം പാർലമെൻറിനാണുള്ളതു്. അതുകൊണ്ടാണു് നാം അതു് അനുവദിച്ചു കൊടുക്കാത്തതു്. സൂപ്പർസീഡു് ചെയ്യാനുള്ള അധികാരം ഉപയോഗിക്കണമെന്ന പലപ്പോഴും ഇവിടെ പറയാറുണ്ടു്. ഏതു പരിതസ്ഥിതിയിലും അങ്ങനെയുള്ള അധികാരം ഉപയോഗിക്കുവാൻ അനുവദിക്കുന്നതു് തെറ്റാണു്. ജനാധിപത്യ തത്വത്തെപ്പറ്റി മി. ഗോപാലൻ പറഞ്ഞതുകൊണ്ടാണു് ഞാൻ ഇത്രയും പറയാൻ ഇടയായതു്. അതെപ്പറ്റി കൂടുതൽ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബാംബേ കാർപ്പറേഷൻ ചെറിയൊരു കാർപ്പറേഷനാണെന്നു ആരും പറയുകയില്ല. പത്തുമുപ്പതുകോടി രൂപാ വരവുള്ള ഒരു കാർപ്പറേഷനാണതു്. ആ കാർപ്പറേഷൻ ആക്ടിന്റെ 452-ാം വകുപ്പിൽ പറയുകയാണു്.

"If at any time upon representation made or otherwise it appears to the State Government that the Corporation is not competent to perform or persistently makes default in the perfotmance of the dutier imposed upon it or under this Act or any other law for the time being in force or exceeds or abuses its power the State Government may, after having given the Corporation an apportunity to show eause why such order should not be made, by an order published, with the reasons therefor, in the *Official gazette* direct that the Corporation shall be superceded for a period to be specified in the order". അതിൽ പല പല അധികാരങ്ങളും ഗവണ്മെൻറിനുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ: ഏതുകൊല്ലത്തെ ആക്ടാണതു്.

ശ്രീ. കെ. എ. ദാമോദരമേനോൻ: 1949-ലെ ആക്ടാണു്. യു. പി. 1950-ലെ ആക്ടിൽ സൂപ്പർസീഡു് ചെയ്യാനുള്ള അധികാരമുണ്ടു്.

പിന്നെ ഡൽഹി കോർപ്പറേഷനെപ്പറ്റി പറയാം. ഇൻഡ്യൻ യൂണിയന്റെ തലസ്ഥാനനഗരിയിലെ കോർപ്പറേഷൻ സംബന്ധിച്ചു 1957-ൽ പാസാക്കിയനിയമത്തിൽ ഇതേ അധികാരം ഗവണ്മെൻറിനു കൊടുക്കുന്നുണ്ടു്. "Supersession of the Corporation : If in the opinion of the Central Government the Corporation is not competent to perform or persistently makes default in the performance of the duties imposed on it by or under this Act or any other law or exceeds or reduces its powers, the Central Government may, by an order publish together with the statement all the reason therefor, in the official gazette declare the corporation to be incompetent or in default or have exceeded or reduced its powers as the case may be and supercede for such period as may be specified in the order". നമ്മുടെ തലസ്ഥാനനഗരിയിലെ ഒരു പ്രമുഖ കോർപ്പറേഷൻ നിയമത്തിലെ വ്യവസ്ഥയാണിതു്. നാമിവിടെ പഞ്ചായത്തു നിയമം പാസാക്കിയിട്ടുണ്ടു്. മുനിസിപ്പാലിറ്റിആക്ടും പാസാക്കിയിട്ടുണ്ടു്. അതിലൊക്കെ ഈ അധികാരം ഗവണ്മെൻറിനു കൊടുത്തിട്ടുണ്ടു്. ഞാൻ മുൻപു പറഞ്ഞതുപോലെ സൂപ്പർസീഡു് ചെയ്യുവാനുള്ള അധികാരം ഉപയോഗിക്കുന്നതിനെപ്പറ്റി സെലക്ടു കമ്മിറ്റി ആലോചിച്ചു. ആ അധികാരം ഗവണ്മെൻറിനുണ്ടായിരുന്നാൽ ഏതവസരത്തിലും ഗവണ്മെൻറു അതു് നടപ്പിൽ വരുത്തി കളയുകയല്ലേ എന്നു ആലോചിച്ചു. ഇതെപ്പറ്റിയൊക്കെ പര്യാലോചന നടത്തിയതിന്റെ ഫലമായിട്ടു് സൂപ്പർസീഡു് ചെയ്യുവാനുള്ള അധികാരം വേണ്ട എന്നു തീരുമാനിച്ചു. ഡിസാൾവു് ചെയ്യുവാനുള്ള അധികാരം മാത്രമാണു് ഗവണ്മെൻറു് ഏറ്റെടുത്തിട്ടുള്ളതു്. ഡിസാൾവു് ചെയ്യാനുള്ള അധികാരം ഉപയോഗിച്ചാൽ ആറുമാസത്തിനുള്ളിൽ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുപ്പ് നടത്തണം. 6 മാസത്തിനുള്ളിൽ തിരഞ്ഞെടുപ്പ നടത്തുവാൻ സാധിച്ചില്ലെങ്കിൽ ഒരു കൊല്ലംവരെ അതു് നീട്ടികൊണ്ടുപോകാം. അതുകഴിഞ്ഞാൽ തിരഞ്ഞെടുപ്പ നടത്തണം. മറ്റു സംസ്ഥാനങ്ങളിൽ നിലവിലുള്ള നിയമങ്ങളെപ്പറ്റിയും കൂടി ചർച്ച ചെയ്തതിനുശേഷം സൂപ്പർസീഡു് ചെയ്യുവാനല്ലാ, ഡിസാംവു് ചെയ്യുവാനുള്ള അധികാരംകൊടുത്താൽ മതിയെന്നു് തീരുമാനിക്കുകയാണു് ചെയ്തതു്. ഞാൻ അന്നു് ഇതിനെ സംബന്ധിച്ച ഒരു വാശിയും പിടിച്ചില്ല. മറ്റു സംസ്ഥാനങ്ങളിൽ സൂപ്പർസീഡു് ചെയ്യുവാനുള്ള അധികാരം ഉണ്ടായിരുന്നിട്ടും തലസ്ഥാനനഗരിയിലെ, ഡൽഹി കാർപ്പറേഷൻ നിയമത്തിൽ ഈ വ്യവസ്ഥ ഉണ്ടായിരുന്നിട്ടും തല്ക്കാലം ഈ അധികാരം മാത്രം മതി എന്നു തീരുമാനിക്കുകയണു് ചെയ്തതു്. സെലക്ടുകമ്മിറ്റിയിൽ നടന്ന ചർച്ചയെപ്പറ്റി ഇവിടെ പറയുന്നതു് അത്ര ശരിയല്ല. ഒരു കോമൺ സർവീസു് ഏർപ്പെടുത്തുന്നതിനെ പറ്റിയാണു് വളരെ വാശിയുണ്ടായതു് ശ്രീ. ജോസഫു് ചാഴിക്കാടന്റെ അറിവിനുവേണ്ടി പറയുകയാണു്. ഇതിൽ വലിയ വാശിപിടിച്ചു പറയുകയല്ല. ചില അധികാരങ്ങൾ ഗവണ്മെൻറിൽ നിക്ഷിപ്തമായിട്ടുണ്ടു്. അതു് ശരിയായിരിക്കാം. ഗവണ്മെൻറിൽ തിരഞ്ഞെടുക്കപ്പെട്ട നാട്ടുകാരുടെ പ്രതിനിധികളാണിരിക്കുന്നതു്. എങ്ങനെ സ്വയംഭരണസ്ഥാപനങ്ങളെ ആരോഗ്യകരമായ വിധത്തിൽ സ്വയംഭരണസ്ഥാപനങ്ങളായി നടത്തികൊണ്ടുപോകാം എന്നാണു് ആലോചിക്കുക. അങ്ങനെ നടത്തിക്കൊണ്ടുപോകുന്നതിനു് തല്ക്കാലം അനുകൂലമല്ലാത്ത പരിതസ്ഥിതി പ്രാദേശികമായി ഉണ്ടായാൽ ഇവിടെയുള്ള ഗവണ്മെൻറിനു്, നാട്ടുകാരുടെ പ്രതിനിധ്യമുള്ള ഗവണ്മെൻറിനു് അതിൽ ഇടപെടുവാനുള്ള അധികാരം വേണമെന്നുള്ളതുകൊണ്ടു മാത്രമാണു് ഈ അധികാരം കൊടുത്തിട്ടുള്ളതു്.

ശ്രീ. ഈ. പി. ഗോപാലൻ : ഒരു ചോദ്യം:

ശ്രീ. കെ. എ. ദാമോദരമേനോൻ: എന്റെ വാദഗതികൊണ്ടു് ശ്രീ. ഈ. പി. ഗോപാലനെ സമ്മതിപ്പിച്ചുകളയാമെന്നോ അദ്ദേഹത്തിന്റെ അഭിപ്രായഗതിയിൽ ഒരു മാറ്റം വരുത്തികളയാമെന്നോ ഉള്ള ദുരാഗ്രഹം എനിക്കില്ല. എന്തെന്നാൽ അതു സാദ്ധ്യമല്ലെന്നെനിക്കറിയാം. അതുകൊണ്ടു് ചോദ്യം ചോദിച്ചു് എന്തിനു സമയം കളയണം? അദ്ദേഹം ചോദിക്കാൻ ഉദ്ദേശിക്കുന്നതെന്താണെന്നെനിക്കറിയാം. ഈ ബിൽ രണ്ടാമതും സെലക്ടു് കമ്മിറ്റിക്കു് അയയ്ക്കണമെന്നുള്ള നിർദ്ദേശം ഞാൻ സ്വീകരിക്കുന്നില്ല. സെലക്ടുകമ്മിറ്റിയിൽ പോകുന്നതിനുമുമ്പും, സെലക്ടുകമ്മിറ്റിയിൽ വച്ചും ചർച്ചചെയ്യാത്ത കാര്യം എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ ഞാൻ തുറന്നമനസ്സോടെ സ്വീകരിക്കുമായിരുന്നു. സെലക്ടുകമ്മിറ്റി കാര്യമായി ചർച്ചചെയ്തുകൊണ്ടുവന്നിട്ടുള്ളതാണു് ഈ ബില്ലു്. ഇനിയും കാലതാമസം വരുത്തുന്നതു ശരിയല്ല. ഇലക്ഷൻ നടത്തേണ്ടതുണ്ടു്.

ശ്രീ. ജോസഫു് ചാഴിക്കാടൻ: പ്രതിപക്ഷത്തുനിന്നും എല്ലാവരും സെലക്ടുകമ്മിറ്റിയിലയച്ചു പരിശോധിക്കണമെന്നാണു് അഭിപ്രായപ്പെട്ടതു്. അതുകൊണ്ടു് ഒരു 10 ദിവസംകൂടി മാറ്റുന്നതുകൊണ്ടു് എന്താണു് ദോഷം വരാൻപോകുന്നതു്. അങ്ങനെ പ്രതിപക്ഷത്തെ ബഹുമാനിക്കുന്നതിൽ വിരോധമുണ്ടാകേണ്ട കാര്യമില്ല. "obstinacy of our majority colleagues" എന്നു പറയുന്നതു് ഒന്നുമാറികിട്ടുമായിരുന്നു. ഒരു 10 ദിവസം അവധിവച്ചു് സെലക്ടുകമ്മിറ്റിക്കു് വിട്ടുകൂടെ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇതിൽ ഒരു പായിന്റെ ഉള്ളു. ഇതിനെപ്പറ്റി നാം നേരത്തെ ചർച്ച ചെയ്തതാണു്. നമ്മുടെ തദ്ദേശസ്വയംഭരണസ്ഥാപന നിയമത്തിനു് ഒരു ഏകീഭാവം വരുത്തുന്നതിനു് ഈ നിലപാടു് ഇൻഡ്യയിൽ പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു തത്വത്തിനു് അനുഗുണമായിട്ടുള്ളതുകൊണ്ടു് സ്വീകരിച്ചതാണു്. ഇതു പിന്നെയും ചർച്ച ചെയ്താൽ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞുകൊണ്ടിരിക്കാമെന്നല്ലാതെ ഒരു ഗുണവും വരാൻ പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ: ബഹുമാനപ്പെട്ട മന്ത്രി ഡൽഹി, ബോംബെ മുതലായസ്ഥലങ്ങളിലെ ആക്ററിനെപ്പററി പറഞ്ഞല്ലൊ. ഇതെല്ലാം പരിശോധിച്ചാണു 1961-ലെ നിയമത്തിൽ 41-ം 42-ം വകുപ്പുകൾ കൊള്ളിച്ചതു്. ഈ വകുപ്പുകൾ ഗവണ്മെൻറിനു് കോർപ്പറേഷനുകളിൽ സാമാന്യ നിയന്ത്രണം നൽകുന്നുണ്ടു്. ഈ വകുപ്പുകൾ കൂടാതെ മറ്റു കോർപ്പറേഷനുകളിൽ എന്തെല്ലാം നിയന്ത്രണങ്ങളാണുള്ളതു്, പിരിച്ചുവിടുന്നതിനുള്ള അധികാരം എതെല്ലാം നിയമങ്ങളിൽകൂടിയുണ്ടെന്നറിഞ്ഞു.....

Mr. Chairman : The question is already there and it is complete. Please resume your seat.

ശ്രീ. കെ. എ. ദാമോദരമേനോൻ : 61-ലെ നിയമം ഉണ്ടാക്കിയപ്പോൾ ഈ വക കാര്യങ്ങളെപ്പററിയെല്ലാം ചിന്തിച്ചു എന്നു നിർബന്ധപൂർവ്വം പറയുന്നതു ശരിയാണോ എന്നറിഞ്ഞുകൂടാ. ഏതായാലും അങ്ങനെയൊന്നു് ഉണ്ടാക്കിയതിൽ പോരായ്മ കണ്ടാൽ അതു തിരുത്തുന്നതിൽ എന്താണു വിഷമം? ഒരു നിയമം ഉണ്ടാക്കിയതു് മാറരുതില്ലാത്ത ഒന്നാണു്. പരമ സത്യമാണു് എന്നു വാശിപിടിച്ചു് പറയേണ്ടയാവശ്യമുണ്ടോ? തെറ്റുകാണുമ്പോൾ തിരുത്തുക, ഭേദഗതി വരുത്തേണ്ടപ്പോൾ വരുത്തുക.

Mr. Chairman : Mr. Gopalan, in the light of the reply, do you press your amendment ?

Shri E. P. Gopalan : Yes, I press.

The motion for recommittal of Shri E. P. Gopalan was put and lost.

Mr. Chairman : The question is that the Calicut City Municipal (Amendment) Bill, 1963 as reported by the Select Committee be taken into consideration.

The motion was put and carried. The Bill was taken into consideration.

Clauses 2 *to* 8:

The question that clauses 2 to 8 stand part of the Bill, was put and carried.

Clauses 2 to 8 were added to the Bill.

Clause 9:

Mr. Chairman : Amendments, No. 14 by Shri E. P. Gopalan and No. 15 by Shri P. C. Raghavan Nair, are to delete Clause 9. So they are not in order.

ശ്രീ. ഈ. പി. ഗോപാലൻ : ഇതിൽ ഡിലീററു ചെയ്യുക എന്നുള്ളതു് ഒരു പ്രത്യേക രീതിയിലാണെന്നു ചൂണ്ടിക്കാണിക്കാനുണ്ടു്. ''ഡിലീററു ക്ലാസ്സു് 9'' എന്നു പറഞ്ഞാൽ, ഒറിജിനൽ ആക്ടിലെ ബന്ധപ്പെട്ട വകുപ്പു് നിൽക്കുമെന്നാണു് അർത്ഥം. ഇവിടെ ഇന്നയിന്ന ക്ലാസ്സു് നിൽക്കുമെന്നു പ്രത്യേകം എഴുതിയിട്ടില്ലെന്നേയുള്ളു. അങ്ങനെ എഴുതിയിട്ടില്ലെങ്കിലും ആ അർത്ഥം വരും.

Mr. Chairman : I do not find any reason for your opposition. I think your amendment is to delete clause 9 of the amending Bill. Therefore it is not in order.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. രാഘവൻ നായർ : ഇതു് മാറ്റിവെയ്ക്കണമെന്നുള്ളതാണു് ആവശ്യം. ക്ലാസ്സു് 19 സംബന്ധിച്ചുള്ള ഡിസ്കഷൻ വരാൻ പോകുന്നതേയുള്ള. നിയമനത്തെ സംബന്ധിച്ചുള്ള കാമൺ സർവ്വീസു് വ്യവസ്ഥ മറ്റു വിധത്തിലാണു തീരുമാനിക്കുന്നതെങ്കിൽ 'ക്ലാസ്സു് 9' ഇപ്പോഴേ ചർച്ചചെയ്യുന്നതു് ശരിയല്ലാതെ വരും. അതുകൊണ്ടാണു് ഞാൻ മാറ്റിവയ്ക്കണമെന്നു പറയുന്നതു്.

Mr. Chairman : Yes, it is held over.

Clause 10:

Mr. Chairman : Amendment No. 1 by Shri P. C. Raghavan Nair and amendment No. 16 by Shri E. P. Gopalan are for deletion of clause 10. So they are not in order. But they can speak.

ശ്രീ. ഇ. പി. ഗോപാലൻ : ഈ ക്ലാസ്സു് '10'ന്റെ ആവശ്യമില്ല. കാലിക്കട്ടു് സിറ്റി മുനിസിപ്പൽ ആക്ടിൽ ഉള്ള 41-ാം വകുപ്പു് ധാരാളം മതിയാകും. ആ വകുപ്പു് പോരായെന്നുള്ളതിനു് ഗവണ്മെൻറിനു് എന്തു ന്യായം പറയാനുണ്ടു് ? പെട്ടെന്നു് ഉണ്ടായിട്ടുള്ള ആശയങ്ങൾ വച്ചുകൊണ്ടു് നിയമനിർമ്മാണം ചെയ്യുന്നതു ശരിയല്ല. ഒരു തെറ്റു തിരുത്തുന്നു എന്നു പറഞ്ഞാൽ അതിനൊരു അടിസ്ഥാനം വേണ്ടതാണു്. അതു തെറ്റാണെന്നു് എങ്ങനെ മനസ്സിലായി എന്നറിയിക്കണം. ഒരു നിയമം മാറ്റുമ്പോൾ, അതിനു കാരണം പറയാതിരിക്കുന്നതു ന്യായമല്ല. 1960-ൽ ഈ കാര്യങ്ങളെ സംബന്ധിച്ചുള്ള പരിഗണനയ്ക്കു് ഇടവന്നിട്ടില്ലെന്നു പറയുന്നതു് പിശകാണു്. അങ്ങനെ ഊഹിക്കുന്നതും അസ്ഥാനത്താണു്. ആക്ടിലെ 41—ാം വകുപ്പു് പ്രകാരം സിദ്ധിച്ച അധികാരങ്ങളുപയോഗിച്ചു് ഫലപ്രദമായി കാർപ്പറേഷൻ നടത്തിക്കൊണ്ടുപോകാനുള്ള വൈഷമ്യം വന്നു എന്നു തെളിയിച്ചാൽ അതിൽ മാറ്റം വരുത്തുന്നതിനു് ഞാൻ എതിരല്ല. ഇവിടെ തെറ്റു് കണ്ടുപിടിക്കാൻ സന്ദർഭം വന്നിട്ടില്ല. ആക്ടിൽ വ്യവസ്ഥചെയ്യുന്ന ബാദ്ധ്യതകൾ ഗവണ്മെൻറു നിറവേറ്റിയിട്ടില്ലെന്ന വിഷമമേ ഉണ്ടായിട്ടുള്ള. ആ നിലയിൽ ക്ലാസ്സു് 10 ആവശ്യമില്ല. ഒരു അധികപ്പറ്റാണു്. ഇതു് എവിടേക്കാണു് ഉന്നം വച്ചിട്ടുള്ളതെന്നു് എനിക്കു് അറിഞ്ഞുകൂടാ. വളരെ അവ്യക്തമായ രീതിയിൽ, ഒരു സന്ദർഭം ഇല്ലാത്ത ഘട്ടത്തിൽ ഇതു കൂത്തിത്തിരുകുന്നതു് ന്യായമല്ല. ഭരണഘടനയുടെ വാദം കൊണ്ടുവന്നിട്ടും കാര്യമില്ല. നമ്മുടെ ഭരണഘടന അനുസരിച്ചുതന്നെ രണ്ടു് സ്റ്റേജുകളിൽ ഇന്നു് അധികാരം കേന്ദ്രീകരിച്ചിട്ടുണ്ടു്. സെൻട്രലിലും, സ്റ്റേറ്റിലും. ഇപ്പോഴേ സ്റ്റേറ്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം കീഴോട്ടു എങ്ങനെ ഫലപ്രദമായി ഡിവോൾവു് ചെയ്യാമെന്നാണു് ആലോചിക്കേണ്ടതു്. അതിനെപ്പറ്റി ചിന്തിക്കുമ്പോൾ വഴിവിട്ടുപോയി എന്തെങ്കിലും പറയുന്നതു് തെറ്റാണു്. സെക്ഷൻ 41—ലുള്ള അധികാരങ്ങൾ നേരെ നടപ്പിലാക്കുവാൻ ശ്രമിക്കുകയാണു വേണ്ടതു്. കൊടുത്തുകഴിഞ്ഞ അധികാരങ്ങൾ കാർപ്പറേഷനിൽനിന്നും തിരിച്ചെടുക്കുന്ന വാസനയെ എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. കാലിക്കട്ടു് സിറ്റി ആക്ടു് അപ്പാടെ തിരുവനന്തപുരം കാർപ്പറേഷനു ബാധകമാക്കിയാൽ യാതൊരു തരക്കേടും അസൗകര്യമോ ഉണ്ടാവുകയില്ല. കാലിക്കട്ടു സിറ്റി കോർപ്പറേഷൻ ആക്ടിലെ വകുപ്പുകൾ നിലനിറുത്തണമെന്നേ ഞാൻ വാദിക്കുന്നുള്ള.

ശ്രീ. പി. സി. രാഘവൻ നായർ : പ്രിൻസിപ്പൽ ആക്ടിലെ 41-ാം വകുപ്പുപ്രകാരം ഗവണ്മെൻറിന്റെ അധികാരങ്ങൾ തികച്ചും വ്യക്തമാക്കീട്ടുണ്ടു്. ഈ 41-ാം വകുപ്പുപ്രകാരം കോഴിക്കോട്ടു കാർപ്പറേഷൻ പരിശോധന നടത്തുന്നതിനുള്ള അധികാരം ഗവണ്മെൻറിൽ നിക്ഷിപ്തമായിട്ടുണ്ടു്. ഗവണ്മെൻറിനു ആവശ്യമെന്നു തോന്നുന്ന പക്ഷം, "if found necessary" ഏതെങ്കിലും ഡിപ്പാർട്ടുമെൻറോ അല്ലെങ്കിൽ ആഫീസോ, സർവ്വീസോ, പണമോ, സാധനങ്ങളോ വക്കോ പരിശോധിക്കാൻ ഉള്ള അധികാരം ഗവണ്മെൻറിൽ നിക്ഷിപ്തമാണു് ഇന്നു നിലവിലുള്ള ആക്ടപ്രകാരം. ആ ക്ലാസ്സു് അവിടെ നിലവിലിരിക്കെ അതിലെ വ്യവസ്ഥകൾ തന്നെ എടുത്താണു് 41 A. എന്ന പുതിയ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻനായർ]

ക്ലാസ്സ് ഉണ്ടാക്കിയിരിക്കുന്നത്. If found necessary എന്നുള്ള തൊഴുകെ ഈ പറയുന്ന ഡിപ്പാർട്ടുമെന്റോ, ആഫീസോ സ്ഥാപനമോ സ്റ്റീസോ പണമോ പരിശോധിക്കാനുള്ള അധികാരം ഈ ബില്ലിൽ പുതുതായി വീണ്ടും ചേർത്തിരിക്കുകയാണ്. 41—(2) ന്റെ സ്ഥാനത്താണ് ഈ ക്ലാസ്സ് മാറ്റി എഴുതിയതായിരുന്നുവെങ്കിൽ ഒരു പക്ഷേ ഇതു അനുവദിക്കാമായിരുന്നു. ഗവണ്മെന്റിനു പരിശോധിക്കാം എന്നുള്ള വകുപ്പ് നിലവിലിരിക്കെ [41—(1)-ം (2)-ം നിലവിലിരിക്കെ] 41—(എ) എന്നുള്ള ഒരു പുതിയ വകുപ്പു ചേർത്തിരിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് യാതൊരുദ്ദേശവും അതുകൊണ്ടു നേടാനില്ല. അതുകൊണ്ടാണ് ഇതു് എടുത്തുകളയണം എന്നാവശ്യപ്പെടുന്നതു്. ഈ പുതിയ വകുപ്പുകൊണ്ടു് എന്തുദ്ദേശിക്കുന്നോ, ആ ഉദ്ദേശം ഈ 41—(2) നിലവിലുള്ളതുകൊണ്ടു് സാധിക്കുമെന്നാണെന്റെ വിശ്വാസം. അതു സാധിക്കുകയില്ലെന്നു ബഹു: മന്ത്രി ബോദ്ധ്യപ്പെടുത്തിത്തരികയാണെങ്കിൽ ഇന്നു കൊണ്ടുവന്നിട്ടുള്ള പുതിയ വകുപ്പിനെ സ്വാഗതം ചെയ്യാൻ ഞാൻ തയ്യാറുമാണ്, ഈ വകുപ്പ് യാതൊരാവശ്യവുമില്ലാതെ നിലനില്ക്കുന്ന ഒരു അജഗളസ്തനമാണ്. വായിക്കുന്നവക്കും കാണുന്നവക്കും പൊരുത്തക്കേടു തോന്നിക്കുന്നുവെന്നല്ലാതെ മറ്റൊരാവശ്യവും ഇതുകൊണ്ടില്ല. അതുകൊണ്ടു് ഇതിനെ നിയമപുസ്തകത്തിൽ ചേർക്കരുതു്.

Shri K. A. Damodara Menon : I oppose the amendment, Sir. This point has been discussed several times now.

The question that clause 10 stand part of the Bill, was put and carried.

Clause 10 was added to the Bill.

Clause 11

Mr. Chairman : Amendment Nos. 2 to 4 and 17 are for the deletion of Clause 11 and therefore they are not in order.

Amendment No. 5 given notice of by Shri K. Anirudhan and amendment No. 6 given notice of by Shri K. Krishna Pillai may be moved.

Shri K. Anirudhan : Sir, I move amendment No. 5. "In clause 11, insert the following as new section:

43. A. *Government's power to direct the taking of action.*- (1) If in the opinion of the Government a Council persistently makes default in performing the duties imposed on it by law, Government may, by order, direct the council or the Commissioner within a period to be specified in the order make arrangements for the proper performance of the duty:

Provided that Government shall before making an order under this section, give the council an opportunity of showing cause why such action should not be made.

(2) If within the period fixed by an order issued under sub section (1), any action directed under the sub section has not been duly taken, Government may, by order.

(a) appoint some persons to take the action ;

(b) fix the remuneration to be paid to him ; and

(c) direct that such remuneration and the cost of taking such action shall be paid out of the Municipal fund.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇതിന്റെകാര്യം അല്പം മുമ്പു ഇതിന്റെ ജനറൽ സിസ്കഷൻ നടന്നപ്പോഴും അതിന്റെ ഒരു ഭാഗത്തെപ്പറ്റി ഞാൻ സംസാരിക്കുകയുണ്ടായി. കൗൺസിലുകൾക്കു ഇന്നു നിലവിലിരിക്കുന്ന അധികാരം ഒരു പരിധിവരെയല്ല, അതു പൂർണ്ണമായി ആധുനികമായ രീതിയിൽ മനസ്സിലാക്കാൻ പാടില്ലാത്തരീതിയിൽ തിരിച്ചു എടുക്കുന്നതിനെപ്പറ്റിയാണു്, ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അതിന്റെ ആവശ്യം പ്രസ്തുത ആക്ടിൽ ഇല്ലാതെ പോയതിലും 23 കൊല്ലം 24 കൊല്ലം മുമ്പു തയ്യാറാക്കിയ 116–ലെ ആക്ട് 4–അതിലും ഇല്ലാതെപോയതിലും ഇന്നു സങ്കടപ്പെടുന്നുണ്ടെന്നു എനിക്കു തോന്നുന്നു. അന്നുണ്ടായ അഭിപ്രായഗതികവും പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ ഭരണത്തെ സംബന്ധിച്ചിടത്തോളം അതിന്റെ പൂമതല ഒരു കൗൺസിലിനെ ഏല്പിക്കുന്നതും അതിലേക്കുള്ള അംഗങ്ങളെ ഈ രാജ്യത്തെ വിദ്യാസമ്പന്നരും വിവരമുള്ളവരുമായിട്ടുള്ള വോട്ടറന്മാർ തെരഞ്ഞെടുത്തു പറഞ്ഞയയ്ക്കുന്നവരുമായിട്ടുള്ളവരെ ഒരുദിവസം പിരിച്ചുവിട്ടിട്ടു അവരുടെ ഭരണം സൂപ്പർസീഡു് ചെയ്തിട്ടു അതു ഗവണ്മെന്റു നേരിട്ടു നടത്താൻ തുടങ്ങുന്ന ഒരു സംപ്രദായം അതു നിലവിലിരിക്കുന്ന ബില്ലിൽകൂടിചേർക്കുന്നതു് എത്രകണ്ടു ന്യായമാണു് എന്നുള്ളതു നാം ശരിയായി പരിശോധിക്കേണ്ടതാണു്. തിരിച്ചു ഈ ബിൽ സെലക്ടുകമ്മിറ്റിക്കു റെഫർ ചെയ്യണമോ എന്നുള്ളകാര്യത്തിലേക്കു് പോകുന്നതിനുമുമ്പു ഈ വകുപ്പിനേക്കുറിച്ചു അതു അയച്ചുകഴിഞ്ഞതിനു ശേഷവും ഒന്നു ആലോചിക്കേണ്ടതുണ്ടു്. ഞാൻ ആവകുപ്പിന്റെ വിശദാംശങ്ങളിലേക്കു പോകുന്നില്ല, 116–ൽ ഉണ്ടാക്കിയ നിയമത്തിലും കഴിഞ്ഞ ഒന്നരക്കൊല്ലത്തിനു മുമ്പു ഭേദഗതിചെയ്ത കോഴിക്കോടു കാർപ്പറേഷൻ നിയമത്തിലും ഇല്ലാതിരുന്ന ഈ ഏർപ്പാടു ഇതിന്റെ അമെൻറുമെൻറു വന്നപ്പോഴും എങ്ങനെയുണ്ടായി എന്നും എന്തായിരുന്നു അതിന്റെ ആവശ്യമെന്നും വിശദീകരിച്ചുതന്നാൽ കൊള്ളാം. കാരണം, വികേന്ദ്രീകരണത്തെക്കുറിച്ചും കൂടുതൽ അധികാരങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു കൊടുക്കുന്നതിനെ സംബന്ധിച്ചും നാം എല്ലാം സംസാരിക്കാറുണ്ടു്. അങ്ങനെയാണെങ്കിൽ സ്വാഭാവികമായി ഇപ്പോഴും ഇതിന്റെ ആവശ്യമെന്താണു്എന്നു മനസ്സിലാകുന്നില്ല. സ്വാഭാവികമായി കാർപ്പറേഷനുകളോ മുനിസിപ്പാലിറ്റികളോ എന്തെങ്കിലും കുറ്റം ചെയ്യുമെന്നുവരാം. അതു പരിശോധിക്കുന്നതിനും തെറ്റു കണ്ടുപിടിക്കുന്നതിനും അതു തിരുത്തുന്നതിനും ആവശ്യമായ നിയന്ത്രണങ്ങളും ഏർപ്പെടുത്തുവാനും ഇന്നു അതിനു നിലവിലുള്ള നിയമത്തിൽതന്നെ സെക്ഷൻസു് 41,42 ഇതിൽ വ്യവസ്ഥചെയ്യുന്നുണ്ടു്. അപ്പോഴും ഈ ബില്ലിൽ ഈ 43– (ഏ) എന്ന വകുപ്പു് വാസ്തവത്തിൽ എഴുതിച്ചേർത്തിരിക്കുന്നതു അനാവശ്യമാണു്. അതു് അനാവശ്യമായിട്ടുള്ളതാണു്, അതുകൊണ്ടതു് എടുത്തുകളയേണ്ടതാണു്. അതുമാത്രമാണു് എനിക്കു ഇതു എടുത്തുകളയേണ്ട ആവശ്യത്തെക്കുറിച്ചു പറയാനുള്ളതു്. ഇതു എടുത്തു കളയുന്നതുകൊണ്ടു് ഇതിൽ പുതിയതായി ഈ ഭാഗംകൂടി കൂട്ടിച്ചേർക്കുന്നതിനും സാധിക്കും. കാരണം, കാർപ്പറേഷൻ എന്തെങ്കിലും തുടച്ചയായി കുറ്റങ്ങൾ കാണിക്കുമ്പോഴും അതിനുള്ള നടപടികളും എടുക്കുന്നതിനുമുമ്പായി ഒരു show cause notice കൊടുക്കേണ്ട സാമാന്യമായ ബാദ്ധ്യത ഗവണ്മെൻറിന്റെ ഭാഗത്തുണ്ടു്. അങ്ങനെ സമാധാനം ആവശ്യപ്പെടുക എന്നുള്ളതു ഒരു ഗവണ്മെൻറു ജീവനക്കാരന്റെപേരിലോ, ഒരു തൊഴിലാളിയുടെ പേരിലോ, മറ്റോ ഒരു നടപടിയെടുക്കുമ്പോഴുംപോലും അതിന്റെ ഹെഡ് ആഫ് ദി ഡിപ്പാർട്ടുമെന്റോ മാനേജുമെന്റോ ഈ ഷോക്കോസ് നോട്ടീസു് കൊടുക്കുക സ്വാഭാവികമാണു്. ഈ show cause നോട്ടീസുകൊടുക്കുകയും അതിനു വിശദീകരണമാവശ്യപ്പെടുകയും അതു തിരുത്തുവാൻ കഴിയുമെങ്കിലതുചെയ്യുക എന്നുള്ളതു ഒരു ജനാധിപത്യഭരണസമ്പ്രദായം നടപ്പാക്കിയിരിക്കുന്ന ഒരുസംസ്ഥാനത്തിൽ ആ ഭരണസംപ്രദായമുള്ള ധാരാളം വ്യവസായങ്ങളിൽ തൊഴിലാളികളുടെ ഇടയിൽപോലും അംഗീകരിച്ചിട്ടുള്ള ഒരുനയമാണു്. ആ രീതിയിൽ ഒരു Show cause നോട്ടീസു കൊടുക്കുകയും ആവശ്യമാണെന്നുകണ്ടാൽ അവരെ നിയന്ത്രിക്കുവാൻ ഒരുദ്യോഗസ്ഥനെ അയയ്ക്കുകയും, ആ ഉദ്യോഗസ്ഥനു ആവശ്യമായിട്ടുള്ള ചെലവു അല്ലെങ്കിൽ ശമ്പളം അതു കാർപ്പറേഷന്റെയോ മുനിസിപ്പാലിറ്റിയുടെയോ ഫണ്ടിൽനിന്നും കൊടുക്കാനുള്ള ഒരു വ്യവസ്ഥ കൂട്ടിച്ചേർക്കാനുമാണു ഞാനീ അമെൻറുമെൻറു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. അനിരുദ്ധൻ]

കൊണ്ടുവന്നിട്ടുള്ളതു്. ഇതു അംഗീകരിക്കുവാൻ വളരെ പ്രയാസമുള്ള ഒരു കാര്യമായി ഞാൻ കണക്കാക്കുന്നില്ല. എന്നാൽ നേരത്തെ കൂട്ടിച്ചേർത്തിട്ടുള്ള വ്യവസ്ഥ വളരെ അൺ ഡെമോക്രാറ്റിക്കായിട്ടുള്ളതാണു്. സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തുപോലും ചെയ്യാൻ ധൈര്യപ്പെടാത്ത ഒന്നു് തദ്ദേശഭരണവകുപ്പുമന്ത്രി ശ്രീമാൻ ദാമോദരമേനോൻ കൊണ്ടുവരാൻ പോകുകയാണെന്നുണ്ടെങ്കിൽ ഭാവിതലമുറ നമ്മെ ആക്ഷേപിക്കും. അതുകൊണ്ടു അദ്ദേഹം സർ. സി. പി. യുടെ കാലത്തേക്കു തിരിച്ചുപോകാതിരുന്നാൽ കൊള്ളാം. അതുകൊണ്ടു് ഈ 11–ാം വകുപ്പു ഡിലീറ്റുചെയ്യുക. അനാവശ്യമായി, കഴിഞ്ഞ ഇരുപതോ, ഇരുപത്തഞ്ചോ കൊല്ലക്കാലമായി പ്രവർത്തിച്ചുകൊണ്ടുവരുന്ന കാർപ്പറേഷന്റെ ഭരണത്തിൽ ഇങ്ങനെ ഇടപെടേണ്ട ഒരുകാര്യംപോലും ഉണ്ടായിട്ടില്ല. അതുകൊണ്ടിതിനു ആവശ്യമായ തിരുത്തലുകൾ വരുത്തണമെന്നു ഞാൻ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

Sri K. Krishna Pillai: Sri, I move amendment No.6.

"In clause 11 (Proposed new clause 43A, in Sub-clause (1), omit the proviso.,,

സർ, ആറാമത്തെ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണു്. ഈ 43 (എ) യെ സംബന്ധിച്ചിടത്തോളം അതു ആവശ്യമില്ലെന്നാണെന്റെ അഭിപ്രായം. അതു ഡിലീറ്റു ചെയ്യേണ്ടതാണു്. അതു് സ്വീകാര്യമല്ലെങ്കിൽ ശ്രീമാൻ അനിരുദ്ധന്റെ ഭേദഗതി സ്വീകരിക്കണം. അതു സ്വീകരിക്കുന്നപക്ഷം എന്റെ ഈ ഭേദഗതിയുടെ ആവശ്യം ഇല്ല. ഈ ഭേദഗതിയെപ്പറ്റി ഇവിടെ ചർച്ചനടന്നുകഴിഞ്ഞിട്ടുണ്ടു്. ബഹുമാനപ്പെട്ട മന്ത്രി മറുപടിയും പറഞ്ഞു. അദ്ദേഹത്തിന്റെ ആ പ്രസംഗംകൊണ്ടും ഈ ക്ലാസിന്റെ ആവശ്യം ബോദ്ധ്യപ്പെട്ടത്താതെകണ്ടാണു് ഞാനും ആ ക്ലാസിനെ എതിർക്കുന്നതു്. മി. വിശ്വനാഥൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ചോദിക്കുകയുണ്ടായി, അതു അവിടെ ഇരുന്നാൽ എന്താണുതെറ്റു"എന്നു്. മറിച്ചു ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു, ഈ ക്ലാസു് അവിടെ ഇല്ലാതിരുന്നാൽ എന്തുഅപകടമാണു് ഉണ്ടാകാവുന്നതു് എന്നു്. അദ്ദേഹം അതു് ഇവിടെ പറഞ്ഞില്ല. ഈ കാർപ്പറേഷൻ കൗൺസിൽ ഡിസാംവു ചെയ്യാനുള്ള അധികാരം ഗവണ്മെന്റു് എടുത്തുകളയുന്നതിനുള്ള വ്യവസ്ഥ ഈ ബില്ലിൽ ചേർത്തതു ബോംബെ കാർപ്പറേഷൻ ബില്ലിലും, ഡെൽഹി കാർപ്പറേഷൻബില്ലിലും ഉള്ള വ്യവസ്ഥ അനുസരിച്ചാണു്. അതിനകത്തു ഇതു ഉണ്ടു് എന്നാണു പറയുന്നതു്. പക്ഷെ, ഇതിന്റെ മൂലനിയമം തയ്യാറാക്കുന്നഅവസരത്തിൽ ആ നിയമം ഉണ്ടായിരുന്നതാണു്. ആ നിയമങ്ങളും പരിശോധിച്ചതിനുശേഷമാണു് ഇതു തയാറാക്കീട്ടുള്ളതു്. ഡെൽഹി കാർപ്പറേഷൻ നിയമത്തിലുണ്ടോ, ബാംബെ കാർപ്പറേഷൻ നിയമത്തിലുണ്ടോ എന്നുള്ളതല്ല, പ്രസക്തമായ കാര്യം. ഇവിടെ തീരുമാനിക്കേണ്ട മറെറാരു പ്രധാന പ്രശ്നമുണ്ടു്. ഇവിടെയഥാർത്ഥത്തിൽ ചെയ്യാൻപോകുന്നതു കാർപ്പറേഷൻ കൗൺസിലുകൾക്കുണ്ടായിരുന്ന അധികാരങ്ങൾ കുറയ്ക്കുക എന്നുള്ളതാണു്. 1961–ൽ പുതിയതായി ഉണ്ടായ കാലിക്കറ്റു കാർപ്പറേഷനുണ്ടായിരുന്ന അധികാരങ്ങൾ ഇപ്പോൾ കുറയ്ക്കുകയാണു് ചെയ്യുന്നതു്. പിന്നീടു് എല്ലാകാർപ്പറേഷനുകളുടെയും അധികാരം കുറയ്ക്കുക. 116 മുതൽ തിരുവനന്തപുരം കാർപ്പറേഷൻ പ്രവർത്തിച്ചുവരികയാണു്. അന്നൊന്നും ഈ കാർപ്പറേഷൻ പിരിച്ചുവിടുന്നതിനുള്ള അധികാരം ഗവണ്മെൻറിനുണ്ടായിരുന്നില്ല. ഇന്നു ആ അധികാരം ആവശ്യപ്പെടുമ്പോൾ ഈ കാർപ്പറേഷനുകൾ പിരിച്ചുവിടാനുള്ള സാഹചര്യം ഉണ്ടായിട്ടുള്ളതായി ഗവണ്മെൻറുപോലും പറയുന്നില്ല. കഴിഞ്ഞ ഒന്നരവർഷമായി പ്രവർത്തിച്ചുകൊണ്ടുവരുന്ന കോഴിക്കോട്ട കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള അവസരങ്ങൾ ഉണ്ടായിട്ടുണ്ടോ? ചില ആക്ഷേപങ്ങൾക്കുള്ള ഈ വ്യവസ്ഥകളുണ്ടു് എന്നും പറയുന്നു. പക്ഷെ, ഡിസാംവു് ചെയ്യേണ്ട ആവശ്യം ഇൻഡ്യയിൽ ഇതേവരെ ഉണ്ടായതായി എനിക്കു തോന്നുന്നില്ല. എന്റെ അറിവു ശരിയാണെങ്കിൽ, കൽക്കട്ടാ കാർപ്പറേഷനിൽ ഒരിക്കൽ അങ്ങനെയുണ്ടായി, നേതാജി സുബാഷു് ചന്ദ്രബോസു് മേയറായിരു

LIBRARY ARCHIVES Kerala Legislative Assembly

ന്നപ്പോഴും രാഷ്ട്രീയകാരണങ്ങൾകൊണ്ട് ആ കാർപ്പറേഷൻ പിരിച്ചുവിടാൻ ഒരു പ്രത്യേക ആർഡിനൻസു കൊണ്ടുവന്നു പിരിച്ചുവിടുകയാണുണ്ടായത്. അതല്ലാതെ കാപ്പറേഷൻ അധികാരദുർവിനിയോഗം ചെയ്യുന്നതുകൊണ്ട് ഏതെങ്കിലും കാർപ്പറേഷൻ പിരിച്ചുവിട്ടസംഭവം ബ്രിട്ടീഷുകാരുടെ കാലത്തുപോലും ഉണ്ടായിട്ടില്ല സർ. സി. പി. യുടെ ഭരണകാലത്തുപോലും ഇങ്ങനെ പിരിച്ചുവിടേണ്ട ആവശ്യമുണ്ടായില്ല. ഈ കാരണങ്ങൾകൊണ്ടുതന്നെ ഇതിന്റെ ആവശ്യമില്ല എന്നുള്ളതു വ്യക്തമാണ്. പിരിച്ചുവിടാനുള്ള അധികാരം ഗവണ്മെന്റിനു ഉണ്ടായിരിക്കണം എന്നുള്ളതിനു മതിയായ കാരണം പറയാൻ സാദ്ധ്യമല്ലാത്തിടത്തോളംകാലം ഈ ഭേദഗതി കൊണ്ടുവരുന്നതിനു യാതൊരു ന്യായീകരണവുമില്ല. അതുകൊണ്ട് ഈ ക്ലാസ് ഉപേക്ഷിക്കേണ്ടതാണ്. അതു സ്വീകരിക്കുന്നില്ലെങ്കിൽ സ്വീകരിക്കേണ്ട ഒരു ഭേദഗതിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ള ആറാമത്തെ ഭേദഗതി. അവസാനമായി ഗവണ്മെന്റു സമ്മതിക്കയില്ല ഭൂരിപക്ഷംകൊണ്ടു ഇതു പാസാക്കി എടുക്കും എന്നുള്ളതാണ് ഉദ്ദേശമെങ്കിൽ ഡിസാഠവ് ചെയ്യുന്നതിനോടൊപ്പം ആറുമാസത്തിനകം തെരഞ്ഞെടുപ്പുനടത്താൻ ഉള്ള വ്യവസ്ഥകൂടി ചെയ്യേണ്ടതാണ്. ആറുമാസത്തേക്കുകൂടി നീട്ടുന്നതിനുള്ള പ്രൊവൈസോ എടുത്തു കളയേണ്ടതാണ്. തെരഞ്ഞെടുപ്പു നടത്തുന്നതിനുള്ള ഏർപ്പാടു ആറുമാസത്തേക്കുകൂടി നീട്ടുന്നതിന്റെ ആവശ്യംതന്നെയില്ല, ഏതായാലും ആറുമാസംകൊണ്ടു തെരഞ്ഞെടുപ്പു നടത്താൻകഴിയും .ഈഗവണ്മെന്റിനു വർഷങ്ങൾതന്നെ വേണ്ടിവരും അതുമാറ്റു കാരണങ്ങളാലാണ് അതല്ലാ ഏതെങ്കിലും പ്രത്യേക പരിതഃസ്ഥിതി ഉണ്ടാകുന്നു എങ്കിൽതന്നെ, ആറുമാസത്തിൽ കൂടുതൽ ആവശ്യമാണെങ്കിൽ അതു ഈ നിയമസഭയിൽ കൊണ്ടുവരികയും അങ്ങനെ നീട്ടുന്നതിനുള്ള അവകാശം ഈ നിയമസഭയിൽനിന്നും വാങ്ങുകയും ചെയ്യാവുന്നതാണ്. 6 മാസക്കാലത്തിനുള്ളിൽ തെരഞ്ഞെടുപ്പു നിർബന്ധമായി നടത്തിയിരിക്കണം, ഏതെങ്കിലും കാരണവശാൽ നീട്ടിവയ്ക്കേണ്ടിവരുമ്പോഴും അതു നിയമസഭയിൽ കൊണ്ടുവരേണ്ടതാണ്. അതുകൊണ്ട് ആ പ്രൊവൈസോ ഉപേക്ഷിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

(Mr. Speaker in the Chair)

ശ്രീ. പി.എം. കുഞ്ഞിരാമൻ നമ്പ്യാർ: സർ, ക്ലാസ്സ് 43-A ഒരു വിധത്തിലും ഈ നിയമത്തിൽ ഉണ്ടായിരിക്കരുതെന്നു വളരെ ഉറപ്പിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ചില അധികാരങ്ങൾ കൊടുക്കുന്നതു, ആ അധികാരം അവതന്നെ നടപ്പിൽവരുത്തണമെന്നുള്ള ഉദ്ദേശത്തിലാണ്. ഇതുവരെയുള്ള അനുഭവത്തിൽനിന്നു, അതിൽനിന്നു വ്യത്യസ്തമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നു എന്റെ ചില സ്നേഹിതന്മാർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. മുനിസിപ്പാലിറ്റികളും, കാർപ്പൊറേഷനുകളും ന്യായമായി പ്രവർത്തനം നടത്തിക്കൊണ്ടുപോകണമെന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശമെന്നുവേണം കരുതാൻ. ചില പ്രത്യേക പരിതഃസ്ഥിതികൾ വരുമ്പോൾ, രാഷ്ട്രീയമായ ചില നിലപാടുകൾ വച്ചുനോക്കിയാൽ, നിയമത്തിന്റെ ഉദ്ദേശം സാധിക്കാത്ത ചില നടപടികൾ സ്വീകരിച്ചുപോകാറുണ്ട്. ഗവണ്മെന്റു പല അവസരങ്ങളിലും മാറി മാറിവരും. ഒരു രാഷ്ട്രീയ കക്ഷി മാറി, മറെറാരു രാഷ്ട്രീയ കക്ഷി അധികാരത്തിൽ വരും. നാം നിയമനിർമ്മാണം ചെയ്യുമ്പോൾ, ഒരു സ്റ്റേറ്റിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പഞ്ചായത്തായാലും, മുനിസിപ്പാലിറ്റിയായാലും, കാർപ്പറേഷനായാലും വികേന്ദ്രീകരണത്തിലുള്ള ഒരു ഭരണക്രമത്തിനുള്ള ചട്ടങ്ങൾ നിർമ്മിച്ചു അതിനു അനുകൂലമായ പ്രവർത്തനത്തിനു സൗകര്യം നൽകേണ്ടതാണ്. മാറി വരുന്ന പരിതഃസ്ഥിതിയിൽ കൂടുതൽ കൂടുതൽ ആനുകൂല്യങ്ങളും, കൂടുതൽ കൂടുതൽ മാറ്റങ്ങളും നിയമത്തിൽ വരുത്തേണ്ടതായിട്ടു വരും. ഈ നിയമത്തിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാടു വാസ്തവത്തിൽ തെറ്റാണ്; ജനാധിപത്യ വ്യവസ്ഥയുടെ കഴുത്തറുക്കുന്ന ഒരു സംപ്രദായമാണ്. ഇതിനെ ഞാൻ ശക്തിമത്തായി എതിർക്കുകയാണ്.

12 Noon]

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ]

സർ, തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിലിലെ അംഗങ്ങളും, ഇവിടെ ചിലർ പറഞ്ഞതുപോലെ ഉൽബുദ്ധരായ വോട്ടേഴ്സ് തിരഞ്ഞെടുത്തയക്കുന്ന കാർപ്പൊറേഷൻ അംഗങ്ങളും, പലപ്പോഴും, എം.എൽ.എ. മാരേക്കാളും യോഗ്യതയുള്ളവരായിരിക്കും. അവർ അധികാരത്തിൽ വന്നുകഴിഞ്ഞാൽ, അധികാരം കൈകാര്യം ചെയ്യുമ്പോഴും ചില തെറ്റുകളും പറ്റിയെന്നുവരും. സ്റ്റേറ്റ് ഗവണ്മെൻറിനും, കേന്ദ്ര ഗവണ്മെൻറിനുതന്നെയും, പലകാര്യത്തിലും ഭരണപരമായ തെറ്റു പറ്റാറുണ്ടല്ലോ. കൗൺസിലിനു നേരിടുന്ന തെറ്റുകളും അപ്പോഴപ്പോഴും ചൂണ്ടിക്കാണിച്ച് അതിനു പരിഹാരം നേടാവുന്നതേയുള്ളൂ. സാമ്പത്തികമായും മറ്റും അവക്കു നേരിടാവുന്ന ചില്ലറ തെറ്റുകളും മനസ്സിലാക്കി, അവരെക്കൊണ്ട് അതു തിരുത്തിക്കാനുള്ള ശ്രമം നടത്താതെ, അവരെ സ്ഥാനത്തുനിന്നു ഗളഹസ്തം ചെയ്യുന്ന രീതിയിലുള്ള നിയമം സൃഷ്ടിക്കുന്നതു ശരിയല്ലെന്നാണ് എനിക്കു പറയാനുള്ളതു്. ഇതുപോലുള്ള ഏതെങ്കിലും തെറ്റുകണ്ടാൽ, മുനിസിപ്പാലിറ്റിയിലും, കാർപ്പൊറേഷനിലുമുള്ള കൗൺസിലിനെ പിരിച്ചുവിടാൻ ഇത്ര അടിയന്തിരമായി ഒരു നിയമം കൊണ്ടുവരുന്നതിൻറെ ആവശ്യമെന്താണെന്നു മനസ്സിലാകുന്നില്ല. എന്തിനു് ഈ അധികാരം ഗവണ്മെൻറ് ഏറ്റെടുക്കുന്നു എന്നു ഞാൻ ചോദിക്കുകയാണു്. സ്റ്റേറ്റ് ഗവണ്മെൻറുകളും, കേന്ദ്ര ഗവണ്മെൻറും വ്യവസ്ഥാപിതമായ രീതിയിൽ ജനങ്ങൾക്കു് പകർന്നുകൊടുക്കുന്ന അധികാര വികേന്ദ്രീകരണം, ന്യായമായി നടപ്പാക്കാൻ, അങ്ങനെ ജനാധിപത്യത്തിൻറെ അടിസ്ഥാന തത്വങ്ങൾ തികച്ചും ഫലപ്രദമായി പാലിക്കാൻ അവസരം നൽകേണ്ട ഈ കാലഘട്ടത്തിൽ, ഈ നിയമത്തിൽ ഇങ്ങനെയൊരു വ്യതിചലനം വരുത്തുന്നതു ശരിയല്ല.

Shri N. S. Krishna Pillai: 'If in the opinion of the Government a Council persistently makes default in performing the duties imposed on it by law, or exceeds or abuses its powers, the Government may by notification direct that the council be dissolved and reconstituted on such date as may be fixed in the notification not being later than six months from the date of dissolution'.
അങ്ങനെ മനഃപൂർവം തുടർച്ചയായി തെറ്റുചെയ്താൽ ഈ നടപടി സ്വീകരിക്കുമെന്നല്ലേ പറയുന്നതു്?

ശ്രീ. പി.എം. കുഞ്ഞിരാമൻനമ്പ്യാർ: മനഃപൂർവ്വം ചെയ്യുകയാണോ എന്നുള്ളതിനെപ്പറ്റി അന്വേഷണം നടത്താൻ, അവക്കു നോട്ടീസുകൊടുത്തു മറ്റു നടപടികളും സ്വീകരിക്കുന്നതിൽ തെറ്റില്ല. പക്ഷേ, അങ്ങനെയൊന്നും ഇതിൽ പറഞ്ഞിട്ടില്ല. പ്രത്യേകിച്ചു് ഇങ്ങനെയൊക്കെ ചെയ്യും എന്നു മുൻകൂട്ടി കരുതേണ്ട ആവശ്യമില്ല.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ, നോട്ടീസിൻറെ കാര്യമൊക്കെ ഇതിൽ പറയുന്നുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: ഇംഗ്ലീഷ് വായിച്ചാൽ ഞങ്ങൾക്കും മനസ്സിലാകും. 41 ഉം 42 ഉം ക്ലാസ്സുകളും കൊണ്ടു വേണ്ടുന്ന അധികാരം ഗവണ്മെൻറിനുണ്ടല്ലോ.

ഇതിൻറെയെല്ലാം അവസാന ഫലം എന്താണ്? എത്രയോ കൊല്ലങ്ങളായിട്ടും, ഇതിനകം ഇങ്ങനെയൊരു സംഭവംമാത്രമാണു് ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. ആ നിലക്കു് ഇങ്ങനെ കൗൺസിലിനെ പിരിച്ചുവയക്കാനുള്ള ഒരു വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ലെന്നാണു് എനിക്കു് പറയാനുള്ളതു്. ഒന്നുകിൽ ഈ ക്ലാസ്സ് ഗവണ്മെൻറ് ഡിലീറ്റുചെയ്യണം. അല്ലാത്തപക്ഷം, ഇവിടെ രണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളും വായിച്ചുനോക്കി, അതിൽ മാറ്റം വരുത്തണം. ഈ ക്ലാസ്സിൽ എന്തെങ്കിലും മോഡിഫിക്കേഷൻ വരുത്താൻ ഗവണ്മെൻറ് ലവലിൽ ഒരു ഭേദഗതി കൊണ്ടുവന്നാലും തരക്കേടില്ല. ഏതായാലും ജനാധിപത്യത്തെ സംരക്ഷിക്കണമെന്നുണ്ടെങ്കിൽ ഇതു ഡിലീറ്റു ചെയ്യണമെന്നു അഭിപ്രായമാണെനിക്കുള്ളതു്. അതിനുവേണ്ടി ശക്തിമത്തായി ഞാൻ ആവശ്യപ്പെടുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഈ ബില്ലിലെ ക്ലാസ് 11 ഡിലീറ്റ് ചെയ്തുകഴിഞ്ഞാൽ മൂലനിയമത്തിലെ സെക്ഷൻ 42 നിലനിൽക്കും. സെക്ഷൻ 42–ൽ, കാർപ്പറേഷനെ നിയന്ത്രിക്കുന്നതിനുള്ള പവ്വേഴ്സുണ്ട്. അതു പോരാഞ്ഞിട്ട്,

'If in the opinion of the Government a Council persistently makes default in performing the duties imposed on it by law, or exceeds or abuses its powers, the Government may by notification direct that the Council be dissolved.....'

എന്നാണ് പുതുതായികൊണ്ടുവരുന്ന ഭേദഗതിയിൽപറയുന്നത്. ഒരു കാർപ്പറേഷൻ കൗൺസിൽ, അതിന്റെ ബാധ്യത നിർവഹിക്കാതെ ഇരിക്കുക, തുടർച്ചയായിട്ട് തെറ്റുകൾ ചെയ്യുക, ഇതൊക്കെ വരുമ്പോൾ തക്ക സമയത്തു് ഗവണ്മെൻറിനു് ഇടപെടുന്നതിനുള്ള പവ്വേഴ്സ് കൊടുക്കുന്നതാണ് സെക്ഷൻ 42: സാമാന്യം വലിയ ഒരു സെക്ഷനാണ് 42. 5 സബ്സെക്ഷൻ സുണ്ട്. അതിൽ. മിക്കവാറും വരാവുന്ന വൈഷമ്യങ്ങളെ കാലേക്കൂട്ടി കണ്ടിട്ടുണ്ട്. ആ വൈഷമ്യങ്ങളെ കാലോചിതമായി നേരിടുന്നതിനാണ് സെക്ഷൻ 42 നിലനിൽക്കുന്നതു്.

Government's powers for taking action,

എന്നു് തുടങ്ങുന്ന വകുപ്പു്.

നടപടികൾ എടുക്കുന്നതിനു ഗവണ്മെൻറിനുള്ള അധികാരമാണ് സെക്ഷൻ 42–ലുള്ളതു്. കാർപ്പറേഷൻ, അതിന്റെ ബാദ്ധ്യതയിൽനിന്നു വ്യതിചലിക്കുമ്പോൾ, വേണ്ട നടപടി എടുക്കാനുള്ള അധികാരമാണ് അതിൽ കൊടുത്തിരിക്കുന്നതു്. അങ്ങനെയുള്ള അധികാരങ്ങൾ പ്രയോഗിച്ചു കഴിഞ്ഞിട്ടു്, കാർപ്പറേഷന്റെ പ്രവർത്തനം നടത്തിക്കൊണ്ടുപോകാൻ സാധ്യമല്ലാത്ത ഒരു സന്ദർഭം വരുമെന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നതു്. അതു തെറ്റായ ഒരു പ്രതീക്ഷയാണു്; ആവശ്യമില്ലാത്ത ഒരു മുൻകരുതലാണു്. 43(എ) വകുപ്പു് നെപ്പറ്റി സംസാരിക്കുമ്പോൾ, പേഴ്സിസ്റ്റൻറായി കാർപ്പറേഷൻ തെറ്റുചെയ്യുന്ന അവസരത്തിലല്ലേ ഗവണ്മെൻറു് ഡിസോൾവു ചെയ്യാൻ വരുന്നുള്ള എന്നു വാദിച്ചേക്കാം. അവർ ഒറിജിനൽ ആക്റ്റിന്റെ കെട്ടുപാടിൽ നിന്നുളയെടുത്തിട്ടാണ് ഈ ഭേദഗതിയെപ്പറ്റി ചിന്തിക്കുന്നതു്. ഒരു പ്രത്യേകസമീപനം ഇവിടെ കാണാൻ കഴിയും. 43(എ) തന്നെ അങ്ങനെയൊരു മാനസിക പ്രവണതയിൽനിന്നു് ഉൽഭവിച്ചതാണു്. കാലിക്കറ്റു സിറ്റി മുനിസിപ്പൽ ആക്റ്റിൽ, കാർപ്പറേഷന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും, സുഗമമാക്കാനുമുള്ള പവ്വേഴ്സ് കൊടുത്തിരുന്നതിനും പുറമേ ഒരു അധിക പ്പറ്റായി കൂത്തിത്തിരുകി ചേർത്തതാണു് 43 (എ). എന്റെ അഭിപ്രായത്തിൽ ഇതു് ആവശ്യമില്ലാത്തതാണു്, ഇതു എടുത്തുകളയണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. കാർപ്പറേഷന്റെ നടത്തിപ്പിൽ ഇടപെടാൻ വേണ്ട പവേഴ്സ് ഇന്നുണ്ടു്. അതു ഗവണ്മെൻറു് ഉപയോഗപ്പെടുത്തുകയാണ വേണ്ടതു്. അതിൽ നിന്നു വ്യതിയാനം വരുത്തുന്ന പ്രയോജനമേ ഈ ഭേദഗതികൊണ്ടുണ്ടാകുകയുള്ളു എന്നുള്ളതുകൊണ്ടു് ഇതിനെ എതിർക്കാതിരിക്കാൻ നിർവാഹമില്ല. ബഹുമാനപ്പെട്ട കെ. കൃഷ്ണപിള്ള പറഞ്ഞതുപോലെ, ഇവിടെ പ്രസക്തമായിട്ടുള്ള വിഷയം, ഏതെല്ലാം കോർപ്പറേഷനുകളുടെ, എന്തെല്ലാം ആക്റ്റുകളുടെ ഏതെല്ലാം പ്രൊവിഷൻസ് ഇതിനാധാരമായിട്ടുണ്ടു് എന്നതല്ല. നിലവിലുള്ള ആക്റ്റിൽ പ്രൊവൈസുചെയ്തിട്ടുള്ളതിനു വിപരീതമായി അതിലെ തത്വങ്ങൾക്കു് എതിരായി ഏതെങ്കിലും പ്രൊവിഷൻ ഇപ്പോൾ കൊണ്ടുവരേണ്ട ആവശ്യമുണ്ടോ എന്നുള്ളതാണു് പ്രശ്നം. 43 (എ) പ്രകാരം കാർപ്പറേഷൻ ഡിസോൾവു് ചെയ്യുന്നതിനുള്ള അധികാരം ഗവണ്മെൻറു് ഏറ്റെടുക്കേണ്ട യാതൊരു ഘട്ടവും ഇവിടെ സംജാതമായിട്ടില്ല. മറിച്ചാണെങ്കിൽ, ഇന്നു കാലിക്കട്ടു് സിറ്റി കാർപ്പറേഷൻ ആക്റ്റുപ്രകാരം ഗവണ്മെൻറിൽ നിക്ഷിപ്തമായിട്ടുള്ള ബാധ്യതകൾ നിർവഹിക്കുന്ന കാര്യത്തിൽ വരുന്ന വീഴ്ചകൾ ചൂണ്ടിക്കാണിക്കുന്നതിനു് ഒട്ടും വിഷമമില്ല. അതു പരിഹരിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. പി. ഗോപാലൻ]

പകരം, കൂടുതൽ അധികാരം വേണമെന്നു പറയുന്ന വാദം സ്വീകാര്യമല്ല. ഒരു പുതിയ നിയമം കൊണ്ടുവരുമ്പോൾ ചില പ്രത്യേക വകുപ്പുകൾ വേണ്ടാ എന്നു പറയുന്നതുപോലെയല്ല സർ, ഈ വകുപ്പുകൾ ഡിലീറ്റുചെയ്യണമെന്നു ഞാൻ പറയുന്നതു്. ഇതു് ഒരു അധികപ്പറ്റാണു്. ആവശ്യമില്ലാത്തതാണു്. നിലവിലുള്ള ആക്ടിൽ ഊന്നിനിന്നുകൊണ്ടു്, നിയമം പ്രവർത്തനക്ഷമമാക്കുകയാണാവശ്യം. അനുഭവത്തിൽനിന്നു് പാഠം പഠിക്കാതെ, അധികാരത്തിനു വേണ്ടി വഴിതെറ്റിപ്പോയിട്ടാണു് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. കാർപ്പെറേഷന്റെ ഗുണത്തിനല്ല ഈ ഭേദഗതി. അതുകൊണ്ടു് ഇതു ഡിലീറ്റുചെയ്യുകതന്നെ വേണം. നിലവിലുള്ള ആക്ടിലെ വ്യവസ്ഥ പ്രകാരം, യാതൊരു വൈഷമ്യവുംകൂടാതെ, ഗവണ്മെന്റിനു ഒരു തീരുമാനം എടുക്കുന്നതിനും. നിയമപ്രകാരം സിദ്ധിക്കുന്ന പ്രത്യേകാധികാരം ഉപയോഗിക്കുന്നതിനും വ്യവസ്ഥയുണ്ടല്ലൊ. അതൊന്നും പോരാഞ്ഞിട്ടു് ഈ പണിക്കിറങ്ങിയതു് നന്നായില്ല. യാതൊരു കാരണവശാലും സർക്കാരിന്റെ പരമാധികാരത്തിന്റെ പേരിൽ ന്യായീകരിക്കാനോ, സ്വയം നിർണ്ണായകശക്തിനു ദുർവ്യാഖ്യാനം നൽകി അതിന്റെ സംരക്ഷണത്തിനാണെന്നു് പറഞ്ഞു സംതൃപ്തിപ്പെടാനോ സാദ്ധ്യമല്ല. ഇവിടെ, ജനാധിപത്യ സംപ്രദായമെന്നും, അധികാര വികേന്ദ്രീകരണം എന്നും മറ്റും പറഞ്ഞുകേൾക്കാറുണ്ടു്. അതിന്റെയൊക്കെ പേരുംപറഞ്ഞു് കൂടുതൽ അധികാരം ഗവണ്മെന്റു കൈയ്യടക്കാൻ ശ്രമിക്കുന്നതു ശരിയല്ല. യാതൊന്നും പുതുതായി മനസ്സിലാക്കുകയില്ല എന്നു ശഠിച്ചു നിൽക്കുന്നവരുണ്ടു്. വിജ്ഞാനത്തിന്റെ കവാടം അടച്ചുപൂട്ടി താക്കോൽ ഭദ്രമായി സൂക്ഷിച്ചുവക്കുന്നവർ ഈ നില അവസാനിപ്പിക്കണം. ഭരണരീതികളെയും സമ്പ്രദായങ്ങളെയും സംബന്ധിച്ച പരിശോധനകളും, പരീക്ഷണങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന കാലമാണു്. ശ്രീ. കെ. എ. ദാമോദരമേനോൻ ഈ ഭേദഗതികളെപ്പറ്റി രണ്ടുകൂടി ആലോചിക്കുമെന്നു ഞാൻ കരുതുന്നു. രണ്ടു കൊല്ലംമുമ്പു് ഈ നിയമസഭയിൽ വളരെ കാര്യമായി വളരെ സമയം ചെലവാക്കി ചർച്ചചെയ്തു തീരുമാനിച്ച ഒരു നിയമത്തെ സംബന്ധിച്ചിടത്തോളം, ഇപ്പോഴും സാരമായ മാറ്റം വരുത്താൻ തക്കവണ്ണം എന്തൊന്നാണിവിടെ സംഭവിച്ചിട്ടുള്ളതെന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാവുന്നില്ല. കൂടുതൽ അധികാരം കൈയടക്കാൻവേണ്ടി, അധികാര വികേന്ദ്രീകരണത്തിന്റെ പേരും പറഞ്ഞു്, ജനാധിപത്യത്തിന്റെ മറയുംപിടിച്ചു് ഒരുമ്പെട്ടിറങ്ങിയതു് പന്തിയായില്ല. വീണ്ടുവിചാരത്തിനു ഒരുക്കമുണ്ടെങ്കിൽ, ക്ലാസ്സു് 11, ഒറിജിനൽ ആക്ടിലെ വ്യവസ്ഥയനുസരിച്ചു് എടുത്തുകളയുക. ഈ ഭേദഗതി കൊണ്ടുവരുന്നതിനു് ഒരു ന്യായീകരണവും ഇല്ലെന്നു ഒരിക്കൽകൂടി ചൂണ്ടിക്കാണിച്ചിട്ടു ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു. ഈ ഭേദഗതി ഡിലീറ്റുചെയ്യണമെന്നാവശ്യപ്പെടുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ: സർ, ഈ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ലാതെ വന്നതിൽ ഞാൻ ഖേദിക്കുകയാണു്. ശ്രീ. ഗോപാലനും മറ്റു സ്നേഹിതന്മാരും അതിനുവേണ്ടി വളരെ ശക്തിയായി വാദിക്കുകയുണ്ടായി. ശ്രീ. ഗോപാലന്റെ പ്രസംഗം വളരെ ശ്രദ്ധാപൂർവം ഞാൻ കേൾക്കുകയായിരുന്നു, വല്ല പുതിയ വാദവും കൊണ്ടുവരുന്നുണ്ടോ എന്നു്. അതുണ്ടായില്ല. മാത്രവുമല്ല അദ്ദേഹത്തിന്റെ വാഗ്വിലാസത്തെ സംബന്ധിച്ചു വളരെയധികം പേരും സമ്മതിച്ചിട്ടുള്ളതാണു്. എങ്കിലും ആവർത്തനമല്ലാതെ പോയിൻറുകൾ ഇല്ലായിരുന്നുവെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ക്ഷീരബലയും മറ്റും ആവർത്തിക്കുന്നതുകൊണ്ടു ഗുണം കൂടുമെങ്കിലും എന്റെ പ്രസംഗം വീണ്ടും വീണ്ടും ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഇതു എതിർക്കുകയാണു്.

Mr. Speaker: Mr. Anirudhan, do you press your amendment?

Shri K. Anirudhan: Yes. I press.

Amendment No. 5, moved by Shri K. Anirudhan was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Shri K. Krishna Pillai, do you press your amendment?

Shri K. Krishna Pillai: Yes. I press.

Amendment No. 6, moved by Shri K. Krishna Pillai, was put and lost.

The question that Clause 11 stands part of the Bill was put and carried.

Shri E. P. Gopalan: Sir, I demand a poll.

A poll was taken, when the House divided as follows:-

Ayes 46

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, M. A. Antony
4 ,, P. C. Balakrishnan
5 ,, R. Balkrishnan Pillai
6 ,, T. O. Bava
7 ,, P. Chacko
8 ,, P. C. Cherian
9 ,, K. A. Damodara Menon
10 ,, T. A. Dharmaraja Iyer
11 ,, K. M. George
12 ,, P. Gopalan
13 ,, Malethu Gopinatha Pillai
14 ,, M. P. Govindan Nair
15 ,, Vayala Idicula
16 ,, A. L Jacob
17 ,, George Joseph Podippara
18 ,, P. S. Karthikeyan
19 ,, T. Krishnan
20 ,, P. R. Krishnan
21 ,, N. S. Krishna Pillai
22 ,, P. Kumaran
23 ,, K. Kunhambu
24 Shri M. Kunhikannan Nambiar
25 Smt. Kusumam
26 Shri P. Madhavan
27 ,, V. Madura
28 ,, M. M. Mathai
29 ,, T. Murugesan
30 Smt. A. Nafeesath Beevi
31 Shri K. Narayana Kurup
32 ,, M. Narayana Kurup
33 ,, E. P. Poulose
34 ,, A. A. Rahim
35 ,, R. Raghava Menon
36 ,, M. Ravindranath
37 ,, R. Sankar
38 Smt. O. T. Sarada Krishnan
39 ,, K. R. Saraswathi Amma
40 Shri Shamsuddin
41 ,, C. M. Stephen
42 ,, K. T. Thomas
43 ,, T. A. Thomman
44 ,, P. P. Ummer Koya
45 ,, K. R. Vijayan
46 ,, K. K. Viswanathan

Noes 36

1 Shri P.Abdul Majeed
2 ,, C. Achutha Menon
3 ,, P. C. Adichan
4 ,, M. Alikunju Sastri
5 ,, K. Anirudhan
6 ,, C. K Balakrishnan
7 ,, K. Bhargavan
8 ,, D. Damodaran Potti
9 ,, E. P. Gopalan
10 ,, N. Gopala Kurup
11 Smt. K. R. Gouri
12 Shri K. Hassan Gani
13 ,, K. V. John
14 ,, O. Koran
15 ,, K. Krishnan
16 ,, M. Krishnan
17 ,, R. Krishnan
18 ,, K. Krishna Pillai
19 ,, S. Kumaran
20 ,, P. K. Kunjachan

LIBRARY ARCHIVES Kerala Legislative Assembly

21	Shri	P. M. Kunhiraman Nambiar	28	,,	N. Neelakantaru Pandarathil
22	,,	K. Moideenkutty Hajee	29	,,	P. C. Raghavan Nair
23	,,	C. M. Kutty	30	,,	P. Ramunni Kurup
24	,,	P. K. Narayanan Nambiar	31	,,	T. K. Ramakrishnan
25	,,	T. C. Narayanan Nambiar	32	,,	P. Ravindran
26	,,	P. Narayanan Thampi	33	,,	P. S. Srinivasan
27	,,	K. V. Narayanan	34	,,	M. M. Sundaram
			35	,,	M. V. Vasu
			36	,,	P. Viswambharan

Neutrals—Nil

Mr. Speaker: Those for the Clause: 46
Those against : 36
Neutrals : Nil.

The motion is carried and Clause 11 is added to the Bill.

Clause 12.

Mr. Speaker: There are no amendments to Clauses 12 to 16

Shri K. A. Damodara Menon: No, Sir. I have to say one word. I am thankful to Mr. P. Viswambharan for pointing out an oversight. If you will permit me, Sir, I shall move an amendment to Clause 13.

The question that Clause 12 stands part of the Bill was put and carried.

Clause 12 was added to the Bill.

Clause 13.

Shri K. A. Damodara Menon: I move: For Clause 13, the following clause shall be substituted, namely:-

13. Amendment of section 66. In section 66 of the principa Act, for sub-section (3) the following sub-section shall be substituted namely:-

"(3). The oath or affirmation under sub-section (1) and sub-section (2) shall be in the following form:-

"I .....having been elected Councillor/Mayor/Deputy Mayor of the Corporation of.....do swear in the name of God/Solemnly affirm that I will bear true faith and allegiance to the Constitution of India as by law established, that I will uphold the sovereignty and integrity of India and that I will duly and faithfully and to the best of my ability, knowledge and judgment perform the duties of my office without fear or favour, affection or illwill"

This amendment is in consonance with the recent change in the Constitution.

LIBRARY ARCHIVES Kerala Legislative Assembly

The amendment moved by the Minister to Clause 13 was put and carried.

The question that Clause 13, as amended, stands part of the Bill was put and carried.

Clause 13, as amended, was added to the Bill.

Clauses 14 *and* 15

Mr. Speaker: There are no amendments to Clauses 14 and 15.

The question that Clauses 14 and 15 stand part of the Bill was put and carried.

Clauses 14 and 15 were added to the Bill.

Clause 16

Mr. Speaker: Amendments No. 18 by Shri P. C. Raghavan Na and 19 by Shri E. P. Gopalan are for deletion of the Clause. Henc they are not in order. The Members can speak opposing the clause.r

ശ്രീ. പി. സി. രാഘവൻ നായർ : സർ, ക്ലാസ്സ് 16 എന്നതു് മൂലനിയമത്തിന്റെ 84–ാം വകുപ്പിനുള്ള ഭേദഗതിയാണു്. കാർപ്പൊറേഷനിലേയ്ക്കു് ഹെൽത്തു ആഫീസറേയും, ഇൻജിനീയറേയും, റവന്യു ആഫീസറേയും അക്കൗണ്ടന്റു് ആഫീസറേയും നിയമിക്കുന്നതിനുള്ള വ്യവസ്ഥയെപ്പറ്റിയാണു് ഇതിൽപ്രതിപാദിച്ചിട്ടുള്ളതു്. മുമ്പിലെത്തെ നിയമപ്രകാരം ഇത്തരം ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാനുള്ള അധികാരം കൗൺസിലിനു് തന്നെയായിരുന്നു. ഗവണ്മെൻറിന്റെ അനുമതിയോടുകൂടി കൗൺസിൽ തയാറാക്കുന്ന യോഗ്യതയുള്ള വിദഗ്ദ്ധന്മാരെ നിയമിക്കണമെന്നാണു് മുൻ വകുപ്പിൽ പറഞ്ഞിരിക്കുന്നതു്. ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാനുള്ള അധികാരം കാർപ്പൊറേഷനുണ്ടു്. ഇതേമാതിരി തസ്തികകൾക്കു വേണ്ടതായ യോഗ്യത നിശ്ചയിക്കുവാനുള്ള അധികാരവും കൗൺസിലിനുണ്ടായിരുന്നു. കൗൺസിൽ ഈ ഉദ്യോഗസ്ഥന്മാക്കു വേണ്ടതായ യോഗ്യത നിശ്ചയിച്ചു കഴിഞ്ഞാൽ ഗവണ്മെൻറിന്റെ അനുമതി വാങ്ങിച്ചിരിക്കണം. അങ്ങനെ ഗവണ്മെൻറിന്റെ അനുമതിയോടുകൂടി നിർദ്ദിഷ്ട യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാവൂ എന്നുള്ള അധികാരമാണു് കൗൺസിലിനുണ്ടായിരുന്നതു്. ഇന്നു അതു മാറ്റിയിട്ടു കാളിഫിക്കേഷൻ പ്രിസ്ക്രൈബു് ചെയ്യാനുള്ള അധികാരം കൗൺസിലിൽനിന്നും മാറ്റിയിട്ടു ഇപ്പോൾ ഗവണ്മെൻറിൽ നിക്ഷിപ്തമാക്കിയിരിക്കുകയാണു്. "subject to the qualifications prescribed dy the Council" എന്നുള്ള വാചകം എടുത്തുകളഞ്ഞു. അതിനുശേഷം "subject to such rules as may be prescribed and" എന്നു ചേത്തിരിക്കുകയാണു്. അതനുസരിച്ചു ഈ ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാനുള്ള കാളിഫിക്കേഷൻ പ്രിസ്ക്രൈബു് ചെയ്യാനുള്ള അധികാരം ഗവണ്മെൻറിനാണു്. മുൻ നിയമപ്രകാരം കൗൺസിലിനാണു് അതു ചെയ്യേണ്ടതു്. ഗവണ്മെൻറിന്റെ അനുമതി ഉണ്ടായിരിക്കണം എന്നു മാത്രമേ ഉള്ളു. തദ്ദ്വേശ സ്വയംഭരണസ്ഥാപനങ്ങൾക്കു ആ തരത്തിലുള്ള അധികാരങ്ങൾ കൊടുത്തു അവയെ പ്രോത്സാഹിപ്പിക്കേണ്ടതാണു്. മുൻ നിയമത്തിൽ ഇഞ്ചിനീയർ, ഹെൽത്തു് ആഫീസർ, റവന്യു ആഫീസർ അക്കൗണ്ടന്റു് എന്നിവരുടെ യോഗ്യത നിർണ്ണയിക്കാനും നിയമിക്കാനും കൗൺസിലിനുണ്ടായിരുന്ന അധികാരം സക്കാർ ഇപ്പോൾ കൈയ്യടക്കിയിരിക്കുകയാണു്. ഇക്കാലമത്രയും കൗൺസിൽ അനുഭവിച്ചിരുന്ന ഒരു സൗകര്യം എന്തിനിപ്പോൾ വെട്ടിക്കുറയ്ക്കുന്നു. ഈ ഭേദഗതിപ്രകാരം നിയമിക്കാനുള്ള അധികാരം ഗവണ്മെൻറിന്റെ കയ്യിൽ നിക്ഷിപ്തമാണു്. അങ്ങനെ വരുമ്പോൾ ഈ കാലമത്രയും കൗൺസിലിനു അനുഭവിച്ചിരുന്ന സൗജന്യം നഷ്ടപ്പെടുകയാണു്. അതു വരാതിരിക്കുവാൻ വേണ്ടിയാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. ക്ലാസ്സ് 16 എടുത്തുകഴിഞ്ഞാൽ മുൻ 84-ാം വകുപ്പു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

അതേപടിനിലനിൽക്കും. ആ ഭേഗതി സ്വീകരിക്കുകയാണെങ്കിൽ യാതൊരു അപകടവും ഉണ്ടാകാൻ പോകുന്നില്ല. ആദ്യത്തെ നിയമത്തിൽ പറഞ്ഞിട്ടുള്ള തുപോലെ ഗവണ്മെൻറിന്റെ അനുമതിയോടുകൂടിയായിരിക്കണം തസ്തിക കൂടുക വേണ്ട കാളിഫിക്കേഷൻ പ്രിസ്ക്രൈബ് ചെയ്യാൻ, കാളിഫിക്കേഷൻ നിശ്ചയിക്കാനുള്ള അധികാരം മുമ്പിലെത്തെ വകുപ്പുപ്രകാരം കൗൺസിലിനുണ്ടായിരിക്കുകയും ഗവണ്മെൻറിന്റെ അനുമതി വാങ്ങിയിരിക്കുകയും ചെയ്യണമെന്ന മുമ്പിലെത്തെ വകുപ്പ് നിലനിറുത്തണമെന്നുമാണ് എന്റെ ഭേഗതികൊണ്ട് ഞാൻ ആവശ്യപ്പെടുന്നത്. മന്ത്രി അതു സ്വീകരിക്കുമെന്നു വിശ്വസിക്കുകയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: സർ, ഒറിജിനൽ ആക്ടിലെ സെക്ഷൻ 84-നു് യാതൊരു മാറ്റവും വരുത്തേണ്ട ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. കാമൺ സ്വീസ് ഉണ്ടാകുന്നതും 84-ാം വകുപ്പിൽ മാറ്റം വരുത്തുന്നതുമായി യാതൊരു ബന്ധവുമില്ല, സെക്ഷൻ 84-ൽ "The Council shall, subject to the qualifications prescribed by the council, with the approval of the Government appoint a Health Officer an Engineer and a Revenue Officer and such other officers as it may consider necessary, who shall be Heads of Departments working under the commissioner" ഈ ഭാഗത്തു്,

"subject to the qualifications prescribed by the Council" എന്നുള്ളതു മാറ്റി "subject to such rules as may be prescribed" എന്നു് ഭേഗത് വരുത്തുകയാണു് ചെയ്തിട്ടുള്ളതു്. ഇതുമൂലം കൗൺസിലിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം എടുത്തു കളയുകയാണു്. ഇതിനു് എന്തു ആവശ്യമുണ്ടായിയെന്നു് എനിക്കു് മനസ്സിലാകുന്നില്ല. കാമൺ സ്വീസിനു് ഇതുമായി യാതൊരു ബന്ധവുമില്ല. ഒരു കാർപ്പൊറേഷനെ സംബന്ധിച്ചിടത്തോളം ഹെൽത്താഫീസർ, ഇൻജിനീയർ, റവന്യൂ ആഫീസർ എന്നിവരുടെ കാളിഫിക്കേഷൻ നിശ്ചയിക്കാനും, അതിനു് ഗവണ്മെൻറിന്റെ അനുമതി വാങ്ങി ആളെ നിയമിക്കാനും കൗൺസിലിനു അധികാരം നൽകിയതു മാറ്റിക്കളയുന്നു. ഒരു ഹെൽത്താഫീസർ, ഇൻജിനീയർ, റവന്യൂ ആഫീസർ എന്നു പറഞ്ഞാൽ അവരുടെ കാളിഫിക്കേഷൻ നിശ്ചയിക്കാൻ സാധാരണഗതിയിൽ വിഷമമില്ല. ഒരു ഹെൽത്താഫീസറുടേയോ ഒരു ഇൻജിനീയറുടേയോ കാളിഫിക്കേഷൻ നിശ്ചയിക്കുന്നതിൽ കൗൺസിലിനു് തെറ്റുപറ്റാൻ വഴിയില്ല. ഇക്കാര്യത്തിൽ ഇതുവരെയുള്ള അനുഭവം എന്താണു്? ഒരു ഹെൽത്താഫീസറുടേയും, ഇൻജിനീയറുടേയും, റവന്യൂ ആഫീസറുടേയും കാളിഫിക്കേഷൻ എന്താണെന്നു് കാർപ്പൊറേഷൻ തന്നെ നോക്കി നിയമം നടത്തിയാൽ അതിൽ അബദ്ധം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഇതുവരെ ഉണ്ടായ അനുഭവം മറിച്ചല്ല. അതിനെന്തെങ്കിലും തെറ്റു പറ്റിയിട്ടുണ്ടെന്നു് ഭേഗതി ആവശ്യപ്പെടുന്നവർ ഇതുവരെ പറഞ്ഞിട്ടില്ല. ഏതായാലും കാർപ്പൊറേഷനിൽ ഡിപ്പാർട്ടുമെൻറു് ഹെഡ്ഡായി നിശ്ചയിക്കപ്പെടേണ്ട ഉദ്യോഗസ്ഥന്മാരെ ഗവണ്മെൻറിന്റെ അനുവാദത്തോടുകൂടി കാർപ്പൊറേഷനു് നിശ്ചയിക്കാമെന്നുള്ളതു് മാറേണ്ട യാതൊരാവശ്യവുമില്ല. ഗവണ്മെൻറിനു് മറ്റു വകുപ്പുകൾവഴി സിദ്ധിക്കുന്ന അധികാരം ഇപ്പോഴും പാസ്സാക്കിക്കഴിഞ്ഞിട്ടുള്ള ഇതിലെ പതിനൊന്നാം വകുപ്പുപ്രകാരം സിദ്ധിച്ചിട്ടുള്ള 'ഡിസാലവു്' ചെയ്യാനുള്ള അധികാരംകൊണ്ടും തൃപ്തി ആയില്ലെ? ആയില്ലെന്നാണു് ഒറിജിനൽ ആക്ടിലെ 84-ാം വകുപ്പിനു് മാറ്റം വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ ക്ലാസ്സ് പതിനാറിന്റെ നിൽപു് കണ്ടാൽ തോന്നുക. ഈ ഉദ്യോഗസ്ഥന്മാരുടെ നിയമനത്തിനു് ആസ്പദമായിട്ടുള്ള റൂളുകൾ ഗവണ്മെൻറു് പ്രിസ്ക്രൈബ് ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽമാത്രം കാർപ്പൊറേഷൻ പ്രവർത്തിക്കുകയും ചെയ്യണമെന്നാണു് വന്നുകൂടുന്നതു്. ഇതു് സ്വീകാര്യമല്ല. കാർപ്പൊറേഷനു് കൊടുത്തുകഴിഞ്ഞിട്ടുള്ള ഒരു അധികാരം തിരിച്ചെടുക്കുന്നതു് നല്ലതല്ല എന്നുണ്ടു് എന്റെ അഭിപ്രായം. ഭേദപ്പെട്ട രീതിയിൽ കാർപ്പൊറേഷൻ അധികാരത്തു കയ്യടക്കുന്ന രീതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രയോഗിക്കപ്പെട്ടമെന്നുള്ളതുകൊണ്ടും, യാതൊരു വിഷമവും ഇപ്പോൾ നിലവിലുള്ള 84-ാം വകുപ്പിൽ ഇല്ലാത്തതുകൊണ്ടും, ഇതുവരെയുള്ള പ്രവർത്തനത്തിൽ തകരാറുകൾ വന്നിട്ടുണ്ടെന്നു് കൂട്ടിക്കാണിക്കാൻ സാധിക്കാത്തതുകൊണ്ടും ഇതിലെ പതിനൊന്നാം വകുപ്പിന്റെ ആവശ്യമില്ല, അതിനെ ഞാൻ ശക്തിയായി എതിർക്കുന്നു. ഒറിജിനൽ ആക്ടിലെ 84-ാം വകുപ്പിനെ യാതൊരു മാറ്റവും വരുത്തേണ്ട ആവശ്യമില്ല ഗവണ്മെന്റിന്റെ അനുവാദം വാങ്ങണമെന്നുള്ളതിനു് ഒറിജിനൽ ആക്ടിൽതന്നെ പ്രൊവിഷനുണ്ടു്. അതുകൊണ്ടു് ക്ലാസ് പതിനാറു് ഡിലീറ്റുചെയ്യണമെന്നുള്ളതാണു് എന്റെ അഭിപ്രായം.

ശ്രീ. കെ. എ. ദാമോദരമേനോൻ : സർ, ഞാൻ ഈ ഭേദഗതി സ്വീകരിക്കുന്നില്ല. ഈ ബിൽ ആദ്യമായി ഇവിടെ അവതരിപ്പിച്ചപ്പോൾതന്നെ പറഞ്ഞിട്ടുള്ളതാണു്, പ്രധാനമായിട്ടുള്ള ഒരു ഭേദഗതി നിലവിലുള്ള നിയമത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നുവെന്നതു്. കാമൺസവ്വീസു് ഉണ്ടാക്കുകയെന്നുള്ളതാണു് ആ ഭേദഗതി. കാമൺസവ്വീസു് ഉണ്ടാക്കുന്നതു് ശരിയല്ലെന്നു് പല ബഹുമാനപ്പെട്ട മെമ്പറന്മാരും വാദിക്കുകയുണ്ടായി. അതെല്ലാം ഞാൻ ശ്രദ്ധാപൂർവ്വം കേൾക്കുകയുണ്ടായി, വളരെയേറെ ചർച്ചകൾക്കു ശേഷമാണു് കാമൺസവ്വീസു് രൂപീകരിക്കുന്നതു് നല്ലതാണെന്നുള്ള അഭിപ്രായമുണ്ടായതു്. ഒരു മുനിസിപ്പാലിറ്റിയിലോ, കാർപ്പൊറേഷനിലോ കോമൺ സവ്വീസു് രൂപീകരിക്കുമ്പോൾ അതിനുണ്ടായിരിക്കേണ്ട യോഗ്യതകളും മറ്റു കാര്യങ്ങളും നിശ്ചയിക്കുന്നതിനുള്ള അധികാരം മുനിസിപ്പാലിറ്റിക്കോ കാർപ്പൊറേഷനോ വിട്ടുകൊടുക്കുന്നതു ശരിയല്ല. അതിനുള്ള കാരണം കോഴിക്കോടു് കാർപ്പൊറേഷൻ നിശ്ചയിക്കുന്ന യോഗ്യതയായിരിക്കുകയില്ല, ഒരു പക്ഷെ തിരുവനന്തപുരം കാർപ്പൊറേഷൻ നിശ്ചയിക്കുന്നതു്. അതുപോലെതന്നെ എറണാകുളം മുനിസിപ്പാലിറ്റി നിശ്ചയിക്കുന്ന യോഗ്യതകൾക്കു് വിരുദ്ധമായിരിക്കും വടകര മുനിസിപ്പാലിറ്റി നിശ്ചയിക്കുന്നതു്. അങ്ങനെ വ്യത്യാസം വരാതിരിക്കുവാനും, തുല്യ രീതിയിലുള്ള യോഗ്യതകളും എല്ലായിടത്തും വരുന്നതിനും വേണ്ടിയാണു് ഇത്തരത്തിലുള്ള ഒരു വ്യവസ്ഥ ഇവിടെ കൊണ്ടുവന്നതു്. പിന്നൊന്നു് എനിക്കു് പറയുവാനുള്ളതു് ഈ അധികാരങ്ങൾ ഗവണ്മെന്റു് കൈയ്യടക്കുന്നുവെന്നു് പറയുന്നതു് ശരിയല്ലെന്നാണു്. കാരണം ആ അധികാരം ഒരു ബില്ല അവതരിപ്പിച്ചു് പബ്ലിക്കു് സവ്വീസു് കമ്മിഷനു് വിട്ടുകൊടുക്കാനാണു് തീരുമാനിച്ചിട്ടുള്ളതു്. കാമൺ സവ്വീസു് ഉണ്ടാക്കുമ്പോൾ പബ്ലിക്കു് സവ്വീസു് കമ്മിഷന്റെ അനുമതിയോടുകൂടി ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതു്. അതായിരിക്കും നല്ലതെന്നാണു് ഗവണ്മെന്റിന്റെ വിചാരം. അതുകൊണ്ടു് ഈ ഭേദഗതിയുടെ ആവശ്യമില്ല, അതു് സ്വീകരിക്കുന്നതുമില്ല.

The question that Clause 16 stand part of the Bill was put and carried.

Clause 16 was added to the Bill.

Clause 17:

Mr. Speaker : Amendment Nos. 20 by Shri E. P. Gopalan and No. 21 by Shri P. C. Raghavan Nair are for deletion of Clause 17, and are not is order. But they can oppose the Clause, if they desire.

Shri E. P. Gopalan : I oppose the Clause.

The question that Clause 17 stand part of the Bill was put and carried.

Clause 17 was added to the Bili.

Clause 18

The question the Clause 18 stand part of the Bill was put and carried.

Clause 18 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 19.

Mr. Speaker: Amendment Nos. 7 and 8 are for deletion of Clause 19 and they are not in order and need not be moved. Amendment No. 22 may be moved by Shri P. C. Raghavan Nair.

ശ്രീ. പി. സി. രാഘവൻനായർ: സർ, ഞാൻ എന്റെ ഭേഗതി അവതരിപ്പിച്ചുകൊള്ളുന്നു.

"22. In clause 19 (in the proposed new section 90, in sub section (2) add the following proviso: Provided that the recruitment may be made on district basis".

ഇതിലെ ക്ലാസ് പത്തൊൻപതു്, ഒറിജിനൽ ആക്ടിലുള്ള 90–ാം വകുപ്പിന്റെ ഭേഗതിയാണു്. കോർപ്പറേഷൻ നിയമത്തിലെ 90–ാം വകുപ്പുപ്രകാരം നിയമനത്തിന്റെ അധികാരം മുഴവനും കോർപ്പറേഷൻ കൗൺസിലിൽ നിക്ഷിപ്തമായിരുന്നു. 150 രൂപവരെ ശമ്പളമുള്ള ആളുകളെ നിയമിക്കാനുള്ള അധികാരം കമ്മീഷണറിലും, അതിനപ്പുറം ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കാനുള്ള അധികാരം കൗൺസിലിലും നിക്ഷിപ്തമായിരുന്നു. കമ്മീഷണർ നിയമനം നടത്തുന്നതു മേയറുടെ അനുമതിയോടുകൂടിയായിരിക്കണമെന്നുമുണ്ടു്. ഈ വ്യവസ്ഥ മാറ്റിയിട്ടു് ഇന്നു കാമൺസർവീസു് ആക്കണമെന്നു് ഒരു വ്യവസ്ഥയാണു കൊണ്ടുവന്നിട്ടുള്ളതു്. പ്രിൻസിപ്പൽ ആക്ടു് ചർച്ചചെയ്ത അവസരത്തിൽത്തന്നെ ഇതിനെ സംബന്ധിച്ചിടത്തോളമുള്ള ഒരു വാദം ഉണ്ടായിരുന്നു. കോർപ്പറേഷൻ പഞ്ചായത്തുകളിൽനിന്നും സാധാരണ മുനിസിപ്പാലിറ്റികളിൽനിന്നും വ്യത്യസ്തമായിട്ടുള്ള, അതിനു് ഉപരിയായിട്ടുള്ള, കൂടുതൽ അധികാരം നൽകിയിട്ടുള്ള, ഒരു തദ്ദേശസ്വയംഭരണ സമിതിയാണെന്നും അതുകൊണ്ടു് ഉയർന്ന നിലവാരത്തിലുള്ള ആ സമിതിക്കു് അതിന്റെ കീഴ്ജീവനക്കാരെ നിയമിക്കാനുള്ള മുഴവൻ അധികാരവും പരിപൂർണ്ണമായും ഉണ്ടായിരിക്കുമെന്നും, അതിലെ കമ്മീഷണറെ മാത്രമേ ഗവണ്മെന്റു സർവ്വീസിൽനിന്നും കൗൺസിലിന്റെ അനുമതിയോടുകൂടി ഗവണ്മെന്റിനു നിശ്ചയിക്കുവാൻ പാടുള്ളുവെന്നും ഒറിജിനൽ ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നു. ഉയർന്ന നിലവാരത്തിലുള്ള തദ്ദേശ സ്വയംഭരണ സമിതിയെന്നുള്ള നിലയിൽ കീഴ്ജീവനക്കാരെ നിയമിക്കാനുള്ള അധികാരം കോർപ്പറേഷൻ നിയമപ്രകാരം ഉറപ്പാക്കൊള്ളിച്ചിരുന്നതാണു്, അതു് എടുത്തു മാറ്റിയിട്ടു് കാമൺസർവീസു് എന്നുള്ള നിലയിൽ ഇപ്പോഴം കൊണ്ടുവന്നിരിക്കുകയാണു് ഈ ബില്ലിൽ. കാമൺസർവ്വീസിനെപ്പറ്റി ബഹുമാനപ്പെട്ടമന്ത്രി കുറച്ചുമുമ്പു് ഇവിടെ പറയുകയുണ്ടായി, ഓരോ മുനിസിപ്പാലിറ്റിയും, കോർപ്പറേഷനും അതാതിനു യോജിച്ച നിലയിലുള്ള പ്രത്യേക തരത്തിലുള്ള ഉദ്യോഗതസ്ഥികകളായിരിക്കും രൂപീകരിക്കുകയെന്നു്. അങ്ങനെ ചെയ്യുമെന്നു് എന്തിനാണു് ഭയപ്പെടുന്നതു്. ഇന്നയിന്ന യോഗ്യതകളുള്ള ആളുകളെ മാത്രമേ ഉദ്യോഗത്തിൽ നിയമിക്കാൻ പാടുള്ളുവെന്ന ഒരു പൊതുവ്യവസ്ഥയുണ്ടെങ്കിൽ അതിനു് എതിരായിട്ടു് ഒരു മുനിസിപ്പാലിറ്റിയും പ്രവത്തിക്കാൻ തയ്യാറാകുകയില്ല. അങ്ങനെ വ്യവസ്ഥകൾക്കു് എതിരായിട്ട പ്രവത്തിച്ചിട്ടുള്ള വല്ല മുനിസിപ്പാലിറ്റികളും ഉണ്ടെന്നു് ഉദാഹരണത്തിനെങ്കിലും ബഹുമാനപ്പെട്ട മന്ത്രിക്കു് ഈ സഭയിൽ പറയുവാനുണ്ടോ? ഏതെങ്കിലും കോർപ്പറേഷൻ നിയമവിരുദ്ധമായി പ്രവത്തിച്ചതിനു് വല്ല ഉദാഹരണവും പറയുവാനുണ്ടോ? പിന്നെ വെറും വാദത്തിനുവേണ്ടി പറയുകയാണു്. 27 മുനിസിപ്പാലിറ്റികളും രണ്ടു കോർപ്പറേഷനും ഇവിടെയുണ്ടു്. അവയിലുള്ള നിയമനത്തെ സംബന്ധിച്ചിടത്തോളം ചില സ്റ്റാൻഡിംഗ് ഓർഡേഴ്സ് ഇന്നു നിലവിലില്ലേ എന്നു് ഞാൻ ചോദിക്കുന്നു. പിന്നെ ഇതിൽ കാര്യമായി പറയുവാനുള്ള ഒരു വാദം സാമുദായിക പ്രാതിനിദ്ധ്യം പരിഗണിക്കണമെന്നുള്ളതാണു്. സാമുദായിക പ്രാതിനിദ്ധ്യം ഇവിടെ കിട്ടുന്നതിനുവേണ്ടിയാണു് ഈ കോമൺസർവീസു് രൂപീകരിക്കുന്നതെന്നു പറയുമായിരിക്കും. തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിൽ 922-ഓളം ജീവനക്കാരുണ്ടെന്നു് മനസിലാക്കാൻ സാധിച്ചിട്ടുണ്ടു്. അതിൽ തോട്ടി ജോലിയി

LIBRARY ARCHIVES Kerala Legislative Assembly

ലേർപ്പെട്ടിരിക്കുന്നവരായിരിക്കും അധികവും. ഇക്കാര്യത്തിൽ സാമുദായിക പ്രാതിനിദ്ധ്യം കൊണ്ടുവരേണമെന്ന അഭിപ്രായം ആക്കുമുണ്ടായിരുന്നില്ല. മറ്റുള്ള ജോലിയെ സംബന്ധിച്ചാണെങ്കിൽ സാമുദായിക പ്രാതിനിദ്ധ്യം പരിഗണിക്കാൻ ഇന്നുതന്നെ വ്യവസ്ഥയില്ലേ? കോർപ്പറേഷനോടു് അതിനെപ്പറ്റി ഗവണ്മെൻറിൽനിന്നും നിർദ്ദേശിച്ചിട്ടില്ലേ? നിയമനങ്ങളെല്ലാംതന്നെ സാമുദായിക പ്രാതിനിദ്ധ്യാടിസ്ഥാനത്തിൽ നടത്തണമെന്നു് ഇപ്പോഴത്തന്നെ ഗവണ്മെൻറിൽനിന്നും നിർദ്ദേശിച്ചിട്ടില്ലേ? നിർദ്ദേശിച്ചിട്ടുണ്ടെന്നാണു് എൻറെ അഭിപ്രായം. കോഴിക്കോടു് മുനിസിപ്പാലിറ്റി കോർപ്പറേഷൻ ആവുന്നതിനുമുമ്പുതന്നെ സാമുദായിക പ്രാതിനിദ്ധ്യത്തിൽ നിയമനങ്ങളും നടത്തണമെന്നുള്ള നയം അക്കാലത്തുതന്നെ ഗവണ്മെൻറിൽനിന്നും നിർദ്ദേശിച്ചിട്ടുള്ളതാണു്. ഇന്നും ആ നിലപാടു് സ്വീകരിച്ചുവരുന്നുണ്ടു്. കോഴിക്കോട്ട കാർപ്പറേഷനിൽ ഏതാണ്ടു് 800 ഓളം ജോലിക്കാരുണ്ടു്. അതിൽ നാന്നൂറോളം പേർ തോട്ടിജോലിയീൽ ഏർപ്പെട്ടിരിക്കുകയാണു്. ബാക്കിയുള്ള എല്ലാ നിയമനങ്ങളിലുംതന്നെ സാമുദായിക പ്രാതിനിദ്ധ്യം സ്വീകരിച്ചിട്ടുണ്ടു്, സ്വീകരിച്ചുവരുന്നുമുണ്ടു്. പൊതുജനങ്ങളിൽനിന്നോ ഉദ്യോഗാർത്ഥികളിൽനിന്നോ ആരുംതന്നെ, കോർപ്പറേഷൻറെ നിയമനത്തിൽ സാമുദായിക പ്രാതിനിദ്ധ്യം പരിഗണിക്കുന്നില്ലെന്നു ഇന്നുവരെ ആക്ഷേപം പുറപ്പെടുവിച്ചിട്ടില്ല. വല്ല മുനിസിപ്പാലിറ്റികളും അങ്ങനെ ചെയ്തിട്ടുണ്ടോയെന്നു് എനിക്കറിഞ്ഞുകൂടാ. കോഴിക്കോടു് കാർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഇന്നുവരെ അങ്ങനെയുള്ള ആവലാതിക്കു് ഇടയായിട്ടില്ല. ഇന്നു ഗവണ്മെൻറിൽനിന്നും നിർദ്ദേശിച്ചിട്ടുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ നിയമനങ്ങളും നടത്തിയിട്ടുള്ളൂ. അതുകൊണ്ടു് സാമുദായിക പ്രാതിനിദ്ധ്യം പാലിക്കാൻ വേണ്ടിയാണു് ഈ കോമൺ സർവ്വീസു് രൂപീകരിക്കുന്നതു് എന്നു പറയുന്നതു് തികച്ചും തെറ്റായിട്ടുള്ള ന്യായമാണു്. പിന്നെ ഉദ്യോഗസ്ഥന്മാരുടെ ആവശ്യത്തെ പരിഗണിച്ചാണെന്നു പറയുന്നു. കോഴിക്കോടു് കോർപ്പറേഷനിൽ ജോലി ചെയ്യുന്ന ഒരാളിനു് തിരുവനന്തപുരം കോർപ്പറേഷനിൽ വന്നു ജോലി നോക്കണമെന്നു തോന്നുകയില്ല. അതേപോലെ ഒരു മുനിസിപ്പൽ ജീവനക്കാരനു് അവിടെനിന്നും നാല്പതോ അൻപതോ നാഴിക അകലെയുള്ള മുനിസിപ്പാലിറ്റിയിൽ ട്രാൻസ്ഫറായി പോകണമെന്നു ആഗ്രഹം കാണുകയില്ല. അങ്ങനെ വല്ലവരും ആവശ്യപ്പെടുന്നുണ്ടെങ്കിൽ അവർ സഞ്ചാരപ്രിയന്മാരായിരിക്കും. ഒരു കോർപ്പറേഷൻ അതിർത്തിയിൽ കുടുംബവുമായി സ്ഥിരമായി ജീവിക്കുന്ന ഒരാളും ആ കോർപ്പറേഷൻ അതിർത്തിവിട്ടു് മറ്റൊരു സ്ഥലത്തേക്കു് ട്രാൻസ്ഫർ കിട്ടണമെന്നു ആവശ്യപ്പെടുമെന്നു തോന്നുന്നില്ല.

കോഴിക്കോടു് കാർപ്പറേഷനിലെ ഉദ്യോഗസ്ഥന്മാർതന്നെയും ഇതിനെതിരായി ഒരു പ്രമേയം പാസ്സാക്കിയിട്ടുള്ളതു് എനിക്കറിയാം. അവർ പറയുന്നതു് ഒരു കാമൺ സർവ്വീസു് ആവശ്യമില്ലെന്നാണു്. ഇന്നു കോഴിക്കോട്ട കാർപ്പറേഷനിൽ ജോലി നോക്കുന്ന ബഹുഭൂരിപക്ഷം ആളുകളും ആ കാർപ്പറേഷൻ അതിർത്തിയിൽപ്പെട്ടവരും അതിനു ചുറ്റുപാടുമുള്ള ആളുകളുമാണു്. അതുപോലെതന്നെ തിരുവനന്തപുരം കാർപ്പറേഷനിലെ ബഹുഭൂരിപക്ഷം ജീവനക്കാരും തിരുവനന്തപുരം കാർപ്പറേഷൻ അതിർത്തിയിൽപ്പെട്ടവരും അതിനു ചുറ്റുപാടും ജീവിക്കുന്നവരുമാണു്. അതു മാറിയിട്ടു് ഈ കാമൺ സർവീസു് എന്ന ഓമനപ്പേരിൽ ഇങ്ങനെയൊരു വ്യവസ്ഥ കൊണ്ടുവരുന്നതു് എന്തിനാണെന്നാണു ഞാൻ ചോദിക്കുന്നതു്. പബ്ലിക്കു് സർവീസു് കമ്മിഷൻറെ പരിധിയിൽ ഈ നിയമനം വിട്ടുകൊടുക്കാനാണെന്നു പറയുന്നു, പബ്ലിക്കു് സർവീസു് കമ്മിഷൻറെ പരിധിയിൽ വിട്ടുകൊടുക്കുന്നതു് ജാതിയും മതവും ജനിച്ച രാജ്യത്തിൻറെ അല്ലെങ്കിൽ നാഷണൽ ഇൻറഗ്രിറ്റിയുടെ അടിസ്ഥാനത്തിൽ ഉദ്യോഗം ആക്കും നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയാണു്. പക്ഷേ എന്താണു് അതിൻറെ ഫലം? തിരുവനന്തപുരം കാർപ്പറേഷനിലുള്ള ജീവനക്കാർ ഇന്നു തിരുവനന്തപുരത്തുകാർ തന്നെയാണു്. കോഴിക്കോട്ടുള്ളവർ കോഴിക്കോട്ടുകാരുമാണു്, ഇനി എറണാകുളം മുനിസിപ്പൽ കാർപ്പറേഷൻ വരികയാണെങ്കിൽ അവിടെ എറണാകുളത്തുള്ളവരുമായിരിക്കും, ഈ ഓമനപ്പേരോടു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻനായർ]

കൂടി വരുന്ന കാമൺ സർവ്വീസിൽ നിയമിക്കപ്പെടുന്ന ജീവനക്കാർ എവിടെ നിന്നു വരുന്നവരായിരിക്കുമെന്നാണു് ഞാൻ ചോദിക്കുന്നതു്. അപ്പോഴും പറയും, ഇതു പ്രാദേശികതലമല്ലേ, ഇങ്ങനെ പ്രാദേശികതലം പറയുവാൻ പാടുണ്ടോ എന്നു്. പ്രാദേശികതലംകൊണ്ടുമാത്രമല്ല ഞാൻ ഇതു പറയുന്നതു്. വിപുലമായ ചിന്താഗതി കൊണ്ടുതന്നെയാണു് ഞാനിതു് പറയുന്നതു്. സ്റ്റേറ്റു് അടിസ്ഥാനത്തിൽ നിയമനം പബ്ലിക്കു് സർവ്വീസു് കമ്മീഷൻ നടത്തുമ്പോൾ സ്റ്റേറ്റിലുള്ളവർക്കുതന്നെ ഉദ്യോഗം കൊടുത്തുകൊള്ളണമെന്നും ചട്ടമില്ല. എന്തുകൊണ്ടു് പഞ്ചാബിലേയും ബംഗാളിലേയും ആളുകളോടു് അപേക്ഷ അയയ്ക്കാൻ ആവശ്യപ്പെടുന്നില്ല. പബ്ലിക്കു് സർവ്വീസു് കമ്മീഷൻ ഇൻഡ്യയിലെ ഇതര ഭാഗങ്ങളിലെ ആളുകളോടു് അപേക്ഷ അയക്കുന്നതിനു് ആവശ്യപ്പെടാം. അതിൽ തെറ്റില്ല. പബ്ലിക് സർവ്വീസു് കമ്മീഷനിലേക്കു മറേതെങ്കിലും സ്റ്റേറ്റിലുള്ള ആളുകളും ഉദ്യോഗാർത്ഥികളായി അപേക്ഷിക്കുന്നുണ്ടെങ്കിൽ അങ്ങനെ അപേക്ഷിക്കാൻ പാടില്ലെന്നുവ്യവസ്ഥയില്ല. പ്രത്യേകിച്ചു ഇൻഡ്യൻ ഭരണഘടനാപ്രകാരം ഏതു സംസ്ഥാനത്തുള്ള ഏതു ജോലിക്കും ഏതു സ്റ്റേറ്റിലുള്ള പൗരനും അപേക്ഷിക്കാൻ വ്യവസ്ഥയുണ്ടു്. കേരളത്തിലുള്ള ആളുകളുംകൂടിതന്നെ ഇവിടെയുള്ള ഉദ്യോഗം കിട്ടുണമെന്നുണ്ടെങ്കിൽ അതു പ്രാദേശികതലമല്ലേ എന്നു ഞാൻ ചോദിക്കുകയാണു്. അതു് പ്രാദേശികതലമാണെങ്കിൽ ഇത്തരത്തിലൊരു പ്രാദേശികതലം ഒരു കാർപ്പറേഷൻ അതിത്തിയിലുണ്ടായാൽ അതിലെന്തു തെറ്റാണെന്നാണു് എനിക്കു ചോദിക്കാനുള്ളതു്? കോഴിക്കോടു് കാർപ്പറേഷനിലേക്കു് തിരഞ്ഞെടുക്കുന്ന ആളുകളും കോഴിക്കോടു ജില്ലയിൽനിന്നുതന്നെ നിയമിക്കപ്പെടുന്ന ആളുകളായിരിക്കണമെന്നു പറയുന്നതിൽ എന്താണു തെറ്റു്? തിരുവനന്തപുരം കാർപ്പറേഷനിലേക്കു് നിയമിക്കപ്പെടുന്ന ആളുകളും ഈ ജില്ലയിൽനിന്നുതന്നെ തിരഞ്ഞെടുക്കുന്നവരാണെന്നു പറയുന്നതിൽ എന്താണു് തെറ്റു്? ഇപ്പോഴും ഗവണ്മെന്റു കാമൺ സർവീസു് എന്നു പറഞ്ഞു് ഇതൊന്നു വിപുലീകരിക്കാനുള്ള പരിപാടിയാണു് കൊണ്ടുവരുന്നതു്. ഈ വിപുലപ്പെടുത്തലിന്റെ ഫലം എല്ലാവർക്കും വ്യക്തമായി കാണാൻ കഴിഞ്ഞിട്ടുണ്ടു്. കാമൺസർവ്വീസു് എന്നു പറഞ്ഞു് ഈ കോർപ്പറേഷൻ അതുത്തിയിലുള്ള ഒരാളിന്റെ ഉദ്യോഗം ഇല്ലാതാക്കുന്നതിനുള്ള പരിപാടിയോടു് എനിക്കു് യോജിക്കുവാൻ നിവൃത്തിയില്ല. ഇതുവരെ കൈകാര്യം ചെയ്തിട്ടുള്ള തരത്തിൽ ആ പ്രദേശത്തുള്ള ആളുകൾക്കു് ഉദ്യോഗം കൊടുത്തുവന്നിരുന്നതു് ഇല്ലാതാക്കുന്നതിനുള്ള ശ്രമത്തിൽ എന്റെ കൈകാര്യക്കു പങ്കില്ലെന്നാണു് എനിക്കു് വ്യക്തമായി പറയുവാനുള്ളതു്. മറ്റുള്ള സ്ഥലങ്ങളിലെ ആളുകളെ കൊണ്ടുവന്നിട്ടു് ഒരു കാർപ്പറേഷനിലോ മുനിസിപ്പാലിറ്റിയിലോ നിയമിക്കണമെന്നു പറയുന്ന വ്യവസ്ഥയോടു് ആരെങ്കിലും യോജിക്കുന്നില്ലെങ്കിൽ അതു പ്രാദേശികതലമാണെന്നു പറഞ്ഞു് എതിർക്കുന്നതിൽ എന്താണു് അർത്ഥം? അതു് പ്രാദേശികതലമാണെന്നു പറയുന്നുണ്ടെങ്കിലും അത്തരം പ്രാദേശിക മനോഭാവം യാതൊരു കാരണവശാലും തെറ്റാണെന്നു് എനിക്കഭിപ്രായമില്ല. കേരള പബ്ലിക്കു് സർവീസു് കമ്മീഷന്റെ നിയമനം വരുമ്പോഴും തിരുവനന്തപുരം കാർപ്പറേഷനിൽ ഇനി വരുന്ന നിയമനങ്ങളും മറ്റു പല പ്രദേശത്തുള്ളവർക്കുമായിരിക്കും കിട്ടുക. തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗം മലബാറിന്റെ വടക്കെ അറ്റത്തുള്ളവർക്കു് കൊടുക്കേണ്ടതില്ല എന്നാണു് എന്റെ അഭിപ്രായം. മലബാറിലുള്ള ആളുകളും ഈ തിരുവനന്തപുരം കാർപ്പറേഷന്റെ കീഴിൽ ഉദ്യോഗാർത്ഥികളായി ചടഞ്ഞുകൂടരുതെന്നാണു് എനിക്കു് പറയാനുള്ളതു്. കോഴിക്കോടു് കാർപ്പറേഷനിൽ തിരുവനന്തപുരത്തുനിന്നും കാസർകോട്ടുനിന്നും ആളുകളും ഉദ്യോഗാർത്ഥികളായി വരേണമെന്നു് എനിക്കു് തീരെ അഭിപ്രായമില്ല. അങ്ങനെ പറഞ്ഞാൽ ഒരുപക്ഷെ അതു് പ്രാദേശികതലമാണെന്നു പറഞ്ഞേക്കും. തിരുവനന്തപുരം പട്ടണത്തിൽ കോഴിക്കോട്ടെ ആളുകളും ഉദ്യോഗത്തിൽ വരുന്നതു് തടയുകതന്നെ വേണം. അവിടെയുള്ള ആളുകൾക്കു് ഇവിടെ ഉദ്യോഗം കൊടുക്കേണ്ടുന്ന ആവശ്യമില്ല. പ്രാദേശികതലം വരാതിരിക്കാൻവേണ്ടിയാണു് ഞാനിതു പറയുന്നതു്. അതുകൊണ്ടു് ഈ കാമൺസർവീസു് എന്നുള്ള പേർ പറഞ്ഞുകൊണ്ടു് ഇന്നു നിലവിലുള്ള ഉദ്യോഗങ്ങൾകൈക്കലാക്കി കടിഞ്ഞാണിടുന്ന ഒരു വ്യവസ്ഥയാണു് ഇതു്. അതുകൊണ്ടാണു് മുൻപത്തെ നിയമത്തിലുള്ള അതേ വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഇതിലും നിലനിറുത്തണമെന്ന പറയുവാൻ കാരണം. ഇനി അതു സ്വീകരിക്കാൻ നിവൃത്തിയില്ലാത്ത ഒരുപരിതഃസ്ഥിതിയാണെങ്കിൽ ഞാൻ മറെറാരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഇപ്പോഴം കൊണ്ടുവന്ന 19–ാം വകുപ്പിനശേഷം-

"Provided that the recruitment may be made on district basis". ഇപ്രകാരം വേണമെന്നാണു്. ഇത്തരത്തിലുള്ള കാമൺസർവീസ് ആകെ കൊണ്ടുവരികയാണെങ്കിൽതന്നെയും അതു ഡിസ്ട്രിക്റ്റു ബേസിസ്സിലായിരിക്കണമെന്നാണു് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഡിസ്ട്രിക്റ്റു് ബേസിസിലാണെങ്കിൽ ഈ പറഞ്ഞ അത്രയധികം വൈഷമ്യമുണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടു് ഈ ഡിസ്ട്രിക്റ്റു് അടിസ്ഥാനത്തിലുള്ള നിയമനം നടപ്പിൽവരുത്തി അതായതു ജില്ലാക്കാരായ ആളുകൾക്കെങ്കിലും സൗകര്യമുണ്ടാകത്തക്ക വിധത്തിൽ പ്രവത്തിക്കണമെന്നാണു് എനിക്കു് അഭ്യത്ഥിക്കാനുള്ളതു്. സാമുദായിക പ്രാതിനിദ്ധ്യത്തെ സംബന്ധിച്ചിടത്തോളം ഇന്നു നിലവിലുള്ള വ്യവസ്ഥകൾതന്നെ തുടരുവാനുംസാധിക്കും. ഇന്നു നിലവിലുള്ള സ്റ്റാൻഡിംഗ് ആർഡർപ്രകാരംതന്നെയും ജാതിയുടേയും മെരിറ്റിന്റെയും അടിസ്ഥാനത്തിൽ ഉദ്യോഗം കൊടുക്കാൻ സാധിക്കുന്നുണ്ടല്ലൊ. ജില്ലാ അടിസ്ഥാനത്തിൽ റിക്രൂട്ടുചെയ്യുന്ന വ്യവസ്ഥകൂടി ഏർപ്പെടുത്തുകയാണെങ്കിൽ എല്ലാ ജില്ലകളിലുമുള്ള മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അതതു ജില്ലക്കാരായ ആളുകളിൽനിന്നുതന്നെ ന്യായമായ വിധത്തിൽ യാതൊരാക്ഷേപങ്ങൾക്കും വിധേയമാകാതെ ഉദ്യോഗം ലഭിക്കാൻ കഴിയും. അതുകൊണ്ടു് എന്റെ ഭേദഗതി സ്വീകരിക്കാൻ ഞാൻ അഭ്യത്ഥിക്കുന്നു.

ശ്രീ. കെ. കൃഷ്ണപിള്ള: കാമൺസർവ്വീസ് ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഈ വകുപ്പിനെ ഞാൻ എതിർക്കുന്നു. ഇതു സംബന്ധിച്ചു് ഇവിടെ ചർച്ചകൾ നടന്നുകഴിഞ്ഞു. പ്രത്യേകമായി രണ്ടു കാരണങ്ങൾകൊണ്ടാണു് ഞാനിതിനെ എതിർക്കുന്നതു്. ഒന്നു് സ്വയംഭരണസ്ഥാപനങ്ങളുടെ അധികാരങ്ങൾ എടുത്തുകളയുവാൻ വേണ്ടിയുള്ള ശ്രമത്തിന്റെ ഒരു ഭാഗമാണു് ഇതു്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കു് ഇന്നത്തെ നിലയിൽ എംപ്ലായീസിനെ നിയമിക്കുന്നതിനുള്ള അധികാരമുണ്ടു്. ആ അധികാരങ്ങൾ ഈ വകുപ്പിൽക്കൂടി നഷ്ടപ്പെടുന്നു. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനത്തെ സംബന്ധിച്ചിടത്തോളം ഇതിനുള്ള അധികാരം പബ്ലിക്കു് സർവ്വീസ് കമ്മിഷനു വിട്ടുകൊടുക്കണമെന്നുവേണ്ടിയുള്ള ഒരു ബിൽ ഈ നിയമസഭയിൽവന്നു് സെലക്റ്റു കമ്മിറ്റിക്കു് പോയിട്ടുണ്ടെന്നാണു് തോന്നുന്നതു്. അതിന്റെ ചർച്ച നടക്കുമ്പോൾ ഞങ്ങൾ, ഈ ഭാഗത്തുള്ളവർ ഉണ്ടായിരുന്നില്ല. ഈ വകുപ്പുപ്രകാരം പബ്ലിക്കു് സർവീസ് കമ്മിഷനു് നിയമനാധികാരം വിട്ടുകൊടുക്കുന്നതിനെ ഞാൻ ശക്തിയായി എതിർക്കുന്നു. ഉദ്യോഗനിയമനത്തെ സംബന്ധിച്ചിടത്തോളം പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം നഷ്ടപ്പെടുന്നു. രണ്ടാമതു് ഈ കാമൺസർവീസ് വന്നു ഗവണ്മെൻറുദ്യോഗസ്ഥന്മാർ സ്വയംഭരണ സ്ഥാപനങ്ങളിൽവന്നാൽ അതിന്റെ പ്രവത്തനത്തിൽ സഹകരിക്കുകയില്ലെന്നാണു് എന്റെ അഭിപ്രായം. അതിന്റെ കാരണം ഞാൻ പറയാം. ഇപ്പോഴും ആം ഇൻഡ്യാ കേഡറിലുള്ള ഉദ്യോഗസ്ഥന്മാരുണ്ടു്. ആ ഉദ്യോഗസ്ഥന്മാരും സംസ്ഥാന ഗവണ്മെൻറുമായുള്ള ബന്ധം അത്രയേറെ സുഖകരമല്ലെന്നുള്ളതു് എല്ലാവർക്കും അറിയാം. ഈ. ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരെല്ലാം അതുപോലുള്ളവരാണു്. അവർ പ്രത്യേക വിഭാഗത്തിൽപ്പെട്ടവരാണെന്നും പ്രത്യേക അവകാശമുള്ളവരാണെന്നും ഉള്ള ഒരു ബോധം അവരെ സംബന്ധിച്ചിടത്തോളം ഉണ്ടാകാൻ ഇടയുണ്ടായിട്ടുണ്ടു്. അതിന്റെ ബുദ്ധിമുട്ടുകൾ ഗവണ്മെൻറിനെ സംബന്ധിച്ചായാലും ശരി, സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചായാലുംശരി ഉണ്ടാകാൻ ഇടയുണ്ടു്. ഗവണ്മെൻറുദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടിത്തോളം കാർപ്പറേഷനോ മുൻസിപ്പാലിറ്റികൾക്കോ അവരുടെ മേൽ യാതൊരു നിയന്ത്രണവും ഇല്ലാതെവരും. അങ്ങനെ അവരുടെ മേൽ യാതൊരു നിയന്ത്രണവുമില്ലാതെ വരുമ്പോൾ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവത്തനം കാര്യക്ഷമമായി നടപ്പിൽവരുത്താൻ സാദ്ധ്യമല്ലാതെ വരും. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കു് കൂടുതൽ കൂടുതൽ അധികാരങ്ങൾ ക്രമപ്രവർദ്ധമായി കൊടുക്കുകയല്ല ഇതുമൂലം ചെയ്യുന്നതു്. ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണപിള്ള]

അധികാരങ്ങൾ എടുത്തുകളയുവാനുള്ള ഒരു പരിശ്രമമാണ് ഇതുമൂലം നടത്തുന്നതു്. അങ്ങനെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനു തടസ്സമായി തീർന്നേക്കാവുന്ന ഈ വകുപ്പിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ: ഞാൻ ഈ ഭേദഗതി സ്വീകരിക്കുന്നില്ല

Mr. Speaker : Mr. P. C. Raghavan Nair, do you press your amendment ?

Shri P. C. Raghavan Nair : Yes, I press my amendment.

Amendment No. 22 moved by Shri P. C. Raghavan Nair, was put and lost.

Shri P. C. Raghavan Nair : Sir, I demand a poll.

A poll was taken when the House divided as follows :

Ayes—22.

1 Shri C. Achutha Menon
2 ,, P. C. Adichan
3 ,, K. Anirudhan
4 ,, C. K. Balakrishnan
5 ,, K. Bhargavan
6 ,, E. P. Gopalan
7 ,, N. Gopala Kurup
8 Smt. K. R. Gouri
9 Shri K. V. John
10 ,, K. Krishnan
11 ,, R. Krishnan
12 Shri K. Krishna Pillai
13 ,, S. Kumaran
14 ,, P. K. Kunjachan
15 ,, T. C. Narayanan Nambiar
16 ,, K. V. Narayanan
17 ,, P. C. Raghavan Nair
18 ,, T. K. Ramakrishnan
19 ,, P. Ravindran
20 ,, P. S. Srinivasan
21 ,, M. M. Sundaram
22 ,, M. V. Vasu

Noes—48.

1 Shri K. C. Abraham
2 ,, M. C. Abraham
3 ,, K. T. Achuthan
4 ,, M. A. Antony
5 ,, P. C. Balakrishnan Nambiar
6 ,, R. Balakrishna Pillai
7 ,, T. O. Bava
8 ,, P. Chacko
9 ,, P. C. Cherian
10 ,, K. A. Damodara Menon
11 ,, T. A. Dharmaraja Iyer
12 ,, P. R. Francis
13 ,, K. M. George
14 ,, P. Gopalan
15 ,, Malethu Gopinatha Pillai
16 ,, M. P. Govindan Nair
17 ,, A. L. Jacob
18 ,, George Joseph Podippara
19 ,, P. S. Karthikeyan
20 ,, T. Krishnan
21 ,, P. R. Krishnan
22 ,, N. S. Krishna Pillai
23 ,, P. Kumaran
24 ,, K. Kunhambu
25 Shri M. Kunhikannan Nambiar
26 ,, N. Kunjuraman
27 Smt. Kusumam
28 Shri P. Madhavan
29 ,, V. Madura
30 ,, M. M. Mathai
31 ,, T. Murugesan
32 Smt. A. Nafeesath Beevi
33 Shri K. Narayana Kurup
34 ,, M. Narayana Kurup
35 ,, Kuroor Neelakantan Namboodiripad
36 ,, E. P. Poulose
37 ,, A. A. Rahim
38 ,, R. Raghava Menon
39 ,, M. Ravindranath
40 ,, R. Sankar
41 Smt. O. T. Sarada Krishnan
42 ,, K. R. Saraswathi Amma
43 Shri C. M. Stephen
44 ,, K. T. Thomas
45 ,, T. A. Thomman
46 ,, P. P. Ummer Koya
47 ,, K. R. Vijayan
48 ,, K. K. Viswanathan

LIBRARY ARCHIVES Kerala Legislative Assembly

Neutrals—11

1	Shri	P. Abdul Majeed	7	Shri	K. Moideenkutty Hajee
2	,,	M. Alikunju Sastri	8	,,	C. M. Kutty
3	,,	K. Hassan Gani	9	,,	P. K. Narayanan Nambiar
4	,,	O. Koran	10	,,	P. Narayanan Thampi
5	,,	M. Krishnan	11	,,	P. Ramunni Kurup
6	,,	P. M. Kunhiraman Nambiar			

Mr. Speaker : Those for — 22
Those against — 48
Neutrals — 11

The amendment is lost.

The question that Clause 19 stand part of the Bill, was put and carried.

Clause 19 was added to the Bill.

Clause 9.

Mr Speaker : We will now take up clause 9 which was held over.

The question that Clause 9 stand part of the Bill, was put and carried.

Clause 9 was added to the Bill.

Mr. Speaker : Order, order. The House will now adjourn and meet again at 8 a. m. on Tuesday, the 25th February, 1964.

The House adjourned at 1 p. m. to meet again at 8 a. m. on Tuesday, the 25th February, 1964.

2/1405/V

LIBRARY ARCHIVES Kerala Legislative Assembly